# പൗരോഹിത്യ ശുശ്രൂഷയിൽ 50 വർഷങ്ങൾ പിന്നിടുന്ന ബഹു. വൈദികർ



## ബഹു. ജെയിംസ് കുമ്പുക്കൽ അച്ചൻ

ബഹു. ജെയിംസ് കുമ്പുക്കൽ അച്ചൻ താമരശ്ശേരി രൂപതയിലെ ആറക്കുളം എന്ന സ്ഥലത്ത് കുമ്പുക്കൽ ജോസഫ്, മേരി ദമ്പതികളുടെ മകനായി 1943 ഫെബ്രുവരി 29 ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. തുടർന്ന് കാർമ്മൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ഫിലോസഫി പഠനവും മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തിയോളജി പഠനവും പൂർത്തിയാക്കി, അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും 1970 ഡിസംബർ 18 ന് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രലിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് വാഴവറ്റ, നെടുമ്പാല, കുറുമ്പാല, പുതുശ്ശേരിക്കടവ്, തലഞ്ഞി, പാറത്തോട്ടം, കബനിഗിരി, കോട്ടത്തറ, മുള്ളൻക്കൊല്ലി, ഇടിവണ്ണ, മൂലേപ്പാടം, മഞ്ഞൂറ, എടപ്പെട്ടി എന്നീ ഇടവകകളിൽ വികാരിയായും ബോയിസ്ടൗണിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. സ്തുത്യർഹ സേവനത്തിനുശേഷം ഇപ്പോൾ ദ്വാരക വിയാനിഭവനിൽ വിശ്രമ ജീവിതം നയിക്കുന്നു. കഠിനാധ്വാനത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയായ അച്ചൻ കുടിയേറ്റ മേഖലകളിലെ തന്റെ പ്രവർത്തനങ്ങൾകൊണ്ട് ദൈവജനത്തിന്റെ ഹൃദയം കീഴടക്കിയവനാണ്.

ഒച്ചപ്പാടുകളും ബഹളങ്ങളുമില്ലാതെ ഒഴുകിയിറങ്ങുന്ന പുഴപോലെ ശാന്തമാണ് അച്ചന്റെ പൗരോഹിത്യ ജീവിതം. ഏതു പ്രതികൂല സാഹചര്യങ്ങളിലും തളരാത്ത മനസ്സുമായി വിശ്വാസജീവിതത്തിലും പൗരോഹിത്യജീവിതത്തിലും തന്നെ ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ കൃത്യതയോടും നിഷ്ഠയോടുംകൂടി ചെയ്തുതീർക്കാൻ പരിശ്രമിച്ചു എന്നുള്ളതാണ് ജെയിംസച്ചനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. അധ്വാനത്തിന്റെയും സഹനത്തിന്റെയും ആഴമേറിയ പ്രാർത്ഥനാ ജീവിതത്തിന്റെയും ഉടമയും മാതൃകയുമായ ഈ വന്ദ്യവൈദികന് മാനന്തവാടി രൂപതാകുടുംബത്തിന്റെ പേരിൽ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ ആശംസകൾ! പ്രാർത്ഥനകൾ!



## ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചൻ

ബഹു. കുര്യാക്കോസ് പറമ്പിലച്ചൻ, പറമ്പിൽ കുര്യൻ, മറിയം ദമ്പതികളുടെ മകനായി 1943 നവംബർ 29 ന് കടുത്തുരുത്തിയിൽ ജനിച്ചു. ഇൻഫന്റ് ജീസസ് എൽ.പി. സ്ക്കൂൾ മധുരവേലിൽ, സെന്റ് തോമസ് യു.പി. സ്കൂൾ കല്ലറ, സെന്റ് മിഖായേൽസ് ഹൈസ്ക്കൂൾ കടുത്തുരുത്തി എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. തുടർന്ന് പൂന പേപ്പൽ സെമിനാരിയിൽ നിന്നും ഫിലോസഫി പഠനവും തിയോളജി പഠനവും പൂർത്തിയാക്കി, അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ പിതാവിൽ നിന്നും 1970 ഡിസംബർ 20-ാം തീയതി തലശ്ശേരി അതിരൂപതാ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് എടൂർ പള്ളിയിൽ സഹവികാരിയായും പുത്തൂർവയൽ, കേണിച്ചിറ, ആടിക്കൊല്ലി, കോട്ടത്തറ, വെള്ളൂന്നി, തരിയോട്, തവിഞ്ഞാൽ, തെനേരി, പാതിരിപ്പാടം, കബനിഗിരി, പയ്യംമ്പള്ളി, അടയ്ക്കാത്തോട്, കാരയ്ക്കാമല, മക്കിയാട്, മൂലങ്കാവ് എന്നീ ഇടവകകളിലെ സ്തുത്യർഹസേവനത്തിന് ശേഷം ദ്വാരക വിയാനി ഭവനിൽ ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു.

വിശ്രമജീവിതത്തിലും ഇടവകകളെ തന്റെ ശുശ്രൂഷകൊണ്ട് ധന്യമാക്കാൻ അച്ചൻ വളരെയധികം ശ്രമിക്കുന്നുണ്ട്. തന്റെ സേവനം ആവശ്യമുള്ള ഇടവകകളിലേയ്ക്ക് കടന്ന് ചെല്ലാനും അവരുടെ ആത്മീയ കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകാനും അച്ചൻ വളരെ തല്പരനാണ്. ലളിതജീവിതവും പ്രാർത്ഥനാ ചൈതന്യവും കൊണ്ട് അച്ചൻ ആളുകളുടെ ഹൃദയത്തിൽ വലിയ സ്ഥാനം നേടിയെടുത്തിട്ടുണ്ട്. സൗഹൃദത്തിന്റെ വലയത്തിനുള്ളിൽ സൂക്ഷിക്കപ്പെട്ടതാണ് തീക്ഷ്ണമതിയായ ഈ അജപാലകന്റെ ഹൃദയം. ഓരോ ദേശത്തേയും സാധാരണക്കാരായ ആളുകളുമായി ആ സൗഹൃദം നീണ്ടുകിടക്കുന്നു. പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയിലേയ്ക്ക് പ്രവേശിക്കുന്ന പറമ്പിലച്ചന് മാനന്തവാടി രൂപതാ കൂട്ടായ്മയുടെ പ്രാർത്ഥനകൾ! ആശംസകൾ!

# പൗരോഹിത്യ ശുശ്രൂഷയിൽ
# 25 വർഷങ്ങൾ പിന്നിടുന്ന
## ബഹു. വൈദികർക്ക്
## ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ**
പൗരോഹിത്യ സ്വീകരണം 26 – 12 – 1995



**റവ.ഫാ. മാത്യു മൂത്തേടത്ത്**
പൗരോഹിത്യ സ്വീകരണം 28 – 12 – 1995



**റവ.ഫാ. ജോണി കല്ലുപുര**
പൗരോഹിത്യ സ്വീകരണം 02 – 01 – 1996



**റവ.ഫാ. പോൾ വാഴപ്പള്ളി**
പൗരോഹിത്യ സ്വീകരണം 04 – 01 – 1996

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 ജനുവരി - 2020 ലക്കം 01**

ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ .................................................................. 08
സർക്കുലർ .................................................................. 12
പുരോഹിതൻ സഭയുടെ വിശ്വാസത്തിന്റെ ശുശ്രൂഷകൻ 16
രൂപതാകച്ചേരി വാർത്തകൾ .................................... 22
വൈദിക സമ്മേളനം - റിപ്പോർട്ട് ............................ 23
വൈദികരുടെ മാസധ്യാനം ...................................... 25
മതബോധനരംഗം ....................................................... 28
ചെറുപുഷ്പ മിഷൻലീഗ് ........................................... 33
Department of Youth Ministry ............................................... 41
കെ.സി.വൈ.എം ........................................................ 43
കുടുംബപ്രേഷിതത്വം ................................................ 50
സീയോൻ വാർത്തകൾ .............................................. 54
ജീസസ് യൂത്ത് ........................................................ 56
വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... 58
സാമൂഹ്യ സേവനരംഗം (WSSS) .................................. 61
ബയോവിൻ അഗ്രോ റിസർച്ച് .................................. 66
റേഡിയോ മാറ്റൊലി .................................................. 69
നീലഗിരി ഡവലപ്മെന്റ്............................................... 74
ജയിൽ മിനിസ്ട്രി ........................................................ 76
Mary Matha Arts & Science College .......................... 77
വിദ്യാഭ്യാസ മേഖല ................................................... 80
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 83
ബിഷപ്സ് പ്രോഗ്രാം ................................................ 84

# സർക്കുലർ

***Circular Letter No. 15/2019***
***Prot. No. 22618/2019***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ വൈദിക സഹോദര ങ്ങളേ, പ്രിയ സന്ന്യസ്തരേ, പ്രിയ സഹോദരങ്ങളേ,

കഴിഞ്ഞ പതിനെട്ട് വർഷങ്ങളായി നമ്മുടെ രൂപതയിൽ സമരിറ്റൻ ഭവൻ എന്ന പേരിൽ ഒരു വൃദ്ധസദനം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് നിങ്ങൾക്ക് ഏവർക്കും അറിവുള്ളതാ ണല്ലോ. നമ്മുടെ രൂപത സ്ഥാപിച്ചതിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് നമ്മുടെ രൂപതയുടെ മുൻ മെത്രാനും നമുക്കെല്ലാവർക്കും പ്രിയപ്പെട്ട പിതാവുമായിരുന്ന അഭിവന്ദ്യ മാർ ഇമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ നേതൃത്വത്തിൽ 2002 ലാണ് സമരിറ്റൻ ഭവൻ ആരംഭിച്ചത്. ഈ സ്ഥാപനം തുടങ്ങുവാനായി ഈ രൂപതയിലെ എല്ലാ വൈദികരും ഉദാരമായി സംഭാവന ചെയ്തിട്ടുണ്ട് എന്ന വസ്തുത പ്രത്യേകം എടുത്തുപറയേണ്ടതാണ്. അതിലെ അന്തേവാസികളെ ശുശ്രൂഷിക്കാനും ആ സ്ഥാപനത്തിന്റെ അനുദിന കാര്യങ്ങൾ നോക്കി നടത്തുവാനുമായി അഗതി കളുടെ സഹോദരിമാരുടെ സന്യാസസമൂഹം (സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട്) മുന്നോട്ടുവരുകയും അന്നുമുതൽ ഇന്നുവരെ വളരെ ഭംഗിയായി അക്കാര്യം നിർവഹിക്കുകയും ചെയ്യുന്നു. നാളിതുവരെ സമരിറ്റൻ ഭവനിൽ ശുശ്രൂഷ ചെയ്ത എല്ലാ സഹോദരിമാരെയും നന്ദിപൂർവ്വം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. സമയാസമയങ്ങളിൽ അവരെ ഈ സ്ഥാപനത്തിലേയ്ക്ക് പറഞ്ഞയച്ച എല്ലാ അധികാരി കൾക്കും ഈ അവസരത്തിൽ നന്ദി പറയുന്നു. രൂപതയുടെ പ്രൊക്കുറേറ്റർമാരാണ് ഈ സ്ഥാപനത്തിന്റെ ഡയറക്ടർ മാരായി വരുന്നത്. കാലാകാലങ്ങളിൽ ഈ സ്ഥാപനത്തിന്റെ ഡയറക്ടർമാരായി വന്ന എല്ലാ ബഹുമാനപ്പെട്ട വൈദികരെയും നന്ദിയോടെ ഓർക്കുന്നു.

സമരിറ്റൻ ഭവന്റെ നടത്തിപ്പിനായി നമുക്ക് പ്രത്യേകം വരുമാനങ്ങൾ ഒന്നുമില്ല, രൂപതയുടെ പൊതു ഫണ്ടിൽനിന്നും, വിദേശികളും സ്വദേശികളുമായ ഉദാരമതികളുടെ സംഭാവന കൊണ്ടുമാണ് ഈ സ്ഥാപനം നടന്നു പോകുന്നത്. പല ഇടവകകളും, ഇടവകകളിലെ സംഘടനകളും, ഉദാരമതികളായ വ്യക്തികളും പണവും ഭക്ഷണസാധനങ്ങളും മറ്റുമായി അവരുടെ വിശേഷ അവസരങ്ങളിൽ ഈ സ്ഥാപനത്തിൽ ഓടി എത്താറുണ്ട്. മാനന്തവാടിയിലെയും പരിസരപ്രദേശങ്ങളി ലെയും അനേകം കച്ചവടക്കാരും പൊതുജനസംഘടനകളും ഇത്തരത്തിൽ സംഭാവന ചെയ്യാറുണ്ട്. ഇക്കാര്യത്തിൽ ജാതിമതഭേദം ഒന്നുമില്ല. അന്തേവാസികളുടെ ചികിത്സ നിർ വഹിക്കപ്പെടുന്നത് മാനന്തവാടി ജില്ലാ ആശുപത്രിയിലും രൂപതയുടെ ഉടമസ്ഥതയിലുള്ള സെന്റ് ജോസഫ്സ് ആശു പത്രിയിലുമാണ്. സമരിറ്റൻഭവന്റെ ചുറ്റുപാടും വൃത്തി യാക്കുന്നതിനും അന്തേവാസികളായ പുരുഷന്മാരുടെ മുടി മുറിക്കുന്നതിനും മറ്റുമായി ചുറ്റുപാടുള്ള സെമിനാരി വിദ്യാർ ത്ഥികളും സന്യസ്ത ഭവനങ്ങളിൽ നിന്നുള്ള അർത്ഥികളും സ്ഥിരമായി വരുന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. പല സംഘടനകളും ഇങ്ങനെ ചെയ്യുന്നുണ്ട്.

സമരിറ്റൻ ഭവനിൽ ഇപ്പോൾ 11 പുരുഷന്മാരും 10 സ്ത്രീകളും ഉണ്ട്. ഇവിടെ പ്രവേശനം ലഭിക്കുന്നവർ ഒന്നുകിൽ ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അല്ലെങ്കിൽ സന്ന്യസ്ത ഭവനങ്ങളിലെ സുപ്പീരിയർമാർ എന്നിവരാൽ അയയ്ക്കപ്പെടുന്നവരാണ്. മാനന്തവാടി പോലീസും അവരുടെ കയ്യിൽ ലഭിക്കുന്ന ഇത്തരം വ്യക്തികളെ എത്തിക്കാറുമുണ്ട്. അവരുടെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാ സഹകരണ ങ്ങളും കിട്ടുന്നു എന്നുമാത്രമല്ല ചുരുക്കം അവസരങ്ങളിൽ ഭക്ഷണവും കലാപരിപാടികളുമായി അവർ സമരിറ്റൻ ഭവനിൽ എത്താറുമുണ്ട്.

സമരിറ്റൻ ഭവൻ അന്തേവാസികളിൽ സ്ഥിരമായി അവിടെ കഴിയുന്നവരും പ്രത്യേക കുടുംബസാഹചര്യങ്ങളാൽ ഏതാനും നാളത്തേയ്ക്ക് വരുന്നവരുമുണ്ട്. പലരും മക്കളാൽ ഉപേക്ഷിക്കപ്പെട്ടവരാണ്. ചുരുക്കമായി ചിലർ മരുന്നിനും

മറ്റുമുള്ള തുക അവരുടെ സ്വന്തം സമ്പാദ്യത്തിൽ നിന്നും തന്നുകൊണ്ടിരിക്കുന്നു. ഇവിടെയുള്ളവരിൽ ആരെങ്കിലും മരിച്ചാൽ അവരെ കൊണ്ടുവന്നാക്കിയ ഉത്തരവാദിത്വപ്പെട്ട ആളുടെ ചുമതലയിലാണ് സംസ്കാര ചടങ്ങുകൾ നടത്തുന്നത്. അങ്ങനെ ആരും ഇല്ലാത്ത സാഹചര്യങ്ങളിൽ സമരിറ്റൻ ഭവൻ നേരിട്ട് സംസ്കാര ചടങ്ങുകൾ നടത്താറുണ്ട്. ഇതുവരെ സമരിറ്റൻ ഭവനിൽ ജീവിച്ച് മരണമടഞ്ഞവർ 34 പുരുഷന്മാരും 25 സ്ത്രീകളുമാണ്. കൂടാതെ, 115 പേർ ഇവിടെ താമസിച്ചശേഷം തിരിച്ചു പോയിട്ടും ഉണ്ട്.

കഴിഞ്ഞ രണ്ടു വർഷങ്ങളായി സമരിറ്റൻ ഭവനിൽ കിട്ടുന്ന സംഭാവനയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്, അതുകൊണ്ട് തന്നെ അതിന്റെ നടത്തിപ്പിന് നന്നേ ബുദ്ധിമുട്ടുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ പ്രളയം ഇതിനൊരു കാരണമാകാം. ഭക്ഷണത്തിനും മറ്റുമായി 95,000 രൂപയാണ് ഒരു മാസം ചെലവഴിക്കുന്നത്. സംഭാവനയായി ലഭിക്കുന്ന സാധനങ്ങൾക്ക് പുറമേയാണ് ഇത്. 25 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച കെട്ടിടം ആയതിനാലും, മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം ആയതിനാലും, സമരിറ്റൻ ഭവൻ കെട്ടിടത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അതിനാൽ അതിന്റെ അറ്റകുറ്റപ്പണികൾക്ക് അടിയന്തരമായി പണവും കണ്ടെത്തേണ്ടതുണ്ട്. അഗതികൾ എങ്കിലും മാന്യമായ താമസസ്ഥലം നാം ഒരുക്കേണ്ടതുണ്ടല്ലോ. ഏകദേശ കണക്കനുസരിച്ച് 25 ലക്ഷം രൂപയെങ്കിലും ഉണ്ടെങ്കിലേ അറ്റകുറ്റപ്പണി നടത്തി കെട്ടിടം വാസയോഗ്യമാക്കാൻ പറ്റുകയുള്ളൂ. അത്രയും തുക രൂപതയുടെ പൊതുഫണ്ടിൽ നിന്ന് കണ്ടെത്താൻ ബുദ്ധിമുട്ടാണ്. അതിനാൽ ഉദാര മതികളുടെ സംഭാവന ഞാൻ തേടുകയാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം ഇടവകകളിൽ അറിയിക്കുകയും സംഭാവനകൾ സ്വീകരിച്ച് ബഹുമാനപ്പെട്ട പ്രൊക്കുറേറ്റർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ സന്യാസ ഭവനങ്ങളെയും ഈ ഉദ്യമത്തിലേക്ക് ക്ഷണിക്കുന്നു. നേരിട്ട് ഏൽപ്പിക്കാൻ താൽപര്യ

മുള്ളവർക്ക് അങ്ങനെ ചെയ്യാവുന്നതാണ്. സംഭാവനകൾ നൽകാൻ ആഗ്രഹിക്കുവർ താഴെ കാണുന്ന അക്കൗണ്ട് വഴിയോ

**Catholic Syrian Bank**
**Mananthavady Branch**
**0063-02151700-190001**
**IFSC: CSBK0000063**

Roman Catholic Diocsee of Mananthavady എന്ന പേരിൽ ചെക്ക് എഴുതി **Procurator, Bishop's Hosue, PB No. 1, Mananthavady 670 645 –** എന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണ്. 10,000 രൂപയ്ക്ക് താഴെ ആണെങ്കിൽ മാത്രമേ സംഭാവനകൾ നേരിട്ട് ബിഷപ്സ് ഹൗസിൽ പണമായി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഏവർക്കും പുത്തനാണ്ടിന്റെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ,



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2020 ജനുവരി മാസം 5-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

Ref: 3242/K-5/KCBC/OL/DS

# മിസ്സിയോ ദേയി 2020

## പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ചയായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസത്തിൽ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠനശിബിരങ്ങളും ചർച്ചകളും മിഷണറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിതമാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശുശ്രൂഷയുടെ പ്രഥമ പരിഗണനാ വിഷയമാക്കിമാറ്റാനും പ്രേഷിതവർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് 'ദൈവികദൗത്യം' എന്നർത്ഥം വരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നൽകിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ.3:16). സമയത്തിന്റെ പൂർണ്ണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങളിലൂടെയും ദൈവിക പദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയുംമേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ.2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻവേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്ത്യംവരെ എല്ലാ

ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ.28:19-20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനും വേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ അപ്പോസ്തോലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടുത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടുന്നിൽ നിന്നാണ് സഭ പ്രേഷിതദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പോസ്തോലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടുന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

**പ്രേഷിത മാനസാന്തരം**

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ

സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നൽകുന്നുണ്ട്. സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിത മാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യ ത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടു മുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ച റിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിത രൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിത ശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തി കൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കു കയും ചെയ്യുക.

"എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും" (മത്താ 24:14) പ്രഘോഷിക്കാനുള്ള സഭ യുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാ മേഖലകളിലും സംഭവിക്കണം. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു" (2 കോറി 5:14) എന്ന പൗലോസ് അപ്പോസ്തോ ലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായി രിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമ സോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭ വിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്ക മുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലു ണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജ പാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തര മാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാര ങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യ മാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപ

മാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസപരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിതവർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

# പുരോഹിതൻ: സഭയുടെ വിശ്വാസത്തിന്റെ ശുശ്രൂഷകൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: ശ്ലീഹ 24,1–27)**

പൗലോസ് ദേശാധിപനായ ഫെലിക്സിനു മുമ്പിൽ കുറ്റാരോപണത്തിനു വിധേയനാകുന്നതും അതിനു പൗലോസ് മറുപടി നല്കുന്നതുമായ ഭാഗമാണ് ഈ വചനഭാഗം. പ്രധാനപുരോഹിതനും അഭിഭാഷകനായ തെർത്തുളൂസുംകൂടെ ഫെലിക്സിന്റെ പക്കൽ ഔദ്യോഗികമായി പൗലോസിനെതിരെ പരാതി നല്കുന്നു. പൗലോസ് അതിനു മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ ഫെലിക്സ് വിസ്താരം മാറ്റിവയ്ക്കുകയും പൗലോസിനെ തടവിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം ഇപ്രകാരം വിഭജിക്കാം:

1. പൗലോസിനെതിരെ കുറ്റാരോപണം (24,1–9)
2. പൗലോസ് ആരോപണം നിഷേധിക്കുന്നു (24,10–13)
3. പൗലോസ് തന്റെ നിലപാടു വിശദീകരിക്കുന്നു (24,14–21)
4. വിസ്താരം മാറ്റിവയ്ക്കപ്പെടുന്നു (24,22–23)
5. പൗലോസ് ഫെലിക്സിന്റെ തടങ്കലിൽ (24,24–27)

പൗലോസിന്റെ വിശ്വാസസ്ഥൈര്യമാണ് ഈ ന്യായവാദത്തിൽ പ്രകടമാകുന്നത്. പുരോഹിതൻ 'വിശ്വാസികളുടെ സമൂഹ'മായ (ശ്ലീഹ 4,32) സഭയുടെ ശുശ്രൂഷകനാണ്. സഭാംഗങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കേണ്ടവനാണ്. അതുകൊണ്ട് ഈ വചനഭാഗം പുരോഹിതർക്ക് പ്രചോദനാത്മകമാണ്.

## 1. പുരോഹിതൻ: ദൈവപരിപാലനയിൽ വിശ്വസിച്ച് പ്രതിസന്ധികളെ തരണംചെയ്യുന്നവൻ

"*അഞ്ചു ദിവസം കഴിഞ്ഞ് പ്രധാനപുരോഹിതനായ അനനിയാസ് ഏതാനും ജനപ്രമാണികളോടും അഭിഭാഷകനായ തെർത്തുളൂസിനോടുംകൂടെ അവിടെയെത്തി. അവർ ദേശാധിപതിയുടെ മുമ്പാകെ പൗലോസിനെതിരായി പരാതിപ്പെട്ടു. അവനെ കൊണ്ടുവന്നപ്പോൾ തെർത്തുളൂസ് ഇങ്ങനെ കുറ്റാരോപണം തുടങ്ങി: അഭിവന്ദ്യനായ ഫെലിക്സേ, നിന്റെ ഭരണത്തിൽ ഞങ്ങൾ വളരെ സമാധാനം അനുഭവിക്കുന്നു എന്നതും നിന്റെ പരിപാലനംവഴി* ഈ ദേശത്ത് പല പരിഷ്കാരങ്ങളും നടപ്പാക്കപ്പെട്ടിരിക്കുന്നു എന്നതും ഞങ്ങൾ എല്ലായിടത്തും എല്ലായ്പ്പോഴും കൃതജ്ഞതാപൂർവ്വം അംഗീകരിക്കുന്നു" (24,1–3).

പൗലോസിനെ കേസറിയായിലേക്കു വിട്ട അവസരത്തിൽ സൈന്യാധിപൻ യഹൂദന്മാരോട് അവരുടെ പരാതി ഗവർണറുടെ അടു

ക്കൽ നേരിട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് അഞ്ചു ദിവസങ്ങൾക്കുശേഷം മഹാപുരോഹിതനും സമുദായനേതാക്ക ന്മാരിൽ ചിലരും ചേർന്ന് ഒരു അഭിഭാഷകനെയുംകൂട്ടി കേസറിയായി ലെത്തി അന്യായം സമർപ്പിച്ചു. സത്യത്തിനു നിരക്കാത്തവിധം ഗവർണറെ ക്രമാതീതമായി പുകഴ്ത്തി അദ്ദേഹത്തിന്റെ ആനുകൂല്യം പിടിച്ചെടുക്കുവാൻ കരുതിക്കൂട്ടി തയ്യാറാക്കിയതായിരുന്നു ആ അന്യായം. പൗലോസിനെതിരായി മൂന്നു പരാതികളാണ് അതിലുന്ന യിക്കുന്നത്: 1. റോമാസാമ്രാജ്യത്തിലെങ്ങുമുള്ള യഹൂദജനങ്ങളുടെയിട യിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച് അവരുടെ സ്വൈര്യജീവിതം നശിപ്പിക്കുന്ന ഒരു വിപ്ലവകാരിയാണ് പൗലോസ്. 2. നസ്രായരെന്നറിയപ്പെടുന്ന ഒരു വിഘടിത ജനവിഭാഗത്തിന്റെ പ്രമുഖനേതാവാണ് അയാൾ (24,5). 3.ദേവാലയത്തെ അശുദ്ധമാക്കാൻ അയാൾ ശ്രമിച്ചു (24,6).

ഈ ആരോപണങ്ങളൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. മൂന്നാമത്തെ പരാതിയുടെ അടിസ്ഥാനം, പട്ടണത്തിൽവച്ച് എഫേ സോസുകാരനായ ഒരു വിജാതീയനെ പൗലോസിനോടുകൂടി കണ്ടു എന്നതു മാത്രമായിരുന്നു. പൗലോസ് ഈ സന്ദർഭത്തിൽ ശാന്തമായി വർത്തിക്കുകയും അതോടൊപ്പം ആരോപണങ്ങൾക്ക് മറുപടി പറയാൻ ഒരുങ്ങുകയുമായിരുന്നു. കാരണം, സുവിശേഷപ്രഘോഷണത്തിനു പോകുമ്പോൾ മിശിഹായെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരു ടെയും മുമ്പിലേക്കു നയിക്കപ്പെടുമ്പോൾ “നിങ്ങൾ ആകുലപ്പെടേ ണ്ടെന്നും, നിങ്ങൾ പറയേണ്ടത് ആ സമയത്ത് നിങ്ങൾക്കു നല്കപ്പെടു മെന്നും, നിങ്ങളിലൂടെ സംസാരിക്കുന്നത് നിങ്ങളുടെ പിതാവിന്റെ ആത്മാ വായിരിക്കു”മെന്നും (മത്താ 10,19-20) പൗലോസിനറിയാമായിരുന്നു. അതുകൊണ്ട് ഇപ്രകാരമുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകു മ്പോൾ പുരോഹിതനും, ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് അവയെ ശാന്തമായി നേരിടുവാൻ പഠിക്കണം.

**2. പുരോഹിതൻ: നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുന്നവൻ**

*“ദൈവത്തിന്റെയും മനുഷ്യരുടെയുംനേർക്ക് എല്ലായ്പ്പോഴും, നിഷ്കളങ്കമായ മനസ്സാക്ഷി പുലർത്താൻ ഞാൻ അത്യന്തം ശ്രദ്ധാലു വാണ്. വളരെ വർഷങ്ങൾക്കുശേഷം ഞാൻ വന്നത് എന്റെ ജനത്തിന് ദാനധർമ്മങ്ങൾ എത്തിക്കാനും കാഴ്ചകൾ സമർപ്പിക്കാനുമാണ്. ഞാൻ അതു നിർവഹിക്കുന്നതിനിടയിൽ ശുദ്ധീകരണം കഴിഞ്ഞ് ദൈവാലയ ത്തിലായിരിക്കുമ്പോഴാണ് ഇവർ എന്നെ കണ്ടത്. എന്റെകൂടെ ജനക്കൂട്ട മൊന്നും ഇല്ലായിരുന്നു; ബഹളമൊന്നും ഉണ്ടായതുമില്ല”* (24,16-18).

പൗലോസ് തന്റെ മറുപടിയിൽ പ്രത്യേകം എടുത്തുപറയുന്ന ഒരു കാര്യം താൻ ദൈവത്തിന്റെയും മനുഷ്യരുടെയുംമുമ്പിൽ തന്റെ മന

സ്സാക്ഷി ശുദ്ധമായിരിക്കാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതാണ്. നല്ല മനസ്സാക്ഷി ശരിയായ വിശ്വാസത്തിൽനിന്നും രൂപംകൊള്ളുന്ന ഒന്നാണ്. മനുഷ്യരുടെ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് അവരുടെ മനസ്സാക്ഷിയാണ്. ശരിയും തെറ്റും വിവേചിച്ചറിയാൻ കഴിവുള്ളത് മനുഷ്യനു മാത്രമാണ്. തന്റെ മനസ്സാക്ഷിക്ക് അനുസൃതമായിട്ടാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നല്ല മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃത്തികളും നല്ലതായിരിക്കും. ചീത്ത മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃത്തികളും ചീത്തയായിരിക്കും.

മനസ്സാക്ഷിക്ക് ശരിയായ രൂപീകരണം കൊടുക്കേണ്ടത് ആവശ്യമാണ്. അതിനനുസൃതമായിട്ടാണ് അതു നല്ലതും ചീത്തയുമാകുന്നത്. അതു രൂപപ്പെടുത്തുന്നതിന് ഒരു മാനദണ്ഡമുണ്ട്. അതു പ്രധാനമായും അയാളുടെ മതപരമായ വിശ്വാസമാണ്. തന്റെ വിശ്വാസത്തിനു പ്രാധാന്യം കൊടുത്തു ജീവിച്ചതുകൊണ്ടാണ് പൗലോസിന് നല്ല മനസ്സാക്ഷിയോടെ ജീവിക്കുവാൻ സാധിച്ചത്. ഈ വിശ്വാസത്തിന്റെ ആധികാരികതയെപ്പറ്റിയാണ് അതിനു തൊട്ടുമുമ്പേ പൗലോസ് പറയുന്നത്: "നിയമത്തിലും പ്രവചനഗ്രന്ഥങ്ങളിലും എഴുതപ്പെട്ടിരിക്കുന്നവയെല്ലാം ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു" (24,14). യഹൂദർ വിശ്വസിക്കുന്ന പഴയനിയമവും പ്രവാചകന്മാരും അതിന്റെ പൂർണ്ണത കണ്ടെത്തുന്നത് ക്രിസ്തീയവിശ്വാസത്തിലാണെന്നും അതിൻപ്രകാരം രൂപപ്പെടുത്തപ്പെട്ട നല്ല മനസ്സാക്ഷിയോടെയാണ് താൻ ജീവിക്കുന്നതെന്നുമാണ് പൗലോസ് അവകാശപ്പെടുന്നത്. പുരോഹിതൻ ക്രിസ്തീയവിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തപ്പെട്ട മനസ്സാക്ഷിയുള്ളവനും, അപ്രകാരമുള്ള മനസ്സാക്ഷിയുള്ളവരാകുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

**3. പുരോഹിതൻ: ഉത്ഥാനത്തിൽ വിശ്വസിക്കുന്നവൻ**

*"എന്നാൽ അവിടെ ഏഷ്യക്കാരായ ചില യഹൂദന്മാരുണ്ടായിരുന്നു. അവർക്ക് എന്റെ പേരിൽ എന്തെങ്കിലും പരാതിയുണ്ടായിരുന്നെങ്കിൽ അവർ നിന്റെ മുമ്പിലെത്തി അതു സമർപ്പിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ഞാൻ ആലോചനാസമൂഹത്തിന്റെ മുമ്പാകെ നിന്നപ്പോൾ എന്തു കുറ്റമാണ് എന്നിൽ കണ്ടെതെന്ന് ഈ നില്ക്കുന്നവർ പറയട്ടെ. മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നതെന്ന് അവരുടെ നടുക്കു നിന്നപ്പോൾ വിളിച്ചു പറഞ്ഞതൊഴികെ മറ്റൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല"* (24,19-21).

യഹൂദ അഭിഭാഷകൻ തനിക്കെതിരായി ഉയർത്തിയ ആരോപണങ്ങൾക്ക് പൗലോസ് മറുപടി പറയുന്നു. വെറും പന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പാണ് പൗലോസ് ജറുസലേമിൽ എത്തിയത്. അതിൽ അഞ്ചു ദിവസം

കേസറിയായിൽ ആയിരുന്നു. ബാക്കി ഏഴു ദിവസമേ അദ്ദേഹം ജറുസലേമിൽ ഉണ്ടായിരുന്നുള്ളു. ആ ചെറിയ കാലയളവിൽ നടന്ന കാര്യങ്ങൾ എളുപ്പത്തിൽ അന്വേഷിക്കാവുന്നതാണ്. താൻ ഒരിടത്തും പ്രക്ഷോഭണം ഉണ്ടാക്കിയിട്ടില്ല. താൻ നസ്രായരുടെ കൊള്ളത്തലവനാണെന്ന് പറയുന്നതിൽ കഴമ്പില്ല. യഹൂദമതത്തിന്റെ ഒരു ഭാഗമായ ക്രിസ്തുമതത്തിന്റെ അനുയായി എന്ന നിലയിലാണ് യഹൂദരെല്ലാം ആരാധിക്കുന്ന ദൈവത്തെ താൻ ആരാധിക്കുന്നതെന്നും പൗലോസ് ബോധിപ്പിച്ചു. യഹൂദനിയമത്തിലും പ്രവാചകന്മാരിലും എഴുതപ്പെട്ടതെല്ലാം പൗലോസും വിശ്വസിക്കുന്നുണ്ട്. യഹൂദരുടെയിടയിലെ ഫരിസേയരെപ്പോലെ പൗലോസ് ഉൾപ്പെട്ട ക്രൈസ്തവരും ദുഷ്ടരുടെയും ശിഷ്ടരുടെയും ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരാണ് (24,11-15).

"മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നത്" (24,21) എന്ന് പൗലോസ് പ്രത്യേകം എടുത്തുപറയുന്നു. ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ മിശിഹായുടെ ഉത്ഥാനവും മരിച്ചവരുടെ പുനരുത്ഥാനവുമാണ്. "മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,13-14). ഉത്ഥാനത്തിലും അന്ത്യാത്മകയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കാത്ത ഒരു പ്രതിഭാസം ഇന്നു സഭാംഗങ്ങളിൽപോലും കാണപ്പെടുന്നുണ്ട്. ആദ്ധ്യാത്മികാനുഭവങ്ങൾ പലർക്കും ഭൗതിക സുസ്ഥിതിയെ പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി പരിണമിക്കുന്നുമുണ്ട്. സുവിശേഷപ്രഘോഷകർപോലും ക്രൈസ്തവജീവിതത്തിന്റെ അന്ത്യാത്മകമാനങ്ങൾ വിസ്മരിക്കുന്നു. അതുകൊണ്ട് പുരോഹിതൻ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവനും അന്ത്യാത്മകയാഥാർത്ഥ്യങ്ങൾ പ്രഘോഷിക്കുന്നവനുമാകണം.

**4. പുരോഹിതൻ: അനുദിന കുരിശുകൾ ശക്തിയാക്കി മാറ്റുന്നവൻ**

"*മാർഗ്ഗത്തെക്കുറിച്ച് കൂടുതൽ നന്നായി അറിയാമായിരുന്ന ഫെലിക്സാകട്ടെ, സഹസ്രാധിപനായ ലീസിയാസ് വന്നിട്ട് നിങ്ങളുടെ കാര്യം ഞാൻ തീരുമാനിക്കാം എന്നു പറഞ്ഞുകൊണ്ട് വിസ്താരം മറ്റൊരവസരത്തിലേക്കു മാറ്റിവച്ചു. അവനെ തടവിൽ സൂക്ഷിക്കണമെന്നും, എന്നാൽ കുറേയൊക്കെ സ്വാതന്ത്ര്യം അനുവദിക്കണമെന്നും സ്വന്തക്കാരിലാരെയും അവനെ പരിചരിക്കുന്നതിൽനിന്ന് തടയരുതെന്നും അവൻ ശതാധിപന് കല്പന കൊടുത്തു*" (24,22-23).

ആ ദിവസത്തെ കോടതിക്രമം പൂർത്തിയായി. എന്നാൽ ന്യായാധിപനായ ഗവർണർ വാദം പൂർത്തിയാക്കി വിധി പറഞ്ഞില്ല. അതിനുകരം പട്ടാള അധികാരി ലീസിയാസ് വരുന്നതുവരെ വിധി പറയുന്നത് മാറ്റിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം താൻ വിധി പറയാമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. അതോടൊപ്പം പൗലോസിനെ സംബന്ധിച്ച ഒരു കല്പനയും കൊടുത്തു: അദ്ദേഹത്തെ സുരക്ഷിതമായി കാക്കണം; അദ്ദേഹത്തിന് അല്പം സ്വാതന്ത്ര്യം കൊടുക്കണം; അദ്ദേഹത്തിന്റെ ആവശ്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽനിന്ന് സുഹൃത്തുക്കളെ വിലക്കരുത്. അങ്ങനെ രണ്ടു വർഷത്തിലധികം നീണ്ടുനില്ക്കുന്ന കാരാഗൃഹവാസം അവിടെ ആരംഭിച്ചു.

പൗലോസിനെതിരെ ഒരു ആരോപണവും തെളിയിക്കാൻ യഹൂദനേതാക്കന്മാർക്കു കഴിയാതിരുന്നതിനാൽ യാതൊരു തടസ്സവും കൂടാതെ ഗവർണർക്ക് പൗലോസിനെ കാരാഗൃഹത്തിൽനിന്നു സ്വതന്ത്രനാക്കാമായിരുന്നു. പക്ഷേ, അയാൾ അങ്ങനെ ചെയ്തില്ല. ഇപ്രകാരം അന്യായമായ രീതിയിൽ തടവുശിക്ഷ അനുഭവിച്ചപ്പോഴും പൗലോസ് തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചു. പൗലോസിന്റെ കാഴ്ചപ്പാടിൽ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹാ വിളിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1 കൊറി 1,23-24). പുരോഹിതൻ ഇപ്രകാരം മറ്റുള്ളവരുടെ മാനുഷിക താല്പര്യങ്ങളുടെ ഫലമായി ഉണ്ടാകുന്ന അനുദിന കുരിശുകൾ വഹിക്കേണ്ടവനാണ്. അപ്രകാരമുള്ള കുരിശുകളെ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ പുരോഹിതനു കഴിയണം.

**5. പുരോഹിതൻ: സഭാവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവൻ**

"*കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫെലിക്സ്, യഹൂദയായ ഭാര്യ ദ്രൂസില്ലായോടൊപ്പം വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അവനിൽനിന്നു കേട്ടു. അവൻ നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചപ്പോൾ ഫെലിക്സ് ഭയപ്പെട്ട് ഇങ്ങനെ പറഞ്ഞു: തല്ക്കാലം നീ പൊയ്ക്കൊള്ളുക. ഇനിയും എനിക്കു സമയമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം*" (24,24-25).

ലീസിയാസ് വരുമ്പോൾ താൻ ഇക്കാര്യത്തിൽ ഒരു വിധി പറയാം എന്ന് ന്യായാധിപനായ ഗവർണർ പറഞ്ഞിരുന്നുവെങ്കിലും (24,22) അയാൾ തന്റെ വാക്കു പാലിച്ചില്ല. വിധി പറയൽ നീട്ടിക്കൊണ്ടു പോവുകയും രണ്ടു വർഷത്തിലധികം, ചെയ്യാത്ത കുറ്റത്തിന്, പൗലോസ് തടങ്കലിൽ കഴിയുകയും ചെയ്തു. തന്റെ കാലാവധി കഴിഞ്ഞ് ഫെലിക്സ്

കേസറിയാ വിട്ടു പോയപ്പോൾപ്പോലും അയാൾ പൗലോസിനെ സ്വതന്ത്രനാക്കിയില്ല. അതിനു രണ്ടാമതൊരു കാരണവുംകൂടി ലൂക്കാ ഇവിടെ രേഖപ്പെടുത്തുന്നുണ്ട്: "യഹൂദരോടു ആനുകൂല്യം കാണിക്കാൻ ആഗ്രഹിച്ചതിനാൽ ഫെലിക്സ് പൗലോസിനെ തടവുകാരനായിത്തന്നെ വിട്ടിട്ടുപോയി" (24,27).

ഈ രണ്ടു വർഷക്കാലം പൗലോസ് തടവിലായിരുന്നപ്പോൾ ഫെലിക്സും ഭാര്യ ദ്രൂസില്ലായും വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അയാളിൽനിന്നു കേൾക്കുമായിരുന്നു (24,24). 'ദ്രൂസില്ലാ' ഫെലിക്സ് അന്യായമായി കൂടെ കൊണ്ടു നടന്നിരുന്ന ഭാര്യയായിരുന്നു. അതുകൊണ്ടായിരിക്കാം പൗലോസ് അയാളോട് നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചതും, അതു കേട്ടപ്പോൾ ഫെലിക്സ് ഭയപ്പെട്ടതും (24,25). ഇതിനു സമാനമായ ഒരു സംഭവം സ്നാപകയോഹന്നാനും ഹേറോദേസ് അന്തിപ്പാസും തമ്മിലുള്ള കണ്ടുമുട്ടലിലും സംഭവിച്ചതായി വി. മർക്കോസ് രേഖപ്പെടുത്തുന്നുണ്ടല്ലോ (മർക്കോ 6,17-20). ഏതായാലും ഇതിൽനിന്നും നാം മനസ്സിലാക്കുന്നത് പ്രതികൂല സാഹചര്യങ്ങളിലും പൗലോസ് സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്നാണ്. ഇതിനു സമാനമായ സാഹചര്യങ്ങൾ പുരോഹിതനുമുണ്ടാകാം. അപ്പോഴെല്ലാം ധൈര്യപൂർവ്വം വിശ്വാസത്തിനു സാക്ഷ്യം നല്കാൻ പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. പ്രതിസന്ധികളുടെ മദ്ധ്യേ ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് ശുശ്രൂഷയിൽ വിശ്വസ്തതയോടുകൂടി നിലനില്ക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. ബുദ്ധിമുട്ടുകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ഉത്ഥാനത്തിലും യുഗാന്തയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കുവാനും ആ വിശ്വാസം പ്രഘോഷിക്കുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
4. അനുദിനജീവിതത്തിലെ കുരിശുകൾ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ എനിക്കു കഴിയുന്നുണ്ടോ?
5. വിപരീതസാഹചര്യങ്ങളിലും സഭയുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോർജ്ജ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 6 വരെ രൂപതാകച്ചേരി അവധിയായിരിക്കും

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സമ്മേളനം-റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു സമ്മേളനം 2019 ഡിസംബർ 11 ന് മാനന്തവാടി രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 2019 ജൂൺ 10 ന് തലശ്ശേരി അതിരൂപതയുടെ സന്ദേശ ഭവനിൽവച്ച് നടന്ന സാമന്തരൂപതകളുടെ സംയുക്ത വൈദീക സമ്മേളനത്തിലെ തീരുമാന പ്രകാരം പ്രസ്തുത യോഗത്തിൽ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞരളക്കാട്ട്, ബൽത്തങ്ങാടി രൂപതാ മെത്രാൻ മാർ ലോറൻസ് മുക്കുഴി, ഭദ്രാവതി രൂപതാ മെത്രാൻ മാർ ജോസഫ് അരുമച്ചാടത്ത്, താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി എന്നിവർ പങ്കെടുത്തു. രാവിലെ പത്തരയ്ക്കു പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ബഹു. ജിന്റോ തട്ടുപറമ്പിലച്ചൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം യോഗത്തിന് സ്വാഗതം ആശംസിച്ചു. ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് യോഗത്തിനു അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ആമുഖപ്രഭാഷണം നടത്തി. തുടർന്ന് തലശ്ശേരി രൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് വിഷയാവതരണം നടത്തി. വിശുദ്ധ കുർബാന സഭയുടെ ഐക്യത്തിന്റെ കൂദാശയാണ്. വിശുദ്ധ കുർബാന അർപ്പണത്തിലെ ഭിന്നിപ്പ് സഭയിലെ മുഴുവൻ ഭിന്നിപ്പിന് കാരണമാകുന്നു. ആരാധനാക്രമത്തിലെ ഏകീകരണം ഉണ്ടായാൽ സഭയുടെ തകർച്ച ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം കുറയും. വിശുദ്ധ കുർബാന അർപ്പണത്തിന്റെ ഏകീകരണം ഇന്ന് സഭ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും ഒരു പരിഹാരത്തിന് തുടക്കമാകും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വിശുദ്ധ കുർബാന അർപ്പണത്തിന്റെ ഏകീകരണം നമ്മുടെ ഈ പ്രോവിൻസിൽ നിന്ന് ആരംഭിക്കാൻ നാം ഒറ്റക്കെട്ടായി നിൽക്കണമെന്ന് ആർച്ച് ബിഷപ്പ് ആഹ്വാനം ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ വൈദികർ തങ്ങളുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും ആശങ്കകളും പങ്കുവച്ചു. സഭയിലെ എല്ലാ രൂപതകൾക്കും വേണ്ടി സിനഡു പിതാക്കന്മാർ ഒരുമിച്ച് എടുക്കുന്ന ഏതൊരു തീരുമാനവും അനുസരിക്കാൻ തയ്യാറാണെന്ന് വൈദികർ അറിയിച്ചു. വിശുദ്ധ കുർബാനക്രമത്തിന്റെ പുതുതായി നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളെക്കുറിച്ച് വൈദികർ ഉന്നയിച്ച സംശയങ്ങൾക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി

പിതാവ് മറുപടി നല്കി. തുടർന്ന് സാമന്തരൂപതകളിൽ നിന്നുള്ള മറ്റു പിതാക്കന്മാർ തങ്ങളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പങ്കുവച്ചു. മലബാറിലെ രൂപതകളെല്ലാം ഒരു രൂപതയിൽ നിന്നും ഉത്ഭവിച്ചതാണ്. അതുകൊണ്ടുതന്നെ സഭയുടെ ഒരു പൊതുവായ കാര്യത്തിന് ഈ പ്രോവിൻസ് ഒന്നായിരിക്കണം എന്ന് മാർ ലോറൻസ് മുക്കുഴി പിതാവ് ഓർമ്മിപ്പിച്ചു. ഒരുമ എപ്പോഴും ആധികാരികത നൽകുമെന്ന് അരുമച്ചാടത്ത് പിതാവ് അഭിപ്രായപ്പെട്ടു. നല്ല തീരുമാനങ്ങൾ നല്ല മാറ്റങ്ങൾ നമ്മിലേയ്ക്ക് എത്തിക്കുമെന്ന് ഇഞ്ചനാനിയിൽ പിതാവ് പറഞ്ഞു.

തുടർന്ന് അഭിവന്ദ്യ ജോസ് പിതാവ് രൂപതയുടെ പൊതുവായ കാര്യങ്ങളെക്കുറിച്ച് അറിയിപ്പുകൾ നല്കി. നമ്മുടെ രൂപതയുടെ അഗതി മന്ദിരമായ സമരിറ്റൻ ഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഭംഗിയായി പോകുന്നതിന് എല്ലാ ഇടവകകളും കൂടുതൽ ഉദാരമായി സഹകരിക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. അതുപോലെതന്നെ വീടുകളിൽ നടക്കുന്ന മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകളുടെ അവസരത്തിൽ ലഭിക്കുന്ന തുകയുടെ പകുതി സമരിറ്റൻ ഭവന്റെ പ്രവത്തനങ്ങൾക്കായി മാറ്റിവയ്ക്കണം എന്ന് പിതാവ്  ഓർമ്മിപ്പിച്ചു. രൂപതാ അനുരഞ്ജന കമ്മിറ്റി ജനുവരി 1 മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും, അനുരഞ്ജന കമ്മിറ്റിയിലേയ്ക്ക് ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചൻ, ബഹു. ശാന്തിദാസ് മുതുകാട്ടിലച്ചൻ, ബഹു. ജെയിംസ് പുത്തൻപറമ്പിൽ അച്ചൻ, ബഹു. ജോർജ്ജ്  മൈലാടൂരച്ചൻ, ബഹു. പോൾ മുണ്ടോളിക്കലച്ചൻ എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടതെന്നും പിതാവ് അറിയിച്ചു. രൂപതാ കച്ചേരിയിലേയ്ക്ക് വിവാഹ അനുവാദത്തിനായി അപേക്ഷിക്കുമ്പോൾ രൂപതാ നിയമാവലി അനുസരിച്ച് അപേക്ഷകൾ തയ്യാറാക്കണമെന്നും ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. ഇടവകകൾക്കായി തയ്യാറാക്കിയിരിക്കുന്ന പാരീഷ് ആപ്പ് ഫലപ്രദമായി ഉപയോഗിക്കണമെന്നും പിതാവ് അഭ്യർത്ഥിച്ചു.

യോഗത്തിന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ നന്ദി പറഞ്ഞു. ഉച്ചകഴിഞ്ഞ് മൂന്നര മണിക്ക് രൂപതാ ഗാനത്തോടെ യോഗം അവസാനിച്ചു.

**ഫാ. ചാക്കോ പുല്ലൻകുന്നേൽ**
ചാൻസലർ

## നീലഗിരി മേഖല

നീലഗിരി മേഖലയിലെ വൈദികരുടെ മാസധ്യാനം ഡിസംബർ 10 ന് ഗൂഡല്ലൂരുള്ള പുതിയ റീജണൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ എല്ലാവരേയും സ്വാഗതം ചെയ്തു. ബഹു. ഫാ. ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ TOR നോമ്പുകാല ധ്യാനചിന്തകൾ പങ്കുവച്ചു. ബഹു. ഫാ. ജെയിംസ് മാങ്കോട്ടിൽ ജപമാല നയിച്ചു. തുടർന്ന് നടന്ന ചർച്ചയ്ക്ക് നീലഗിരി റീജണൽ ഡയറക്ടർ ബഹു. ഫാ. തോമസ് മണക്കുന്നേൽ നേതൃത്വം നൽകി. മാതൃവേദി മേഖലാ ഡയറക്ടർ ബഹു. ഫാ. സജി പുതുകുളങ്ങര മാതൃവേദി രൂപതാ വാർഷികം 2019 ഡിസം. 14ന് മാനന്തവാടിയിൽ വച്ച് നടക്കുമെന്ന കാര്യം അറിയിച്ചു. ഓരോ ശാഖയിലും ബൈബിൾ എഴുതി പൂർത്തിയായവരുടെ ലിസ്റ്റ് ഡിസംബർ 20 ന് മുൻപായി മേഖലയിൽ എത്തിക്കണം എന്ന് അറിയിച്ചു. മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ ചെയിൻ റോസറി ഡിസംബർ 1 മുതൽ 31 വരെ, ഗർഭസ്ഥശിശുക്കൾ, അംഗപരിമിതർ എന്നിവരുടെ നിയോഗാർത്ഥം നടത്തുവാൻ തീരുമാനിച്ചു. CML മേഖലാ ഡറക്ടർ റവ. ഫാ. സജി ഇളയിടത്ത് പുൽക്കൂട് തേടി നോമ്പുകാല ചിന്തകൾ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കുന്നു എന്നു അറിയിച്ചു. ക്രിസ്തുമസ് കരോൾ ഗാനമത്സര വീഡിയോ ഡിസംബർ 22 നുള്ളിൽ അയച്ചു തരണമെന്നു ഓർമ്മിപ്പിച്ചു. തിരുബാലസഖ്യ മേഖലാ കലോത്സവം 2020 ജനുവരി 14 ന് മൺവയൽ ശാഖയിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു. മേഖലാ വചനതാര മത്സരം ജനുവരി 14 ന് നടത്തുവാൻ തീരുമാനിച്ചു. NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ, കൂൺ കൃഷി പരിശീലന ക്ലാസ്സ് ഡിസംബർ 14-ാം തീയതി ഗൂഡല്ലൂരിൽ വച്ച് നടത്തപ്പെടുമെന്നും താല്പര്യമുള്ള 10 പേരെങ്കിലും ഒരു യൂണിറ്റിൽ നിന്നും പങ്കെടുപ്പിക്കണമെന്നും അറിയിച്ചു. KCYM ഡയറക്ടർ ബഹു. റോബിൻ അച്ചൻ, KCYM മാനന്തവാടി രൂപതാ രജത ജൂബിലി വർഷ ക്രിസ്തുമസ്സ് ബംബർ ഭവന നിർമ്മാണ പദ്ധതി 2019 - 20 കൂപ്പൺ എല്ലാവർക്കും വിതരണം ചെയ്തു. അസാധാരണ മിഷൻ മാസാചരണത്തെ കുറിച്ച് നീലഗിരി റീജിയണിലെ മതാദ്ധ്യാപകർക്കായി നടത്തിയ ഉപന്യാസ മത്സരത്തിൽ 1-ാം സ്ഥാനം കയ്യൂന്നി, 2-ാം സ്ഥാനം പനംചിറ, കൽപ്ര, കയ്യൂന്നി, 3-ാം സ്ഥാനം കയ്യൂന്നി എന്നിങ്ങനെ സമ്മാനങ്ങൾ കരസ്ഥമാക്കിയെന്നു ബഹു.തോമസ് മണക്കുന്നേലച്ചൻ അറിയിച്ചു. തുടർന്ന് മേഖലാ രൂപതാ

+1, +2 Sunday School കുട്ടികളുടെ പരീക്ഷ ഫെബ്രു. 2 നും, 1 മുതൽ 10 വരെ ഉള്ളവർക്ക് പരീക്ഷ ഫെബ്രു. 22 നും ആണെന്ന് അച്ചൻ അറിയിച്ചു. Safe Envornment Seminar കയ്യൂന്നിയിൽ വച്ച് ഡിസംബർ 15 ന് നടത്താൻ തീരുമാനിച്ചു. Kunnalady CMI Ashram Superior ബഹു. ജോർജ്ജച്ചൻ നന്ദി അർപ്പിച്ചു. അടുത്ത മാസധ്യാനം CMI ആശ്രമത്തിൽ വച്ച് ജനുവരി 7 ന് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**

റീജണൽ സെക്രട്ടറി

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ വൈദിക കൂട്ടായ്മ ഡിസംബർ 10-ാം തീയതി ചാരിറ്റി സെന്റ് ജോർജ്ജ് ദേവാലയത്തിൽ വച്ച് നടന്നു. ബഹു. ഫാ. ടോണി താന്നിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ധ്യാന ചിന്തയും ആരാധനയും ബഹു. ഫാ. ബിജോയ് അരിമറ്റം നടത്തി. തുടർന്ന് ബഹു. ഫാ.സോമി വടയാപറമ്പിൽ നാമഹേതുക തിരുനാൾ ആചരിക്കുന്നവരെയും ജന്മദിനമാചരിക്കുന്നവരെയും ആദരിക്കുകയും ഒരു മാസത്തെ കാര്യങ്ങൾ വിലയിരുത്തി സംസാരിക്കുകയും ചെയ്തു. ബഹു. ജിമ്മി ഓലിക്കൽ ഡിസംബർ 29 ന് നടക്കുന്ന +2 സംഗമം രാവിലെ 9.30 മുതൽ 4.00 വരെയാണെന്നറിയിച്ചു. ബഹു. ഷിജു പുളിന്താനത്തച്ചൻ ഡിസംബർ 14 ന് കല്പറ്റ ഫൊറോന പള്ളിയിൽ വച്ച് രാവിലെ 9.30 മുതൽ 2 മണി വരെ നടത്തപ്പെടുന്ന എയ്ഞ്ചൽ മീറ്റിനെ കുറിച്ചും വചനതാര തിരുബാലസംഖ്യ മത്സരത്തെ കുറിച്ചും അറിയിച്ചു. ബഹു. ഫ്രാൻസിസ് നെല്ലിക്കുന്നേലച്ചൻ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 15 ന് നടക്കുന്ന ബേത്‌ലഹേം ബീറ്റ്സ്, കേക്ക് ഡെക്കറേഷൻ, ബത്‌ലഹേം വിഷസ്, ക്രിസ്തുമസ് രുചി എന്നിവയെക്കുറിച്ച് അറിയിച്ചു. ബഹു. ജിജോ വാത്തേലിയച്ചൻ കെ.സി.വൈ.എം.ന്റെ ഇലക്ഷൻ ഡിസംബർ 15 ന് കൽപ്പറ്റയിൽ വച്ചു നടക്കുമെന്ന് അറിയിച്ചു. തുടർന്ന് ക്രിസ്തുമസിനോട് അനുബന്ധിച്ച് ഒരോ ഇടവകയിലും നടക്കേണ്ട കുമ്പസാരത്തെക്കുറിച്ച് തീരുമാനിച്ചു. ക്ലരീഷൻ ഭവനത്തിൽ ഒരുക്കിയ വിഭവ സമൃദ്ധമായ ഭക്ഷണത്തിനൊടുവിൽ ബഹു. സിബി പുളിക്കൽ CMI എല്ലാവർക്കും നന്ദി പറയുകയും അടുത്ത മാസധ്യാനം നടക്കുന്ന ലക്കിടിയിലേക്ക് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി**

സെക്രട്ടറി

**ബത്തേരി ഫൊറോന**

ഡിസംബർ മാസത്തെ ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 10-12-2019 ചൊവ്വാഴ്ച വടക്കനാട് സെ.ജോസഫ്സ് ദേവാലയത്തിൽ വച്ച് നടന്നു. ഫാ. ജോർജ്ജ് കപ്പൂച്ചിൻ ധ്യാനചിന്തകൾ പങ്കുവച്ചു. മർക്കോസിന്റെ സുവിശേഷത്തിലെ അത്തിമരത്തെ ശപിക്കുന്ന ഉപമയെ ആധാരമാക്കി കാപട്യമില്ലാത്ത മനസ്സിന്റെ ഉടമകളാകാൻ അച്ചൻ ഉദ്ബോധിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് ഫൊറോനാ വികാരി ഫാ. ജെയിംസ് പുത്തൻപറമ്പിൽ നേതൃത്വം നല്കി. തുടർന്ന് വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. മതബോധനം, പ്ലസ് വൺ രൂപതാ സംഗമത്തിന് എല്ലാ ക്രമീകരണവും മേഖലയിൽ നിന്നും നടത്തി. മേഖലാ പ്ലസ്ടു സംഗമം ജനുവരി 5 നു ബത്തേരിയിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

മാതൃവേദി: ഡിസംബർ 27 നു മേഖലാ വാർഷികം ബത്തേരിയിൽ വച്ചു നടത്തുവാനും പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ 1990 നുശേഷം വിവാഹിതരായ 4 കുട്ടികൾ ഉള്ള മാതാപിതാക്കളെ ആദരിക്കാനും, കരോൾ ഗാനമത്സരം, രണ്ടു സമർപ്പിതരുള്ള മാതാപിതാക്കളെ ആദരിക്കാനും ലോഗോസ് പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ അമ്മമാരെ ആദരിക്കാനും തീരുമാനിച്ചു.

കെ.സി.വൈ.എം: യൂണിറ്റ് ഇലക്ഷൻ നടത്തുവാനും ഡിസംബർ 29 ന് മേഖലാ ഇലക്ഷനും യുവജനസെമിനാറും, ക്രിസ്തുമസ്സ് ട്രീ മത്സരവും നടത്തുവാനും തീരുമാനിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് മേഖലാ തലത്തിൽ മിഷൻമാസാചരണത്തിന് സമ്മാനാർഹരായ ശാഖകൾക്ക് അഭിനന്ദനം അറിയിച്ചു. മിഷൻ സ്റ്റാർ സംഗമവും മേഖലാ കൗൺസിലും നടത്തി. ഡിസംബർ 28 ന് തിരുബാലസഖ്യമത്സരവും മേഖലാ ക്യാമ്പും നടത്തുവാൻ തീരുമാനിച്ചു. ക്രിസ്മസിന്റെ കുമ്പസാരങ്ങൾ രണ്ടു ഗ്രൂപ്പുകളായി നടത്താനും അതാതു വികാരിയച്ചന്മാർ ആവശ്യമായ അച്ചന്മാരെ കുമ്പസാരത്തിനു വിളിക്കാനും തീരുമാനിച്ചു.

ജനുവരി മാസത്തെ മാസധ്യാനം വാകേരി പള്ളിയിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

**ഫാ. അനീഷ് ആലുങ്കൽ**

സെക്രട്ടറി

# മതബോധനരംഗം

## HM, PP കോൺഫ്രൻസ്

2019–2020 അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2019 ഡിസംബർ 7–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 10.00 മണിക്ക് സി. ഷീജ SKD നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് യോഗത്തിന്റെ അധ്യക്ഷനായിരുന്ന പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. പോൾ വാഴപ്പള്ളി പ്രധാനാധ്യാപകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. വിശ്വാസം ഏറെ വെല്ലുവിളിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസരൂപീകരണത്തിന്റെ പ്രധാന്യവും അതിൽ പ്രധാനാധ്യാപകർക്കുള്ള പങ്കിനെക്കുറിച്ചും സംസാരിച്ചു. ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയ ഈ വർഷത്തെ കുഞ്ഞേട്ടൻ പുരസ്കാര ജേതാവ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശാരീരിക പരിമിതികളെ അതിജീവിച്ച് ഈ വർഷത്തെ ഡിപ്ലോമ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിളമ്പുകണ്ടം ഇടവകാംഗം മാത്യൂസ് കരിപ്പാല ഇവരെ റവ.ഫാ. പോൾ വാഴപ്പള്ളി പൊന്നാട അണിയിക്കുകയും ക്യാഷ് അവാർഡ് നൽകി ആദരിക്കുകയും ചെയ്തു. സെബാസ്റ്റ്യൻ സാർ രൂപതയുടെ വിവിധങ്ങളായ മേഖലകളിൽ ചെയ്തുവരുന്ന നിസ്വാർത്ഥമായ സേവനങ്ങളെ പോൾ അച്ചൻ നന്ദിയോടെ അനുസ്മരിച്ചു. പരിമിതികളെ അതിജീവിച്ച് ഉന്നതവിജയം കരസ്ഥമാക്കിയ മാത്യൂസ് കരിപ്പാലയെ അഭിനന്ദിക്കുകയും ബലഹീനതയിൽ പ്രകടമാകുന്ന കർത്താവിന്റെ കൃപയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ വ്യക്തതയോടും കൃത്യതയോടും കൂടി പ്രതികരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മറുപടി പ്രസംഗത്തിൽ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ പരാമർശിച്ചു. പരിമിതികളെ ദൈവത്തിന്റെ അനുഗ്രഹമായി കണ്ട് ആയിരിക്കുന്ന ഇടങ്ങളിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിക്കുന്ന മാത്യൂസിന്റെ മറുപടിപ്രസംഗം ഏവരെയും പ്രചോദിപ്പിക്കുന്നതായിരുന്നു.

തുടർന്ന് വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരുന്നു. രൂപതാ മതബോധന ടീമംഗം ശ്രീ. അലക്സ് കുഴികണ്ടത്തിൽ കൃതജ്ഞതയർപ്പിച്ചു. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

**മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭകൾ**

2019 ഡിസംബർ 8–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭാസംഗമം നടത്തപ്പെട്ടു. രൂപതയിലെ 11 മേഖലകളിൽ നിന്നായി 41 കുട്ടികൾ പങ്കെടുത്തു. ഇവരിൽ നിന്നും രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ

1. അലൻ ജോസഫ് കാരുവള്ളിത്തറ – കബനിഗിരി
2. ജോബിൻ കല്ലറയ്ക്കൽ – ചെറുകാട്ടൂർ
3. മിഷൽ വട്ടക്കാമുകളേൽ – കൽപ്പറ്റ
4. ലിറ്റി റെജി – പയ്യമ്പള്ളി
5. അനഘ വളയംപള്ളി – മൂലങ്കാവ്
6. അലീന കള്ളക്കാട്ട് – ചെറുകാട്ടൂർ

പ്രതിഭകൾക്കും അവരെ ഒരുക്കിയവർക്കും അഭിനന്ദനങ്ങൾ. പ്രതിഭാസംഗമത്തിന് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങളായ ശ്രീ. ജോൺസൺ വടക്കേക്കര, സി. ആൻസി പോൾ SH, സി. അനില SH, മുൻ രൂപതാ പ്രതിഭകളായ സജിൻ താന്നിയിൽ, ജോയൽ മാത്യു പെരുമ്പള്ളി, ഡെനിക് മാങ്കുഴ എന്നിവർക്കും ഹൃദ്യമായ നന്ദി.

**പ്ലസ്ടു സംഗമം**

ഡിസംബർ 1–ന് ദ്വാരക ഫൊറോനയിലെ Plus Two സംഗമം ദ്വാരക യു പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. Plus Two സംഗമത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ.ഫാ.നോബിൾ പാറക്കലിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ മേഖലാ ഡയറക്ർ റവ.ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ, മേഖലാ സെക്രട്ടറി ജോൺസൺ സാറിനും, ദ്വാരക ഫൊറോന വികാരി റവ.ഫാ. ജോസ് തേക്കനാടി എന്നിവർക്കും സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ലൂമിന 2019 – അഭിനന്ദനങ്ങളും നന്ദിയും**

നവംബർ 24–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ലൂമിന 2019 (പ്ലസ് വൺ വിദ്യാർത്ഥി സംഗമം) – ൽ രൂപതയിലെ 1618 വിദ്യാർത്ഥികൾ പങ്കെടുത്തു. മാനന്തവാടി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ 9.30 ന് വി. കുർബ്ബാനയാരംഭിച്ചു. രൂപതാ മതബോധന ഡയറക്ടർ റവ.ഫാ.തോമസ് കാട്ടുതുരുത്തിയിൽ സ്വാഗതം ആശംസിച്ചു. തുടർന്ന്

11.00 മണി മുതലുള്ള ക്ലാസ്സുകൾക്ക് ശ്രീ. ശശി ഇമ്മാനുവേൽ, ശ്രീ.ആൻസൻ ആന്റണി എന്നിവർ നേതൃത്വം നൽകി. രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ കൃതജ്ഞത പ്രകാശിപ്പിച്ചു. പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും അഭിനന്ദിക്കുന്നു. കുട്ടികളുടെ കൂടെ എത്തിയ അദ്ധ്യാപകർക്കും, പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികർക്കും എല്ലാം മുൻകൂട്ടി ക്രമീകരിച്ച രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

മണിമൂളി നിലമ്പൂർ ഫൊറോനകളിലെ പ്ലസ് വൺ സംഗമം മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നവംബർ 24 ന് നടന്നു. ഫൊറോനാ വികാരി റവ. ഫാ. കുര്യാക്കോസ് കുന്നത്ത് വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് മന:ശാസ്ത്ര വിഭാഗത്തിലെ കൗൺസിലറായി സേവനം ചെയ്യുന്ന ശ്രീ. ബിനു മൂലേപ്പറമ്പിൽ ക്ലാസ്സുകൾ നയിച്ചു. സംഗമത്തിന് നേതൃത്വം നൽകിയ ഫൊറോന ഡയറക്ടർമാർ റവ. ഫാ. അഗസ്റ്റ്യൻ ചേമ്പാല റവ. ഫാ. അനിൽ മുഞ്ഞനാട്ട് സെക്രട്ടറിമാരായ നിഷാന്ത് ആലുങ്കൽ, ജോഷി കളരിക്കൽ എന്നിവർക്കും ഫൊറോനാ വികാരി റവ. ഫാ. കുര്യാക്കോസ് കുന്നത്ത്, അസി. വികാരി റവ. ഫാ. അജിൻ ചക്കാലക്കൽ, വിദ്യാർത്ഥികളെ പറഞ്ഞയച്ച വികാരിയച്ചൻമാർ, അദ്ധ്യാപകർ, പങ്കെടുത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികൾ എന്നിവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**HDC കോൺടാക്റ്റ് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ അടുത്ത കോൺടാക്റ്റ് ക്ലാസ്സ് ജനുവരി 11 ശനിയാഴ്ച്ച 9.30 ന് നിലമ്പൂർ Little Flower School ൽ വച്ച് നടത്തപ്പെടുന്നതാണ്.

**HDC പരീക്ഷ**

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 1-ാം തീയതി ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിലും മണിമൂളി High School- ലും വച്ച് നടത്തപ്പെടുന്നു. HDC വാചാ പരീക്ഷ ഫെബ്രുവരി 16,17 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു. HDC യുടെ പ്രൊജക്ട് ഡിസംബർ 31-ന് മുമ്പ് മതബോധന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**HDC സംഗമം**

2017-2019 വർഷത്തിൽ HDC കോഴ്സ് പൂർത്തിയാക്കിയവരുടെ സംഗമവും Certificate വിതരണവും ഡിസംബർ 14-ാം തീയതി ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ സ്വാഗതം

ആശംസിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ certificate വിതരണം നടത്തി. കോഴ്സ് പൂർത്തിയാക്കിയവരെ അനുമോദിച്ചുകൊണ്ടും ഈ കാലഘട്ടത്തിൽ ഇത്തരം പഠനങ്ങളുടെ ആവശ്യകതയെക്കുറിച്ചും Dean of studies ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ സംസാരിച്ചു. തുടർന്ന് റവ.ഫാ നോബിൾ പാറയ്ക്കൽ പുതിയതായി ആരംഭിക്കാൻ പോകുന്ന ദൈവശാസ്ത്രപഠന കോഴ്സിനെക്കുറിച്ച് വിവരിക്കുകയും അതുമായി ബന്ധപ്പെട്ട് സജീവമായ ചർച്ചകൾ നടക്കുകയും ചെയ്തു. ചർച്ചകൾക്കുശേഷം ശ്രീ. സജി പുതുശ്ശേരിൽ കൃതജ്ഞതയർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ സംഗമം സമാപിച്ചു.

ഈ സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ ജനുവരി 30 നു മുൻമ്പായി certificate ഉം marklist ഉം ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങേണ്ടതാണ്.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 2-ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 2-ന് ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 1.00 മണി വരെ നടത്തുന്നതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന - ചുങ്കക്കുന്ന്
3. ദ്വാരക ഫൊറോന - ദ്വാരക
4. കല്ലോടി ഫൊറോന - കല്ലോടി
5. കൽപ്പറ്റ ഫൊറോന - കൽപ്പറ്റ
6. മാനന്തവാടി ഫൊറോന - മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന - മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന- നിലമ്പൂർ
11. നീലഗിരി റീജിയൺ - അരുൾനിലയം, കയ്യൂന്നി, ഊട്ടി
12. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി, മാർട്ടിൻ നഗർ
13. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 11 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 1.00 മണി വരെയാണ് പരീക്ഷാ സമയം.
4. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
5. വിദ്യാർത്ഥികൾക്ക് പരീക്ഷാ ഹാളിൽ Mobile Phone അനുവദനീയമല്ല.
6. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
7. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
8. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷത്തിന്റെയും അഭിമാനത്തിന്റേയും ഒരു വർഷമാണ് കടന്നു പോകുന്നത്. സംസ്ഥാന തലത്തിൽ മികച്ച രൂപതകളിൽ ഒന്നായി നമ്മൾ തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന കലോത്സവത്തിൽ തിളക്കമാർന്ന വിജയം നേടാൻ നമുക്ക് സാധിച്ചു. ബത്തേരി മേഖലയ്ക്കും, കയ്യൂന്നി, പൂളപ്പാടം ശാഖകൾക്കും സംസ്ഥാന തലത്തിൽ പ്രശംസ നേടാൻ കഴിഞ്ഞു. രൂപതയിൽ ഒത്തിരി ശാഖകളും, മേഖലകളും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി മികവു തെളിയിക്കുന്നു. സ്നേഹം നിറഞ്ഞ അച്ചന്മാരേയും, ജോ. ഡയറക്ടേഴ്സിനേയും, ശാഖാ ഭാരവാഹികളെയും നന്ദിപൂർവ്വം ഓർക്കുന്നു. നിങ്ങളുടെ വലിയ സഹകരണവും, പ്രോത്സാഹനവുമാണ് ഈ മികച്ച നേട്ടങ്ങൾക്ക് പിന്നിൽ എന്ന വ്യക്തമായ ബോധ്യം മനസ്സിലുണ്ട്. പുതുവർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. പ്രാർത്ഥിച്ചും പിന്തുണച്ചും നമുക്ക് പുതിയ വർഷത്തിലേയ്ക്ക് പ്രവേശിക്കാം.

ഇന്നത്തെ വാർത്തകളും ചിത്രങ്ങളുമൊക്കെ സംഘർഷങ്ങൾ നിറഞ്ഞവയാണ്. ഉൾക്കൊള്ളേണ്ടതിനേയും തള്ളിക്കളയേണ്ടതിനേയും വേർതിരിച്ചെടുക്കാൻ വളരെ കുറച്ച് സമയമേ നമ്മുടെ കയ്യിലുള്ളൂ. ജാഗരൂകതയോടെ പ്രവർത്തിക്കേണ്ട സമയമാണിത്. പരിഭവിക്കാൻ നമുക്ക് ഒത്തിരിയേറെയുണ്ട്. പക്ഷേ ഇതിനെയെല്ലാം അതിജീവിക്കാൻ ഓരോ ദിവസവും കരുത്തേകുന്നവനെ ആശ്രയിച്ചേ മതിയാവൂ. ഈ പുതുവർഷം വിചിന്തനത്തിനും, തീരുമാനങ്ങൾക്കും ഉള്ളതാണ്. എല്ലാ നന്മകളും ആശംസിക്കുന്നു. പുതുവർഷാശംസകൾ..

സ്നേഹപൂർവ്വം,

**ഷിജു അച്ചൻ**

**പ്രാർത്ഥനാ മലരുകൾ** – 72 സമാധാന പ്രാർത്ഥന

**മിഷൻപ്രെയർ ബാങ്ക്** – സാഗർ രൂപത (തരിയോട് മേഖലയിലെ ശാഖകൾ)

**മിഷൻ എക്സിബിഷൻ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും മണിമൂളി മേഖലയുടേയും ഫിയാത്ത് മിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണിമൂളി ക്രിസ്തുരാജ ഫൊറോനാ ദേവാലയത്തിൽ വച്ച് മിഷനെ അറിയുക, പഠിക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ എക്സിബിഷൻ സംഘടിപ്പിച്ചു. 22 ഭാഷകളിൽ ഉള്ള ബൈബിളുകൾ പ്രദർശിപ്പിച്ചു. മണിമൂളി ക്രിസ്തുരാജ ഫൊറോനാ വികാരി റവ.ഫാ.കുര്യാക്കോസ് കുന്നത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, മണിമൂളി മേഖലാ ഡയറക്ടർ റവ. ഫാ.ബിജു തൊണ്ടിപ്പറമ്പിൽ, ഫിയാത്ത് മിഷൻ അംഗം ജെയ്സൺ ചിറായിൽ, രൂപതാ ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, രൂപതാ എക്സിക്യുട്ടീവ് അംഗങ്ങളായ വിൻസെന്റ് തലച്ചിറ, ബിജു ചിറ്റേടം, മണിമൂളി മേഖലാ സെക്രട്ടറി അജിൻ പനച്ചിയപ്പള്ളി എന്നിവർ നേതൃത്വം നൽകി.

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2019–20 വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നവംബർ 24 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപതാ ജോ.ഡയറക്ടർ സി. ടെസി അഗസ്റ്റിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനയോടെ ആരംഭിച്ച കമ്മറ്റിയ്ക്ക് രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ചു. രൂപതാ സെക്രട്ടറി ടോം ജോസ് പൂവക്കുന്നേൽ അർദ്ധവാർഷിക റിപ്പോർട്ടും, ജോ.സെക്രട്ടറി അലോഷിൻ കൊല്ലപ്പള്ളിൽ അർദ്ധവാർഷിക കണക്കും അവതരിപ്പിച്ചു. മേഖലാ ഭാരവാഹികൾ മേഖലകളുടെ ആറുമാസത്തെ പ്രവർത്തന റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു. രൂപതാ വൈസ് പ്രസിഡന്റായ കുമാരി ലിന്റു വടക്കേക്കുറ്റ് ജോലി സംബന്ധമായ കാരണങ്ങളാൽ വൈസ് പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞതിനാൽ തൽസ്ഥാനത്തേയ്ക്ക് മംഗളം ശാഖാംഗമായ കുമാരി ആര്യ കൊച്ചുപുരക്കലിനെ രൂപതാ മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുത്തു. തുടർന്ന് പൊതുചർച്ചയ്ക്കുശേഷം രൂപതാ സെക്രട്ടറി ടോം ജോസ് പൂവക്കുന്നേൽ യോഗത്തിന് നന്ദി അർപ്പിച്ചു. മിഷൻ ആന്തത്തോടുകൂടി യോഗം അവസാനിച്ചു.

**ക്രിസ്തുമസ് സ്റ്റാർ ചലഞ്ച്**

ഉണ്ണീശോയുടെ ജനനം നമ്മുടെ ജീവിതത്തിൽ കൂടി പകർത്തുക എന്ന ലക്ഷ്യത്തോടെ ഓരോ ദിവസവും വ്യത്യസ്തങ്ങളായ ഓരോ ചലഞ്ചുകൾ ഏറ്റെടുത്ത് തിരുപ്പിറവിക്ക് സ്വീകരണമൊരുക്കിക്കൊണ്ട് ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ് സ്റ്റാർ ചലഞ്ച് പ്രോഗ്രാം നടത്തി. (ഓരോ അംഗവും തയ്യാറാക്കിയ സ്റ്റാർ ചലഞ്ച് റിപ്പോർട്ട് നിർബന്ധമായും ഡിസംബർ 31 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനു ശേഷം കിട്ടുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.)

**വാക്കിന്റെ നക്ഷത്രവിളക്ക്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ ഡിസംബർ 1 മുതൽ 25 വരെ എല്ലാ ദിവസവും വാക്കിന്റെ നക്ഷത്രവിളക്ക് എന്ന പേരിൽ രണ്ട് മിനിറ്റ് നീളുന്ന ക്രിസ്തുമസ്സ് സന്ദേശ വീഡിയോ സോഷ്യൽ മീഡിയ വഴി അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും, ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളും, ഭാരവാഹികളും, ടീം അംഗങ്ങളും ഓരോ ദിവസവും സന്ദേശങ്ങൾ നൽകി. ഇതിനു വേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്തു തന്ന് സഹകരിച്ച മാനന്തവാടി രൂപതാ മീഡിയ കമ്മീഷൻ ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചന് പ്രത്യേകം നന്ദി.

**വിശുദ്ധ മറിയം ത്രേസ്യ എക്സിബിഷനും തിരുശേഷിപ്പ് പ്രതിഷ്ഠയും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും ശിശുമല ശാഖയുടേയും സംയുക്താഭിമുഖ്യത്തിൽ വിശുദ്ധ മറിയം ത്രേസ്യ എക്സിബിഷനും തിരുശേഷിപ്പ് പ്രതിഷ്ഠയും ശിശുമല ശാഖയിൽ വച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപതയിൽ ആദ്യമായി വി. മറിയം ത്രേസ്യായുടെ തിരുശേഷിപ്പ് പ്രതിഷ്ഠിക്കപ്പെട്ട ദേവാലയമായി ശിശുമല ശാഖ മാറി. രൂപതാ ഡയറക്ടർ റവ. ഫാ.ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡന്റ് രഞ്ചിത്ത് മുതുപ്ലാക്കൽ, ശാഖാ ഡയറക്ടർ റവ.ഫാ. സജി കോട്ടായിൽ, ഹോളിഫാമിലി സന്യാസിനി സമൂഹം പാലക്കാട് പ്രൊവിൻസിന്റെ മദർ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ലിയ & കൗൺസിലർ സിസ്റ്റേഴ്സ്, ശാഖാ ഭാരവാഹികൾ, കൈക്കാരൻമാർ, മതാദ്ധ്യാപകർ എന്നിവർ നേതൃത്വം നൽകി.

**പ്രളയക്കെടുതിയിൽ കൈത്താങ്ങ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും സ്റ്റേറ്റ് ബാങ്ക് എംപ്ലോയീസ് യൂണിയൻ (സോൺ 26), വയനാട് റീജിയണി

ന്റെയും സഹകരണത്തോടെ പ്രളയം ബാധിച്ച പൂളപ്പാടം ഇടവകയിലെ നാല് വിദ്യാർത്ഥികൾക്ക് 'പ്രളയക്കെടുതിയിൽ കൈത്താങ്ങ്' എന്ന പേരിൽ 5000 രൂപ വീതം പഠനസഹായം വിതരണം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, പൂളപ്പാടം ശാഖാ ഡയറക്ടർ റവ.ഫാ.തോമസ് പരുന്തനോലിൽ, രൂപതാ പ്രസിഡന്റ് രഞ്ചിത്ത് മുതുപ്ലാക്കൽ, രൂപതാ സെക്രട്ടറി ടോം ജോസ് പൂവക്കുന്നേൽ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ വിൻസെന്റ് തലച്ചിറ, ബിജു ചിറ്റേടം, സാബു ഊളവള്ളിക്കൽ, രൂപതാ ടീം അംഗം കുമാരി ജീന വടക്കേ കറുകത്തല എന്നിവർ നേതൃത്വം നൽകി. വാകേരി ശാഖാ അംഗവും എസ്.ബി.ഐ. ജീവനക്കാരനുമായ അരുൺ അരഞ്ഞാണിയിൽ വരച്ച ചിത്രത്തിന് ലഭിച്ച തുകയാണ് അവർ പഠനസഹായമായി നൽകിയത്. അരുണിനും സഹപ്രവർത്തകർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ വലിയ നന്ദി അറിയിക്കുന്നു.

**മുൻപേ നടന്നവർ**

മാനന്തവാടി ചെറുപുഷ്പ മിഷൻലീഗിനെ മുൻവർഷങ്ങളിൽ നയിച്ച വ്യക്തിത്വങ്ങളുടെയും ടീം അംഗങ്ങളുടേയും സംഗമം ഡിസംബർ 14 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് രഞ്ചിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച സംഗമം മനോഹരമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും നന്ദി. സംഘടനയ്ക്ക് കരുത്തുപകർന്നുകൊണ്ട് ജീവിതം സമർപ്പിച്ച എല്ലാ പ്രിയപ്പെട്ടവർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ വലിയ നന്ദിയും കടപ്പാടും അറിയിക്കുന്നു.

**എയ്ഞ്ചൽസ്സ് മീറ്റ്:-** കൽപ്പറ്റ ഡി പോൾ സ്കൂളിൽ വെച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടേയും, കൽപ്പറ്റ മേഖലയുടെയും, ഡി പോൾ ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ എയ്ഞ്ചൽസ് മീറ്റ് നടത്തി. രൂപത ടീം അംഗം സി. ലിസ അലക്സ് SKD ക്ലാസ്സ് നയിച്ചു. സംഗമത്തിന് നേതൃത്വം നൽകിയ രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**ക്രിസ്തുമസ്സ് രാവ്:-** ചെറുപുഷ്പ മിഷൻലീഗ് കാവുംമന്ദം ശാഖയും, തരിയോട് മേഖലയും, മാനന്തവാടി രൂപതയും, മലനാട് കേബിൾ വിഷനും ചേർന്ന് സംയുക്തമായി സംഘടിപ്പിക്കുന്ന ക്രിസ്തുമസ് രാവ്- കരോൾ, പുൽക്കൂട്, സന്ദേശങ്ങൾ, കലാപരിപാടികൾ - ഡിസംബർ

23 ന് വൈകുന്നേരം 6 മണി മുതൽ കാവുംമന്ദം ലൂർദ്ദ്മാതാ ദേവാലയാങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. ശാഖാ ഡയറക്ടർ റവ. ഫാ. ബിജു മാവറ സ്വാഗതം ചെയ്ത ക്രിസ്തുമസ് രാവ് രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾ നേതൃത്വം നൽകി.

**ബൈബിൾ മാസാചരണം - ചിത്രഗിരി ശാഖയിൽ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയും, ചിത്രഗിരി ശാഖയും സംയുക്തമായി ബൈബിൾ മാസാചരണം 22-ാം തീയതി ഞായറാഴ്ച ചിത്രഗിരി സെന്റ് ജോർജ്ജ് ദേവാലയത്തിൽ വെച്ച് നടത്തി. വി. കുർബാനയും, ബൈബിൾ റാലിയും, ബൈബിൾ പാരായണവും, ബൈബിൾ സെമിനാറും നടത്തി. ബൈബിൾ സെമിനാറിന് രൂപതാ ടീം അംഗം റവ. സി. ടീന SH നേതൃത്വം നൽകി. ശാഖാ ഡയറക്ടർ റവ. ഫാ. ബിജു കോയിക്കാട്ടിൽ, ശാഖാ ഭാരവാഹികൾ എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ നന്ദി.

**സീറോ മലബാർ - പ്രേഷിതവാരം:-** 2020 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ പ്രേഷിതവാരമായി ആചരിക്കുന്നു. മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന സമർപ്പിതരെയും അത്മായ പ്രേഷിതരെയും പ്രത്യേകമായി ഓർത്ത് പ്രാർത്ഥിക്കുമല്ലോ. മിഷനെ അറിയുക, മിഷനറിയാവുക - കരങ്ങൾകോർക്കാം, സഭയെ പടുത്തുയർത്താം.

**പുരോഹിത വഴിയിൽ**

2019 - 20 വർഷത്തിൽ മാനന്തവാടി രൂപതയ്ക്കുവേണ്ടി വൈദികരാകുന്ന എല്ലാ ഡീക്കന്മാർക്കും, മറ്റ് സന്യാസ സഭകളിൽ നിന്നും വൈദിക ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ഡീക്കന്മാർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രാർത്ഥനകളും... ആശംസകളും... പ്രവർത്തന വഴിയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു

**SMART- 2020**

കഴിഞ്ഞ വർഷം നാം നടത്തിയ സ്മാർട്ട് ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ അവസാനഘട്ട പരിശീലനം - സമാപന സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 27 ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 28 ന് വൈകുന്നേരം 4 മണിക്ക് തീരുന്നതാണ്.

**രൂപതാ വാർഷികം - ജൂബിലിമേളം - ജപമാലസൈന്യ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 47-ാം വാർഷികം 2020 ജനുവരി 2 ന് രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് ഉച്ചയ്ക്ക് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്റ

റിൽ വെച്ച് നടത്തപ്പെടുന്നു. ശാഖാ ജോ. ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ നിർബന്ധമായും പങ്കെടുക്കുമല്ലോ. അതോടൊപ്പം വിവാഹ, വൈദിക, സന്യസ്ത ജീവിതത്തിൽ 25, 50 വർഷം 2020 ൽ പൂർത്തിയാക്കിയവരുടെ സംഗമവും, ശാഖകളിലെ ജപമാലസൈന്യം കൂട്ടായ്മയുടെ ഒത്തുചേരലും അന്നേ ദിവസം നടത്തപ്പെടുന്നു. കൂടാതെ കഴിഞ്ഞ വർഷത്തെ മികവുകൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യപ്പെടുന്നതുമാണ്.

**'LOVE PAPYRUS'– 'സദ്‌വാർത്ത എല്ലാവരും അറിയട്ടെ'**

ഇതുവരെ ബൈബിൾ അച്ചടിക്കാത്തതും ബൈബിൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഭാഷകളിൽ ബൈബിൾ അച്ചടിച്ച്, വിലക്കുറവും അർഹരായവർക്ക് സൗജന്യമായും വിതരണം ചെയ്യുകയെന്ന പ്രവർത്തനം സ്തുത്യർഹമായ രീതിയിൽ നടത്തുന്ന ഫിയാത്തു മിഷനുമായി സഹകരിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഒരുക്കുന്ന പ്രവർത്തനമാണ് 'LOVE PAPYRUS' 'സദ്‌വാർത്ത എല്ലാവരും അറിയട്ടെ'. സ്നേഹത്തിന്റെ തിരുവചനം അച്ചടിക്കാനാവശ്യമായ പ്രിന്റിംഗ് പേപ്പർ സമാഹരണപദ്ധതിയാണിത്. ഒരുലക്ഷം ബൈബിൾ അച്ചടിക്കാനുള്ള കടലാസ് നമ്മൾ ശേഖരിക്കുന്നു. ഉപയോഗശൂന്യമായ പത്രങ്ങൾ, മാസികകൾ, നോട്ടുബുക്കുകൾ, കാർഡ്ബോർഡുകൾ തുടങ്ങിയവ മേഖലാ കേന്ദ്രങ്ങളിലോ/ ശാഖകളിലോ എത്തിക്കുക. അവിടെ നിന്ന് ഫിയാത്ത് മിഷന്റെയോ, മിഷൻലീഗിന്റേയോ വാഹനങ്ങൾ വന്ന് അവ ശേഖരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. 2020 മെയ് 25 ന് മുമ്പ് അതാത് കേന്ദ്രങ്ങളിൽ വന്ന് ശേഖരിക്കുന്നതാണ്.

**ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വാർഷികം 2019 ഡിസംബർ 27 വെള്ളിയാഴ്ച താമരശ്ശേരി രൂപതയിലെ തോട്ടുമുക്കം ശാഖയിൽ വച്ച് നടത്തപ്പെടുന്നു. താമരശ്ശേരി രൂപത അദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു. 1.45 pm ന് പ്രേഷിത റാലിയോടെ ആരംഭിക്കുന്ന സംസ്ഥാന വാർഷികം 3 pm ന് പൊതുസമ്മേളനത്തോടെ അവസാനിക്കുന്നതാണ്.

**രൂപതാ തല തിരുബാല സഖ്യ മത്സരം –2020 ഫെബ്രുവരി 1 ശനി**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 1 ന് ദ്വാരകയിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സര നിബന്ധനകളും ഇനങ്ങളും മാർഗരേഖ പേജ് 42 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ

രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാലസഖ്യ അംഗങ്ങൾ.

**മത്സര ഇനങ്ങൾ: പൂമ്പാറ്റ-1**

1. ബൈബിൾ കഥ (5 മിനുട്സ്),
2. പ്രസംഗവിഷയം - 'എന്റെ കുടുംബം സ്നേഹ കുടുംബം'(3 മിനുട്സ്)
3. സംഗീതം
4. കളറിംഗ്

**മത്സര ഇനങ്ങൾ: പൂമ്പാറ്റ-2**

1. പ്രസംഗ വിഷയം:- 'കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം' (4 മിനുട്സ്)
2. സംഗീതം
3. ബൈബിൾ വായന - യോഹ 6, 7, 8
4. വചനം എഴുത്ത് - വി. മർക്കോസിന്റെ സുവിശേഷം
5. ചിത്രരചന

**പൊതുവായത്**

ആക്ഷൻ സോങ്ങ് -7 മിനിറ്റ്, 7 പേർ.

**കുഞ്ഞുമിഷനറിയുടെ ഡയറി:-** ഓരോ മിഷനറിയും മിഷൻലീഗ് പ്രവർത്തനത്തിൽ തനിക്ക് ലഭിച്ച അനുഭവങ്ങൾ വ്യക്തിപരമായി ഡയറിയിൽ എഴുതി സൂക്ഷിക്കുന്നു. അവയിൽ ഏറ്റവും മികച്ച ഡയറി കണ്ടെത്തി (ഡിസംബർ 15 ന് മുമ്പ്) അത് രൂപതയിൽ ഏൽപ്പിക്കുക. രൂപതാതലത്തിൽ ഏറ്റവും നല്ല ഡയറിക്ക് സമ്മാനം തരുന്നതാണ്.

**നീലഗിരി മേഖല:-** മതാദ്ധ്യാപക ദിനാചരണം നടത്തി, നല്ല അയൽക്കാരൻ സംഭാവന നൽകി, മിഷൻ കാഹളം പ്രകാശനം നടത്തി, രൂപതാ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റിയിൽപങ്കെടുത്തു.

**ശാഖാ വാർത്തകൾ**

*ഒലിവുമല:-*ശാഖാ മാഗസിൻ തയ്യാറാക്കി, മതാദ്ധ്യാപക ദിനം ആചരിച്ചു, ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ റാലി നടത്തി.

*പുതിയിടം:-* മതാദ്ധ്യാപകരെ ആദരിച്ചു, സമ്മാനം നൽകി.

*ചെന്നലോട്:-* തിരുപ്പട്ടത്തിന് ഒരുങ്ങുന്ന ഇടവകയിലെ 4 ഡീക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന ആരംഭിച്ചു. ഇടവകയ്ക്കും കുടുംബങ്ങൾക്കുംവേണ്ടി തിരി തെളിച്ച് പ്രദക്ഷിണമായി കുരിശും വഹിച്ചുകൊണ്ട് കരുണയുടെ ജപമാലയർപ്പിച്ചു.

*മംഗളം:-* കോളനി സന്ദർശിച്ച് ക്യാൻസർ രോഗികളെ സഹായിച്ചു.

*വാകേരി:-* ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ വ്യക്തിത്വ വികസനത്തെക്കുറിച്ചും, ശ്രീ. ജോൺസൺ മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു.

*ചുണ്ടക്കര*:- ഭവനസന്ദർശനം,സിമിത്തേരി സന്ദർശനം, ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് റാലി എന്നിവ നടത്തി.

*വിളമ്പുകണ്ടം*:- മതാദ്ധ്യാപകരെ ആദരിച്ച് ആശംസകൾ അർപ്പിച്ച് സമ്മാനങ്ങൾ നൽകി. 'മിത്തരേ' കയ്യെഴുത്ത് മാസിക തയ്യാറാക്കി.

*പുതുശ്ശേരി*:- രജതജൂബിലി സമാപനത്തോടനുബന്ധിച്ച് 25 കുട്ടികളുടെ ആദ്യകുർബാന സ്വീകരണം നടത്തി. സിമിത്തേരി ശുചീകരണം, സന്ദർശനം എന്നിവ നടത്തി.

*കൊട്ടിയൂർ*:- നല്ല അയൽക്കാരൻ പദ്ധതിയുടെ ഭാഗമായി LSDP Convent ന് 5000 രൂപ സഹായം നൽകി.

*ആറാട്ടുതറ*:- സിമിത്തേരി വൃത്തിയാക്കി, സകല മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിച്ചു. മതാദ്ധ്യാപക ദിനം ആചരിച്ച് ആശംസകൾ നേർന്ന് സമ്മാനം നൽകി.

*ഇടിവണ്ണ*:- 'പ്രേഷിതകാഹളം' കയ്യെഴുത്ത് മാസിക തയ്യാറാക്കി, 'പ്രേഷിതൻ' മിഷൻമാസ റിപ്പോർട്ട് തയ്യാറാക്കി.

*അപ്പപ്പാറ*:- മെഡിക്കൽ ക്യാമ്പിൽ ആളുകളെ എത്തിച്ചു. പുതിയ കെട്ടിട വെഞ്ചിരിപ്പിനോടനുബന്ധിച്ച് കരുണാഭവൻ വൃത്തിയാക്കി, അലങ്കാരത്തിന് സഹായിച്ചു. മതാദ്ധ്യാപകരെ ആദരിച്ചു.

*പൂളപ്പാടം*:- മതാദ്ധ്യാപകരെ ആദരിച്ചു.

പുതിയൊരു വർഷത്തിന്റെ വാതിൽപ്പടിയിലാണ് നാം, പിന്നിട്ട കാലത്തിന്റെ അനുഭവങ്ങളെ ചേർത്ത്പിടിച്ചുകൊണ്ട് പുതിയ വർഷത്തെ വരവേൽക്കാം. പുതിയ കാഴ്ച്ചപ്പാടും പുതിയ ചിന്തകളും നമ്മുടെ മിഷൻ പ്രവർത്തനങ്ങൾക്ക് മാറ്റ് കൂട്ടട്ടെ. എല്ലാവർക്കും നവവത്സര ആശംസകൾ.

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

**മിഷൻ സന്ദർശനം**

മിഷൻ അനുഭവം സ്വന്തമാക്കുവാനും ജീവിതശൈലിയും പ്രവർത്തനവും അടുത്തറിയുവാനുമായി 2019 നവംബർ 20, 21 ബുധൻ, വ്യാഴം ദിവസങ്ങളിൽ ആന്ധ്രായിലെ കർണ്ണൂൽ ഡിസ്ട്രിക്റ്റ് ആത്മാക്കൂർ ഇടവകയിലെ കരിവേണ ഗ്രാമം യൂത്ത് മിനിസ്ട്രി ടീം സന്ദർശിച്ചു. ഗ്രാമവാസികളുടെ വിശ്വാസജീവിതത്തെക്കുറിച്ച് പഠിക്കുവാനും ജീവിതശൈലിയും കൃഷിരീതികളും പരിചയപ്പെടുവാനും ഈ ഗ്രാമങ്ങളിൽ ശുശ്രൂഷ ചെയ്തു വരുന്ന വിൻസെൻഷ്യൻ വൈദീകരും സിസ്റ്റേഴ്സും സാഹചര്യം ഒരുക്കിതന്നു. ഫാ.ജെയ്സൺ വി.സി യുടെ നേതൃത്വത്തിൽ 20-ാം തീയതി ബുധനാഴ്ച്ച വൈകുന്നേരം വാടാനപുരം ഗ്രാമം സന്ദർശിക്കുകയും ഗ്രാമവാസികളോടുകൂടെ സമയം ചിലവഴിക്കുകയും ചെയ്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ പാട്ടിലൂടെ ബൈബിൾ കഥകൾ പഠിപ്പിച്ചു. ഫാ.ജെയ്സൻ ചക്കിയത്തിന്റെ നേതൃത്വത്തിൽ ഫാ.ലാൽ ജേക്കബ് പൈനുങ്കലും ഫാ.ജോബി മുക്കാട്ടുകാവുങ്കലും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. വിശുദ്ധ ബലിക്കുശേഷം ടീം അംഗങ്ങൾ തങ്ങളുടെ ആന്ധ്രാ അനുഭവം ഗ്രാമവാസികളുമായി പങ്കുവെച്ചു. ആത്മാക്കൂർ, വെളികോട്, കരിവേണ എന്നീ മൂന്ന് ഗ്രാമങ്ങൾ സന്ദർശിക്കുകയും അവിടെയുള്ള സ്ഥാപനങ്ങൾ പ്രത്യേകിച്ച് സാമൂഹ്യ പ്രവർത്തനങ്ങളും വിദ്യാഭ്യാസ രീതികളും മനസ്സിലാക്കുവാനും അവസരം ലഭിച്ചു. ഈ മിഷൻ അനുഭവം ഞങ്ങൾക്ക് നല്കുവാൻ സഹായിച്ച വിൻസെൻഷ്യൻ ഫാദേഴ്സിനും സിസ്റ്റേഴ്സിനും പ്രത്യേകിച്ച് ഞങ്ങൾക്ക് താമസ സൗകര്യങ്ങളും എല്ലാകാര്യങ്ങളും ക്രമീകരിച്ച് തന്ന സുപ്പീരിയർ സി.ട്രീസാ ജോണിനും മറ്റ് സഹോദരിമാർക്കും യൂത്ത് മിനിസ്ട്രിയുടെ പ്രാർത്ഥന നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ക്രിസ്മസ് ആനിമേഷൻ പ്രോഗ്രാം**

ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2019 ഡിസംബർ 1-ാം തീയതി ക്രിസ്മസ്സിന് ഒരുക്കമായുള്ള ഏകദിനസെമിനാർ കുറുമണി ഇടവകയിൽ

യൂത്ത്മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്നു. സി.ആൻസി തോമസ്സ് സി.എം.സി, സി.ലിൻസി.എസ്.സി.വി ക്ലാസ്സിന് നേതൃത്വം നല്കി. ഈ പ്രോഗ്രാം നടത്താൻ എല്ലാ സൗകര്യങ്ങളും ഒരുക്കിതന്ന ഇടവകാ വികാരി ഫാ.സെബാസ്റ്റ്യൻ പുത്തേലിനും മതാദ്ധ്യാപകർക്കും, സി.എം.സി സിസ്റ്റേഴ്സിനും യൂത്ത്മിനിസ്ട്രിയുടെ നന്ദി.

**ലൈഫ് ട്രെയിനിംഗ്**

2019 ഡിസംബർ 13, 14 വെള്ളി, ശനി ദിനങ്ങളിൽ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഏകദിന ധ്യാനം നടന്നു. വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് സി.ആൻസി തോമസ് സി.എം.സി കുമ്പസാരത്തിന് വിദ്യാർത്ഥികളെ ഒരുക്കി. തുടർന്ന് ഫാ.തോമസ്സ് കാട്ടുതുരുത്തി, ഫാ.ജോർജ്ജ് മാമ്പള്ളി, ഫാ.ജെയിംസ് കുളത്തിനാൽ എന്നിവരുടെ നേതൃത്വത്തിൽ കുമ്പസാരം നടന്നു. 14-ാം തീയതി ശനിയാഴ്ച്ച രാവിലെ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് ശ്രീമതി ജെയ്നി തോമാച്ചൻ പുറവയൽ ക്ലാസ്സ് നയിച്ചു. സി.ജീസാ .സി.എം.സി, സി.ഡീന സി.എം.സി, സി.എവുപ്രസ്യ സി.എം.സി, സി.ആൻസി സി.എം.സി, സി.ലിൻസി. എസ്.സി.വി തുടങ്ങിയവർ വിദ്യാർത്ഥികൾക്ക് സ്പിരിച്വൽ ഷെയറിംഗ് നടത്തി. അരുൺ ഗാന ശുശ്രൂഷക്ക് നേതൃത്വം നല്കി. ഏകദിന ധ്യാനത്തിന് സഹായിച്ച എല്ലാവർക്കും യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ഒരു വട്ടം കൂടി – കെ സി വൈ എം ഫാമിലി സംഗമം**

കെ.സി.വൈ.എം. രജത ജൂബിലിയോടനുബന്ധിച്ച് കഴിഞ്ഞ 25 വർഷക്കാലം രൂപത നേതൃത്വനിരയിൽ വ്യക്തിമുദ്ര പതിപ്പിച്ച് കടന്നുപോയ രൂപത സമിതികളുടെയും നിലവിലുള്ള രൂപതാ മേഖലാ സമിതികളുടെയും സംയുക്ത കൂട്ടായ്മ ഒരു വട്ടം കൂടി എന്ന പേരിൽ നവംബർ 23 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. വൈകുന്നേരം 6 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. രൂപതാ ആനിമേറ്റർ സി. സാലി CMC വചന പ്രതിഷ്ഠ നടത്തി. കൂട്ടായ്മക്ക് KCYM രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. KCYM രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി. മുൻ നേതൃത്വനിരയുടെ അകമഴിഞ്ഞ സേവനങ്ങളെ അച്ചൻ നന്ദിയോടെ അനുസ്മരിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷ പ്രസംഗം നടത്തി. മാനന്തവാടി KCYM സംഘടന ഇന്നത്തെ നിലയിൽ എത്തിയതിന് പിന്നിൽ സമയവും ആരോഗ്യവും കഴിവുകളും നിർലോഭം ചെലവഴിച്ച മുൻകാല നേതൃത്വനിരയുടെ സേവനങ്ങളും കർമ്മ നിരതമായ പ്രവർത്തനങ്ങളുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കുട്ടായ്മയിൽ വന്ന എല്ലാവരും സ്വയം പരിചയപ്പെടുത്തി. കുടുംബത്തോടൊപ്പം വന്ന മുൻകാല നേതാക്കൻമാർ അവരുടെ ജീവിത പങ്കാളിയെയും കുട്ടികളെയും പരിചയപ്പെടുത്തുകയും അവരുടെ മുൻകാല അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. തുടർന്ന് സംഘടന ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള സജീവമായ ചർച്ച നടന്നു. ചർച്ചകളുടെ വെളിച്ചത്തിൽ സംഘടന സാമൂഹിക ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് 12 പേർ ചേർന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ചു. രൂപത സമിതിയുടെ നേതൃത്വത്തിൽ എല്ലാവരെയും മെമന്റോ നല്കി ആദരിച്ചു. സ്നേഹവും സന്തോഷവും അനുഭവങ്ങളും പങ്കുവയ്ക്കപ്പെട്ട നിമിഷങ്ങളായിരുന്നു തുടർന്നുള്ള ക്യാമ്പ് ഫയറും സ്നേഹവിരുന്നും. ഈ കൂട്ടായ്മ ഊഷ്മളമായ ഭാവി പ്രവർത്തനങ്ങൾക്ക് കരുത്തും ഉണർവും പ്രദാനം ചെയ്യുന്നതായിരുന്നു.

ഒരു വട്ടം കൂടി എന്ന കെ.സി.വൈ.എം. ഫാമിലി സംഗമത്തിൽ പങ്കെടുത്ത മുൻ രൂപതാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, പ്രസിഡണ്ടു

മാർ സാന്നിധ്യംകൊണ്ട് അനുഗ്രഹിച്ച രൂപതാ പ്രൊക്കുറേറ്റർ ബഹു. ജിൽസൻ കോക്കണ്ടത്തിലച്ചനും നിലവിലുള്ള മേഖലാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ എന്നിവർക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**തിരഞ്ഞെടുക്കപ്പെട്ട കോർ കമ്മിറ്റി അംഗങ്ങൾ**

1. ശ്രീ. ഷാജു പി ജെയിംസ് (കൺവീനർ)
2. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ
3. ശ്രീമതി. ജാക്വലിൻ
4. ശ്രീമതി. ജിൻസി തടത്തിൽ
5. ശ്രീ. മാത്യു തറയിൽ
6. ശ്രീ. സണ്ണി ജോസ് ചാലിൽ
7. ശ്രീ. അനീഷ് ഓമക്കര
8. ശ്രീ. ബിജു അരീക്കാട്ട്
9. ശ്രീ. ജോസ് പള്ളത്ത്
10. ശ്രീ. റെജിമോൻ പുന്നോലിൽ
11. റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ
12. റവ. സി. ക്രിസ്റ്റീന എസ്. സി. വി.

കോർ കമ്മിറ്റി അംഗങ്ങൾക്ക് എല്ലാവിധ ആശംസകളും.

**മിഷൻ കോൺഫറൻസ് – കാക്കനാട്**

നവംബർ 26 ന് സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മിഷൻ വർഷ സമാപന സമ്മേളനം നടത്തപ്പെട്ടു. രൂപത പ്രതിനിധികളോടൊപ്പം കെ.സി.വൈ.എമ്മിനെ പ്രതിനിധീകരിച്ച് ഓഫീസ് സെക്രട്ടറി സി. ഡാനി പീറ്റർ എസ് എച്ച് പങ്കെടുത്തു.

**രജത ജൂബിലി ആഘോഷവും സമാപന സമ്മേളനവും**

വിശ്വാസ യുവത്വം സമൂഹ സമുദ്ധാരണത്തിന് എന്ന ആപ്ത വാക്യവുമായി മാനന്തവാടി യുവജനപ്രസ്ഥാനത്തിന്റെ രജത ജൂബിലി ആഘോഷവും സമാപന സമ്മേളനവും ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. നവംബർ 30 ന് 9 മണിക്ക് രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി പതാക ഉയർത്തി. രൂപത ആനിമേറ്റർ സി. സാലി സി.എം.സി. വചന പ്രതിഷ്ഠ നടത്തി.

**1. ലോക ആം റസ്ലിംഗ് ചാമ്പ്യൻ ശ്രീ. ജോബി മാത്യു**

ലോക ആം റസ്ലിംഗ് ചാമ്പ്യൻ ശ്രീ. ജോബി മാത്യു തന്റെ ജീവിതാനുഭവങ്ങൾ യുവജനങ്ങളുമായി പങ്കു വച്ചു. ആത്മവിശ്വാസവും ദൈവാശ്രയബോധവും ഉണ്ടെങ്കിൽ ഏത് ശാരീരിക വൈകല്യങ്ങളെയും പ്രതിസന്ധിഘട്ടങ്ങളെയും നേരിടാനുള്ള ശക്തി മനുഷ്യനിൽ ഉണ്ട്

എന്നും, ജീവിതത്തിൽ വിജയിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം നൽകിയ നൻമകളിലേക്കാണ് നോക്കേണ്ടതെന്നും അദ്ദേഹം കൂട്ടി ചേർത്തു. യുവജനങ്ങൾ സഭയ്ക്കും സമൂഹത്തിനും രാജ്യത്തിനും വേണ്ടി കഠിനാദ്ധ്വാനം ചെയ്യണം. തന്റെ ജീവിതാനുഭവങ്ങളും കഠിനാദ്ധ്വാനങ്ങളും ദൈവം നല്കിയ സമൃദ്ധമായ അനുഗ്രഹങ്ങളും രാജ്യത്തിന് വേണ്ടി നേടിയ സ്വർണ്ണ മെഡലുകളുടെ ചരിത്രവും പങ്കുവച്ച ക്ലാസ്സ് യുവജനങ്ങൾക്ക് ആസ്വാദ്യവും ഹൃദ്യവും ആയിരുന്നു. പ്രചോദനാത്മകമായ ക്ലാസ്സ് നയിച്ച ശ്രീ. ജോബി മാത്യു സാറിന് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി

**2. പൊതു സമ്മേളനം**

ക്രിസ്തുവിനാൽ ആകൃഷ്ടരായി, എന്നും വേറിട്ട വഴികളിലൂടെ സഭയ്ക്കും സമൂഹത്തിനും വേണ്ടി നിലകൊണ്ട ഈ യുവജന പ്രസ്ഥാനം മാനന്തവാടി രൂപതയിൽ ആരംഭിച്ചിട്ട് 25 വർഷങ്ങളാകു മ്പോൾ – പൊതു സമ്മേളനത്തിന് കെ.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. ആമുഖ പ്രഭാഷണത്തിൽ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ പ്രചോദനം തരുന്ന മാതൃക കളാണ് ഇന്നത്തെ യുവജനങ്ങൾക്ക് ആവശ്യമായിരിക്കുന്നതെന്ന് ഊന്നി പറഞ്ഞു. കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷപ്രസംഗത്തിൽ 25 വർഷത്തെ കെ.സി.വൈ.എം. പ്രവർത്തനങ്ങളുടെ വിജയങ്ങളും വിവിധ തലങ്ങളിലുള്ള മുന്നേറ്റങ്ങളും മുൻകാല നേതൃത്വത്തിന്റെ ത്യാഗോജ്ജ്വലമായ സേവനങ്ങളും അനു സ്മരിച്ചു. രജത ജൂബിലി ആഘോഷത്തിന്റെ ഔപചാരികമായ ഉദ്ഘാ ടനം മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. ഡിജിറ്റൽ മേഖലയിലെ വേഗത ഏറിക്കൊണ്ടി രിക്കയാണെന്നും, സഭയുടെയും സമൂഹത്തിന്റെയും ഇന്നുകളായ യുവ ജനങ്ങൾക്കാണ് ഈ വേഗതക്കൊപ്പം നീങ്ങാൻ കഴിയുന്നതെന്നും, സാമൂഹിക സാംസ്കാരിക ആത്മീയ രംഗങ്ങളിൽ സംഘടന നടത്തിയ മുന്നേറ്റങ്ങൾ ശ്രദ്ധേയമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ രൂപതയുടെ വളർച്ചയിൽ കെ.സി.വൈ.എം. നൽകിയ സേവനങ്ങളെ നന്ദിയോടെ അനുസ്മ രിച്ചുകൊണ്ട് അനുഗ്രഹ പ്രഭാഷണം നടത്തി. മുഖ്യ പ്രഭാഷണം നട ത്തിയ കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കര യുവജന പ്രസ്ഥാനത്തെക്കുറിച്ചും അവരുടെ നിലപാടിനെയും നിലനിൽപ്പിനെയുംക്കുറിച്ചും മാർ ഫ്രാൻസിസ് പാപ്പയുടെ ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക ലേഖനത്തെ ആധാരമാക്കി പ്രസം

ഗിച്ചു. കെ.സി.വൈ.എം. മുൻ രൂപതാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ, മാനന്തവാടി രൂപതാ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പള്ളി, മിജാർക്ക് ഏഷ്യൻ മുൻ പ്രതിനിധി ശ്രീ. ജോസ് പള്ളത്ത്, കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡണ്ട് ശ്രീ. ജോജിൻ. ടി. ജോയി തെക്കേക്കുന്നേൽ, കെ.സി.വൈ.എം. മുൻ രൂപതാ ആനിമേറ്റർ റവ. സി. സ്മിത SABS, കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി റോസ് മേരി തേറുകാട്ടിൽ, കെ.സി.വൈ.എം. നിലമ്പൂർ മേഖലാ പ്രസിഡണ്ട് ശ്രീ. ജെസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സാന്നിധ്യംകൊണ്ടും ആശംസകൾ അർപ്പിച്ചും ജൂബിലി ആഘോഷത്തെ ധന്യമാക്കിയ എല്ലാവർക്കും കെ.സി.വൈ.എം. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി അലീന പാണ്ടിയാംപറമ്പിൽ നന്ദിയർപ്പിച്ചു.

**3. വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിച്ചു**

കൈകരുത്തുകൊണ്ട് അതിലേറെ മനക്കരുത്തുകൊണ്ട് ലോക ചാമ്പ്യനായിത്തീർന്ന ശ്രീ. ജോബി മാത്യു, കെ.സി.വൈ.എം. ജൂബിലി വർഷ ലോഗോ രൂപകൽപന ചെയ്ത സഹോദരിമാരായ സിമി ജോൺ, സുമി ജോൺ, ഇന്ത്യൻ വനിത ബാസ്ക്കറ്റ് ബോൾ ടീം ക്യാപ്റ്റൻ കുമാരി ജീന ജേക്കബ്, ഷോർട്ട് ഫിലിം സംസ്ഥാന അവാർഡ് ജേതാവും മുൻ കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ഷാജു പി ജെയിംസ്, വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് സംസ്ഥാന പ്രസിഡണ്ടും കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡണ്ടുമായ ജോജിൻ ടി ജോയി, കർഷക ഭാരതി പുരസ്കാരം നേടിയ കെ.സി.വൈ.എം. മുൻ രൂപതാ ട്രഷറർ ശ്രീ. ടോണി ജോസ്, റൂഫ് ഭവന നിർമ്മാണ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകിയ മാണ്ഡ്യ പിതൃവേദിയെയും മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മെമന്റോ നല്കി ആദരിച്ചു.

**4. കലാവിരുന്ന്**

രജത ജൂബിലി സമാപന സമ്മേളനത്തിന് മാറ്റുകൂട്ടിയ കലാവിരുന്നുകൾ അവതരിപ്പിച്ചവരെ നന്ദിയോടെ ഓർക്കുന്നു. കൽപ്പറ്റ വന്ദന ഷാജിയുടെ നേതൃത്വത്തിൽ കൊല്ലം സ്കോർപിയോസ് ടീം അണിയിച്ചൊരുക്കിയ അക്രോബാറ്റിക് ഡാൻസും ഫയർഷോയും, തവിഞ്ഞാൽ യൂണിറ്റിന്റെ രംഗപൂജ, ദ്വാരക യൂണിന്റെ ജൂബിലി ഗാനം, നടവയൽ മേഖലയുടെ ഗ്രൂപ്പ് സോങ്ങ്, മുള്ളൻക്കൊല്ലി യൂണിറ്റിന്റെ ഗ്രൂപ്പ് ഡാൻസ്, കണിയാരം യൂണിറ്റിന്റെ കെ.സി.വൈ.എം. ആന്തം, മനോഹരമായ വാദ്യമേളങ്ങൾ ഒരുക്കിയ തരിയോട് മേഖലയുടെ നാസിക്ക് ഡോൾ ഗ്രൂപ്പിനും, സ്റ്റേജ് മനോഹരമായി അണിയിച്ചൊരുക്കാൻ നേതൃത്വം

നല്കിയ ശ്രീ. ജിൻസൻ, ശ്രീ. ജിജോ താന്നിവേലിൽ എന്നിവർക്കും രൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**കൃതജ്ഞതയോടെ**

മാനന്തവാടി യുവജനപ്രസ്ഥാനം അതിന്റെ രജത ജൂബിലി സമാപന ആഘോഷങ്ങൾ ഇവിടെ പൂർത്തിയാകുമ്പോൾ ഒരു വർഷം നീണ്ടു നിന്ന ജൂബിലി പരിപാടികൾക്കും ആഘോഷങ്ങൾക്കും എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും സാന്നിധ്യംകൊണ്ടും സഹകരണങ്ങൾക്കൊണ്ടും കൂടെ നിന്ന രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലിനും രൂപതാ പ്രൊക്കുറേറ്റർ ബഹു. ജിൽസൻ കോക്കണ്ടത്തിലച്ചനും മേഖല, യൂണിറ്റ് ഡയറക്ടമാരായ വൈദീകർക്കും, ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും, 25 വർഷങ്ങളിലൂടെ കെ.സി.വൈ.എം. പ്രസ്ഥാനത്തെ വളർത്തിയ രൂപതാ, മേഖലാ, യൂണിറ്റ് സമിതികൾക്കും എല്ലാ യുവജനങ്ങൾക്കും വിവിധ സഹായ സഹകരണങ്ങൾ നൽകിയവർക്കും സാമ്പത്തികമായി സഹായിച്ച വർക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**വിവിധ കമ്മറ്റികൾ**

കെ.സി.വൈ.എംമ്മിന്റെ രജത ജൂബിലി സമാപന സമ്മേളനത്തിന് നേതൃത്വം നല്കിയ വിവിധ കമ്മറ്റികളായ പബ്ലിസിറ്റി, മീഡിയ, ഡെക്കറേഷൻ, റിസപ്ഷൻ, ലോ ആൻഡ് ഓർഡർ, ലിറ്റർജി, കൾച്ചറൽ പ്രോഗ്രാം, ഫുഡ് എന്നിവയ്ക്ക് നേതൃത്വം നല്കിയ മേഖലാ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും യുവജനസുഹൃത്തുക്കൾക്കും പ്രത്യേകിച്ച് ദ്വാരക യൂണിറ്റ് യുവജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**അഭിനന്ദനങ്ങൾ**

കെ.സി.ബി.സി. യുടെ യൂത്ത് കമ്മീഷൻ വൈസ് ചെയർമാൻ സ്ഥാനത്തുനിന്നും ചെയർമാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് പിതാവിനും, കെ.സി.ബി.സി. യുടെ യൂത്ത് കമ്മീഷൻ ചെയർമാനായി യുവജനങ്ങളെ നയിക്കുകയും ഇപ്പോൾ യൂത്ത് കമ്മീഷന്റെ സെക്രട്ടറി ജനറലായി നിയമിതനായിരിക്കുന്ന മോസ്റ്റ് റവ.ഡോ. ജോസഫ് മാർ തോമസ് പിതാവിനും കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതിയുടെയും എല്ലാ യുവജനങ്ങളുടെ പ്രാർത്ഥനയും അഭിനന്ദങ്ങളും ആശംസിക്കുന്നു.

**കെ.സി.വൈ.എം സമരമുഖത്ത്**

മാനന്തവാടി രൂപതയെയും ക്രൈസ്തവ സമൂഹത്തേയും അപമാനിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിത ശക്തികളും, ബെനടിക്ടൈൻ സന്യാസ സഭയിൽ നിന്നും സന്യാസം ഉപേക്ഷിച്ച് ലണ്ടനിൽ സ്ഥിരം താമസമാക്കിയ ദീപയെന്ന വ്യക്തിയുടെ കുടുംബാംഗങ്ങൾ ചേർന്ന് ബിഷപ്പ്സ് ഹൗസിന് മുന്നിൽ നടത്തിയ സമരം കെ.സി. വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളിയുടെ

നേതൃത്വത്തിൽ ശക്തമായ ഇടപെടലുകളിലൂടെ പ്രതിഷേധിച്ചു. സെക്രട്ടറിയേറ്റ് അംഗങ്ങളായ ശ്രീ. ജിയോ മച്ചുക്കുഴിയിൽ, ശ്രീ. റ്റോബി കൂട്ടുങ്കൽ, ശ്രീ. റ്റിബിൻ പാറക്കൽ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ആൽഫിൻ അമ്പാറയിൽ, ശ്രീ. ജിജോ പൊടിമറ്റം എന്നിവരും യൂണിറ്റുകളിൽ നിന്നുള്ള യുവജന നേതൃത്വനിരയും പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**മക്കിയാട് യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് ഒറ്റപ്ലാക്കലിന്റെ നേതൃത്വത്തിൽ ഫ്രാൻസിസ് മാർപ്പാപ്പയുടെ ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക ആഹ്വാനത്തെക്കുറിച്ച് പഠന ശിബിരം നടത്തി. അഖിൽ മൈലാടിയിൽ, മെറിൻ പെരുമാട്ടിക്കുന്നേൽ, ഹർഷ മുറിമറ്റത്തിൽ എന്നിവർ പേപ്പറുകൾ അവതരിപ്പിച്ചു. 32 പേർ പങ്കെടുത്തു. നവംബർ മാസത്തിൽ എല്ലാ ദിവസവും സെമിത്തേരി സന്ദർശിച്ച് പ്രത്യേകം ശുദ്ധീകരണാത്മാക്കൾക്കായ് പ്രാർത്ഥിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് ഔസേപറമ്പിലിന്റെ രജതജൂബിലി ആഘോഷത്തിലും രൂപതാ ജൂബിലി സമാപന ആഘോഷത്തിലും യുവജനങ്ങൾ പങ്കെടുത്തു. ജൂബിലി വർഷത്തോടനുബന്ധിച്ച് കാഹളം എന്ന പേരിൽ യൂത്ത് മാഗസിൻ തയ്യാറാക്കി. സൺഡേ സ്ക്കൂൾ വെഞ്ചിരിപ്പിനോടനുബന്ധിച്ച് സങ്കീർത്തിയും പരിസരവും വൃത്തിയാക്കി.

**പാതിരിപ്പാടം**

താബോർ ബൈബിൾ കൺവെഷനിൽ യൂണിറ്റിൽ നിന്നും ധാരാളം യുവജനങ്ങൾ പങ്കെടുത്തു. രൂപതയിൽ നടന്ന രജതജൂബിലി സമാപന ആഘോഷത്തിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു. ക്രിസ്തുമസിന് പുൽക്കൂടും സ്റ്റാറും യുവജനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ചു.

**മണിമൂളി യൂണിറ്റ്**

യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. അജിൻ ചക്കാലക്കലിന്റെ നേതൃത്വത്തിൽ രൂപതാ കലാമത്സരത്തിൽ മൈംമിൽ പങ്കെടുത്ത യുവജനങ്ങൾക്ക് പരിശീലനം നൽകി. നവംബർ മാസത്തിൽ എല്ലാ ദിവസവും സെമിത്തേരി സന്ദർശിച്ച് ശുദ്ധീകരണാത്മാക്കൾക്കായ് പ്രാർത്ഥിച്ചു.

**പാറത്തോട്ടം യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങൾ പാറത്തോട്ടം കുരിശടി വൃത്തിയാക്കി. ഒക്ടോബർ മാസത്തിൽ 10 ദിവസത്തെ ആഘോഷമായ ജപമാലയിലും വി. ബലിയിലും പങ്കുചേർന്നു. പള്ളിയുടെ മുഖവാരത്തിൽ മനോഹരമായ ജപമാല ഒരുക്കിയിട്ടു. കൊന്ത സമാപനത്തിൽ

ജപമാല റാലിയിലും വി. ബലിയിലും കാഴ്ച സമർപ്പണത്തിലും പങ്കു ചേർന്നു. ബഹുമാനപ്പെട്ട മാത്യു കാട്ടറത്തച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിലും സ്നേഹവിരുന്നിലും സജീവ മായി പങ്കുചേർന്നു. ഡയറക്ടർ ബഹുമാനപ്പെട്ട തോമസച്ചന്റെ നേതൃത്വ ത്തിൽ എല്ലാ കുടുംബയൂണിറ്റിലും ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ബോധവത്കരണക്ലാസും, അതിന്റെ ഭാഗമായി ഷോട്ട്ഫിലിം പ്രദർശനവും നടത്തി.

**ചുങ്കക്കുന്ന് യൂണിറ്റ്**

ഗാന്ധിജയന്തി ദിനത്തോട് അനുബന്ധിച്ച് കൊട്ടിയൂരിൽവച്ച് നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ ചുങ്കക്കുന്ന് കെ.സി.വൈ.എം. അംഗങ്ങൾക്ക് വേണ്ടി പ്രത്യേകം നിയുക്തമായ സമയം 1.00–2.30 വരെ ആരാധനയിൽ പങ്കെടുക്കുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. **ഹോദോസ്:** മാനന്തവാടി കെ.സി.വൈ.എം. രൂപതാ യുവ ജനങ്ങൾക്കായി ഒക്ടോബർ 7–ന് സംഘടിപ്പിച്ച യുവജന കൺവെൻഷ നിൽ ചുങ്കക്കുന്ന് യൂണിറ്റിനെ പ്രതിനിധീകരിച്ച് 10 പേർ പങ്കെടുത്തു. **സാഹിത്യമത്സരം:** സെപ്റ്റംബർ മാസത്തിൽ മേഖലയിൽ നടത്തപ്പെട്ട സാഹിത്യ മത്സരത്തിൽ ഒന്നാംസ്ഥാനം ചുങ്കക്കുന്ന് യൂണിറ്റ് നേടി. **കലാ മത്സരം:** രൂപതാ കലാമത്സരത്തിൽ വ്യക്തഗത ഇനങ്ങളിൽ ചുങ്കക്കുന്ന് യൂണിറ്റിലെ യുവജനങ്ങൾ പങ്കെടുത്തു. **യൂണിറ്റ് സിൻഡിക്കേറ്റ്:** ഒക്ടോബർ 27–ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിക്കുകയും, പുതിയ മാസത്തേക്കുള്ള പ്രവർത്തന അജണ്ട ചർച്ച ചെയ്യുകയും ചെയ്തു.

**നരിവാലമുണ്ട യൂണിറ്റ്**

നവംബറിൽ സകലവിശുദ്ധരുടേയും തിരുനാൾ ദിനത്തിൽ യുവ ജനങ്ങൾ വി. കുർബാനയിൽ പങ്കെടുത്തു. സെമിത്തേരിയിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും. നവംബർ 14 ന് ശിശുദിനത്തോടനുബന്ധിച്ച് സംഘടനയുടെ നേതൃത്വത്തിൽ നേഴ്സറിയിലെ കുട്ടികൾക്ക് മധുരം വിതരണം ചെയ്തു. നവംബർ 17 തലഞ്ഞിയിൽ നടന്ന താബോർ ബൈബിൾ കൺവെൻഷനിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**കൊട്ടിയൂർ യൂണിറ്റ്**

കൊട്ടിയൂർ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ആറുമാസം കൊട്ടിയൂർ ഇടവകയിൽ സേവനമനുഷ്ഠിച്ച ഡീക്കൻ ജോബിന് യാത്രാ മംഗളങ്ങൾ നേരുകയും ഉപഹാരം നൽകുകയും ചെയ്തു. ഒരു നിർദ്ധന കുടുംബത്തെ സന്ദർശിക്കുകയും ആവശ്യമായ സഹായം ചെയ്തുകൊടുക്കുകയും ചെയ്തു. പേൾ കലാമത്സരത്തിൽ ഇടവക യിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 1 മുതൽ 4 വരെ നടന്ന MPC യിൽ 95 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ജനുവരി 10 – 13 – പാസ്റ്ററൽ സെന്റർ ദ്വാരക
ജനുവരി 26 – 29 – പാസ്റ്ററൽ സെന്റർ ദ്വാരക
ഫെബ്രുവരി 9 – 12 – പാസ്റ്ററൽ സെന്റർ ദ്വാരക

**മാതൃവേദി**

സീറോ മലബാർ മാതൃവേദി മാനന്തവാടി രൂപത 2018–19 പ്രവർത്തന വർഷത്തെ വാർഷികം ഡിസംബർ 14–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 9.30 ന് ജപമാലയോടു കൂടി യോഗം ആരംഭിച്ചു. അമ്മമാർക്ക് അഡ്വ. ജിജിൽ കിഴക്കരക്കാട്ട് ലൗ ജിഹാദ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. തുടർന്നു നടന്ന പൊതുയോഗം വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീമതി വിജി നെല്ലിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. മുൻ ആനിമേറ്റർ റവ. സി. കൃപയ്ക്ക് ജൂബിലി ആശംസകൾ അർപ്പിച്ച് മെമെന്റോ നൽകി. തരിയോട് മേഖല സെക്രട്ടറി ശ്രീമതി ജിൻസി സണ്ണി കൂവക്കൽ ആശംസകൾ ആർപ്പിച്ചു. ശ്രീമതി മോളി കരിമ്പനാക്കുഴി മാതൃവേദി രൂപതാ ചരിത്രം ലഘുവായി അവതരിപ്പിച്ചു. 2020 പ്രവർത്തനവർഷത്തേക്കുള്ള മാർഗ്ഗരേഖ പ്രകാശനം ചെയ്തു. വാർഷിക റിപ്പോർട്ടും കണക്കും വായിച്ച് പാസാക്കി. പുൽപ്പള്ളി മേഖല അവതരിപ്പിച്ച ഡാൻസും, പുഴമുടി ശാഖ അവതരിപ്പിച്ച കരോൾ ഗാനവും വാർഷികത്തിന് മിഴിവേകി. മികച്ച മേഖലകളായി യഥാക്രമം ചുങ്കക്കുന്ന്, മാനന്തവാടി, തരിയോട് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കും മികച്ച ശാഖകളായി കയ്യൂന്നി, പൂക്കോട്ടുംപാടം, അമ്പായത്തോട് എന്നിവയും തെരഞ്ഞെടുക്കപ്പെട്ടു.

**ലോഗോസ് ക്വിസ്സിൽ കൂടുതൽ മാർക്ക് വാങ്ങിയ അമ്മമാർ**

1–ാം സമ്മാനം ജിഷ ചിറമുഖത്ത്, പോരൂർ; 2–ാം സമ്മാനം ദീപ വടക്കേത്തോട്ടം, കയ്യൂന്നി; 3–ാം സമ്മാനം, റോസമ്മ കൊച്ചറക്കൽ, വാഴവറ്റ.

**കഥ:** 1-ാം സമ്മാനം നിഷ അക്കരപ്പറമ്പിൽ വാളവയൽ, 2-ാം സമ്മാനം ബിനുമോൾ തോട്ടുങ്കൽ കൽപ്പറ്റ, 3-ാം സമ്മാനം മിനി ആന്റോ തടത്തിൽ മണിമൂളി.

**കവിത:** 1-ാം സമ്മാനം ലിറ്റി വിനീഷ് വണ്ടന്നൂർ കണിയാരം, 2-ാം സമ്മാനം ഷീജ തുമ്പാനത്ത് വാഴവറ്റ, 3-ാം സമ്മാനം ജെസ്സി വർഗ്ഗീസ് മാന്താനത്ത്പുതുപ്പറമ്പിൽ, താളിപ്പാടം.

**ഉപന്യാസം:** 1-ാം സമ്മാനം ലിറ്റി വിനീഷ് വണ്ടന്നൂർ കണിയാരം, 2-ാം സമ്മാനം സിജി ഇലഞ്ഞിക്കൽ സീതാമൗണ്ട്, 3-ാം സമ്മാനം സിന്ധു പുതുപ്പറമ്പിൽ കാവുമന്ദം.

**ജലഛായം:** 1-ാം സമ്മാനം ഡയാന പൊട്ടനാനിക്കൽ തെനേരി, 2-ാം സമ്മാനം സ്റ്റെല്ല അമ്പാട്ട് പൂക്കോട്ടുംപാടം, 3-ാം സമ്മാനം ആലീസ് ആനിത്തോട്ടം മരകാവ്.

**സമരിറ്റൻ ഭവൻ:** മാനന്തവാടിയിലുള്ള സമരിറ്റൻ ഭവൻ സന്ദർശിക്കാനും സഹായങ്ങൾ നൽകാനും മാതൃവേദി അംഗങ്ങൾ നേതൃത്വം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2017-19 -ൽ അന്തർദേശിയ മാതൃവേദി സെനറ്റ് അംഗങ്ങളായിരുന്ന മോളി കരിമ്പനാക്കുഴി, മേരി കൊച്ചുകാട്ടിത്തറയിൽ എന്നിവരുടെ ടേം അവസാനിച്ചിരിക്കുന്നു. സെനറ്റ് അംഗങ്ങൾ എന്ന നിലയിലുള്ള അവരുടെ സേവനങ്ങൾക്ക് രൂപത മാതൃവേദി കൃതജ്ഞത അർപ്പിക്കുന്നു.

**ചുങ്കക്കുന്ന് ഫൊറോന**

രോഗീസന്ദർശനം നടത്തി. ഒരു നിർദ്ധനരോഗിക്ക് 2500 രൂപ നൽകി. സകല മരിച്ചവർക്കുംവേണ്ടി കരുണകൊന്ത ചൊല്ലി. വാർഷികവും കരോൾ ഗാന മത്സരവും നടത്തി.

**മാനന്തവാടി :** മേഖലവാർഷികം നടത്തി. മികച്ചശഖകളെ കണ്ടെത്തി അനുമോദിച്ചു. സാഹിത്യ മത്സരങ്ങൾ, വചനവാക്യ മത്സരങ്ങൾ എന്നിവ നടത്തി സമ്മാനങ്ങൾ നൽകി.

**പുതിയിടംകുന്ന്:** രോഗിസന്ദർശനം, ഭവനസന്ദർശനം, എന്നിവ നടത്തി.

**തരിയോട്:** മേഖല ടീം ശാഖാ സന്ദർശനം നടത്തി. ഭിന്നശേഷിയുള്ള ഒരു കുടുംബത്തെ സന്ദർശിച്ച് ഭക്ഷണസാധനങ്ങളും 2100 രൂപയും നൽകി.

**കുറുമണി:** നിർദ്ധനരോഗിക്ക് 2000 രൂപ ചികിത്സ സഹായം നൽകി. ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**പൂളപ്പാടം:** വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനത്തിൽ ബഹു. സിസ്റ്റേഴ്സിനെ ആദരിച്ചു. ജപമാല രാജ്ഞിയുടെ തിരുനാൾ ആചരിച്ചു. മേഖലാ കലാമത്സരത്തിലും ലോഗോസ് മത്സരത്തിലും

സമ്മാനാർഹരായവരെ അനുമോദിച്ചു. രോഗീസന്ദർശനം നടത്തി. ഒരു നിർദ്ധനരോഗിക്ക് 3000 രൂപ ചികിത്സ സഹായം നൽകി.

**മരക്കടവ്:** ക്യാൻസർ രോഗിക്ക് 4000 രൂപ നൽകി.

**കുന്നൂർ:** അമ്മമാർ ബിരിയാണി സെയിൽ നടത്തി. ശുദ്ധീകരണ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു.

**വടപുറം:** വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. രൂപതാ സാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ഇടവകയിൽ നടന്ന തിരുപ്പട്ട സ്വീകരണത്തിൽ അമ്മമാർ പങ്കെടുത്തു. നവവൈദികന് 10000 രൂപ സമ്മാനം നൽകി.

**പറളിക്കുന്ന്:** പനമരം അഗതിമന്ദിരം സന്ദർശിച്ചു. പാലിയേറ്റീവ് കെയർ സന്ദർശിച്ച് 10000 രൂപ സഹായം നൽകി. ശിശുദിനത്തോടനുബന്ധിച്ച് 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സമ്മാനം നൽകി. മികച്ച കർഷകർക്കുള്ള അവാർഡ് ലഭിച്ചവരെ മാതൃവേദി മെമന്റോ നൽകി ആദരിച്ചു.

**ചേലോട്:** കിടപ്പ് രോഗികളെ സന്ദർശിച്ചു. വിവാഹം നടക്കാത്ത എല്ലാ യുവതി യുവാക്കന്മാർക്കുംവേണ്ടി ചെയിൻ ഫാസ്റ്റിംഗ് നടത്തുന്നു.

**പാടിച്ചിറ:** ധ്യാനത്തിന്റെ വിജയത്തിനായി അമ്മമാർ നോമ്പും ഉപവാസവും അനുഷ്ഠിച്ച് പ്രാർത്ഥിച്ചു. ഓസാനാം ഭവൻ, വിൻസെൻഷ്യൻ വൃദ്ധസദനം എന്നിവ സന്ദർശിച്ചു. രോഗീസന്ദർശനം നടത്തി. കിടപ്പു രോഗികൾ, ക്യാൻസർരോഗികൾ എന്നിവരെ സന്ദർശിച്ച് അവർക്ക് വേണ്ടസഹായങ്ങൾ ചെയ്തുകൊടുത്തു. ആദ്യ വ്യാഴാഴ്ച നടത്തപ്പെടുന്ന ദിവ്യകാരുണ്യ ആരാധന, ജാഗരണ പ്രാർത്ഥന, ഏകദിന കൺവെൻഷൻ എന്നിവയിൽ പങ്കെടുത്തു.

**പൂക്കോട്ടുംപാടം :** ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. മതാദ്ധ്യപക സംഗമത്തിൽ അമ്മമാർ ജപമാല നൽകി ആദരിച്ചു. ശ്രീ. റെജി മാത്യു ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു.

**കൽപ്ര:** സകല മരിച്ചവരുടേയും തിരുനാൾ ദിനത്തിൽ അമ്മമാർ നേർച്ചയപ്പം വിതരണം ചെയ്തു. വാർഷിക ധ്യാനത്തിന്റെ വിജയത്തിനായി അഖണ്ഡ ജപമാല നടത്തി. എല്ലാ വെള്ളിയാഴ്ചകളിലും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

**പുതിയിടം:** വൃദ്ധമാതാപിതാക്കളെ ആദരിച്ചു. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. ലോഗോസ് ക്വിസ് വിജയികൾക്ക് സമ്മാനങ്ങൾ നൽകി. അമലോത്ഭവ തിരുനാൾ ആഘോഷിച്ചു.

**പാതിരിപ്പാടം:** വല്ലാർഭാടത്തും ഇടപള്ളിയിലും തീർത്ഥാടന യാത്ര നടത്തി. രോഗീസന്ദർശനം നടത്തി. ചികിത്സാ സഹായം നൽകി.

**അമ്പായത്തോട്:** 2019-20 പ്രവർത്തന വർഷം രൂപതാഡയറക്ടർ ബഹു. ജോഷി മഞ്ഞക്കുന്നേൽ ഉത്ഘാടനം ചെയ്തു. അമ്മമാർ എഴുതി തയ്യാറാക്കിയ ബൈബിൾ -പുതിയ നിയമം പ്രകാശനം ചെയ്തു. നിർദ്ധനനായ ഒരു ക്യാൻസർ രോഗിക്ക് 3000 രൂപ നൽകി. പോരൂർ സ്നേഹസദൻ, ആലഞ്ചേരി സ്നേഹഭവൻ എന്നിവ സന്ദർശിച്ചു. 2500 രൂപ സഹായം നൽകി. വസ്ത്രങ്ങൾ കഴുകികൊടുത്തു. മതാദ്ധ്യാപകരെ ആദരിച്ചു.

**കല്ലുവയൽ:** രോഗീസന്ദർശനം, വണക്കമാസാചരണം എന്നിവ നടത്തി.

**കളത്തുവയൽ:** പൂർവ്വികരെ അനുസ്മരിച്ചു. ഇടവക ഡയറക്ടറി തയ്യാറാക്കാൻ 10000 രൂപ നൽകി. ജൈവപച്ചക്കറി കൃഷി നടത്തി. ഭവന സന്ദർശനവും രോഗീസന്ദർശനവും നടത്തി. കുക്കറി ഷോയിൽ പങ്കെടുത്തു.

**ബോസ്പാറ:** അസംപ്ഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ 275 പേർ പങ്കെടുത്തു. മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി വിജി നെല്ലിക്കുന്നേൽ വൺഡേ സെമിനാർ നടത്തി. 75 അമ്മമാർ പങ്കെടുത്തു. ദേവാലയത്തിലെ പൂന്തോട്ടനിർമ്മാണത്തിൽ അമ്മമാർ സജ്ജീവമായി പങ്കെടുത്തു.

**വഞ്ഞോട്:** മരിച്ചുപോയ മാതൃവേദി അംഗങ്ങൾക്കുവേണ്ടി വി.കുർബാന ചൊല്ലിച്ചു.

**ചുങ്കക്കുന്ന്:** സന്ധ്യാപ്രാത്ഥനയോടൊപ്പം 20 മിനിറ്റ് വചനം വായിക്കാൻ സമയം മാറ്റിവെച്ചു. സമ്പൂർണ്ണബൈബിൾവായനാ മത്സരം നടത്തി. നവ സന്യാസിനിയെ ആദരിച്ചു. മെഡിക്കൽ ക്യാമ്പിന് ആവശ്യമായ സഹായങ്ങൾ മാതൃവേദിയംഗങ്ങൾ ചെയ്തുകൊടുത്തു. മാനന്തവാടി ഗവ. ഹോസ്പിറ്റലിൽ 4500 രൂപയുടെ ഭക്ഷണം തയ്യാറാക്കി കൊടുത്തു. പഠനസഹായമായി 500 രൂപ നൽകി. ബഹു. സോണി വാഴക്കാട്ട് അച്ചൻ വി . കുർബാനയെക്കുറിച്ച് നടത്തിയ ക്ലാസ്സിൽ 300 ഓളം അമ്മമാർ പങ്കെടുത്തു.

**പൂളപ്പാടം:** ബഹു. ഡോ. സി. സ്റ്റെഫീന മാതൃവേദി അംഗങ്ങൾക്ക് ഭാര്യയുടെ കടമകൾ, സ്ത്രീരോഗങ്ങൾ എന്നീ വിഷയത്തെസംബന്ധിച്ച് ക്ലാസ് നയിച്ചു. ക്യാൻസർരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. മിക്സി വാങ്ങികൊടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (6-12-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു വർഷത്തെ ശുശ്രൂഷകളെ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (7-12-2019)**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8.45 ന് പൊതു ശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന എന്നിവയ്ക്ക് ശേഷം തോണിച്ചാൽ കാരുണ്യനിവാസ് ഡയറക്ടർ റവ. ഫാ. മനോജ് പ്ലാത്തോട്ടം MCBS വചനപ്രഘോഷണവും സിയോൻ ധ്യാനകേന്ദ്രം അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി.ബലിയും അർപ്പിച്ചു. ലഘുഭക്ഷണത്തിന് ശേഷം ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ. ഫാ. ബാബു മൂത്തേടത്ത് നേതൃത്വം നല്കി. 3.15ന് ശുശ്രൂഷകൾ സമാപിച്ചു. അന്നേ ദിവസം കൺവെൻഷൻ ശുശ്രൂഷകൾക്ക് മുഴുവൻ ചിലവുകളും വഹിച്ച വിൻസെന്റ്ഗിരി SCV കോൺവെന്റിലെ മദർ ജനറാളിനേയും സിസ്റ്റേഴ്സിനേയും ഒത്തിരി നന്ദിയോടെ ഓർക്കുന്നു.

**രണ്ടാം ശനി - പൊതുസ്പിരിച്ചൽ ഷെയറിംഗ് (14-12-2019)**

വെള്ളിയാഴ്ച വൈകിട്ട് 4 മണിമുതൽ സ്പിരിച്ചൽ ഷെയറിംഗിന് ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥന കൂട്ടായ്മ നടത്തി. 8 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30ന് പൊതുസ്പിരിച്ചൽ ഷെയറിംഗ് ആരംഭിച്ചു. 60 പേർ പങ്കെടുത്തു.

**ജാഗരണം മൂന്നാം വെള്ളി (20-12-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണ കൊന്ത, ജപമാല, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തി. ബ്ര. ജോസ് മാളോല, ബ്ര. പൈലി തുറപ്പാട്ട്, മത്തായി കാരക്കാട്ട് എന്നിവർ നേതൃത്വം നൽകി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലി അർപ്പിച്ചു. രാവിലെ 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**അഖണ്ഡ ബൈബിൾ പാരായണം (16–18)**

സിയോൻ ധ്യാനകേന്ദ്രത്തിൽ 91 മണിക്കൂർ അഖണ്ഡ ബൈബിൾ പാരായണത്തിന് അസ്സി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നൽകി. തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ചു. ബുധനാഴ്ച രാവിലെ 11 മണിക്ക് വി. ബലിയോടുകൂടെ സമാപിച്ചു.

**പങ്കെടുത്തവർ** : SH, SKD, FCC, SABS, CMC, SCV എന്നീ സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സും, സീയോൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകരും, പാസ്റ്ററൽ സെന്ററിലെ വൈദീകരും മാനന്തവാടി രൂപത സെമിനാരി വിദ്യാർത്ഥികളും, ജീസസ് യൂത്ത്, വിയാനിഭവൻ വൈദീകർ കരിസ്മാറ്റിക് സംഘടന, പാസ്റ്ററൽ സെന്ററിലെ ജോലിക്കാർ, ദ്വാരക ഇടവകയിലെ വിശ്വാസികൾ.

**താമസിച്ചുള്ള ആന്തരികസൗഖ്യധ്യാനം (20–23)**

നാല് ദിവസത്തെ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനത്തിന് സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, റവ.ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ബാബു മൂത്തേടം, റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്ര. ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**ഇടവക ധ്യാനങ്ങൾ**

1 മുതൽ 4 വരെ കബനിഗിരി ഇടവകയിലും, 5 മുതൽ 8 വരെ വാളാട് ഇടവകയിലും, 9 മുതൽ 13 വരെ കൽപ്പറ്റ ലത്തീൻ പള്ളിയിലും 15 മുതൽ 18 വരെ പൂളപ്പാടം ഇടവകയിലും, 28 മുതൽ 31 വരെ എടയൂർക്കുന്ന് ഇടവകയിലും സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ വാർഷികധ്യാനം നടത്തി.

**2020 ജനുവരി മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 3-01-2020 ആദ്യവെള്ളി | - | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണം |
| 4-01-2020 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 10-01-2020 രണ്ടാം വെള്ളി | - | തൂവാനീസ സംഗമം |
| 10-01-2020 രണ്ടാം വെള്ളി | - | ജാഗരണ പ്രാർത്ഥന - 6 pm to 12 Noon |
| 11-01-2020 രണ്ടാംശനി | - | പൊതുസ്പിരിചൽ ഷെയറിംഗ് |
| 16-19- വ്യാഴം-ഞായർ | - | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| 25-01-2020 നാലാം ശനി | - | രോഗസൗഖ്യശുശ്രൂഷാ ദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

*" ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ് പഴയതു കടന്നുപോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു "*

യേശുവിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ട ജീസസ് യൂത്ത് കൂട്ടുകാരെ,

ചെറിയ വേദനകളുടേയും ആശങ്കകളുടേയും നൊമ്പരങ്ങളുടേയും അനുഭവഭങ്ങൾ സമ്മാനിച്ച 2019 വർഷം ഇതാ നമ്മുടെ മുമ്പിലൂടെ കടന്നുപോയി. പുതിയ പുതിയ ഓർമ്മകൾ സമ്മാനിക്കുവാനും സന്തോഷങ്ങളും ആനന്ദവും നിറഞ്ഞതുമായ ഒരു വർഷം ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നു. കഴിഞ്ഞ വർഷം ദൈവം നമുക്ക് നൽകിയ ആനുഗ്രഹങ്ങളും ദാനങ്ങളും ഓർത്തെടുക്കുവാനും സങ്കടങ്ങൾ മായിച്ചു കളയുവാനും പുതിയ തീരുമാനങ്ങളെടുക്കുവാനും സ്വപ്നങ്ങൾ കാണാനും ഈ വർഷം നമുക്കുപയോഗിക്കാം. എല്ലാവർക്കും നല്ലൊരു വർഷം ആശംസിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കഴിഞ്ഞ മാസങ്ങളിൽ നടന്ന വിവിധ ശുശ്രൂഷകൾ/പ്രോഗ്രാമുകൾ**

**ലീഡേഴ്സ് ഗ്യാതറിംങ്**

13-12-2019 രണ്ടാം വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് ആരംഭിച്ച ലീഡേഴ്സ് ഗ്യാതറിംഗ് രാത്രി 11.30 ന് അവസാനിച്ചു. 38 ജീസസ് യൂത്ത് ലീഡേഴ്സ് അന്നേ ദിവസത്തെ ശുശ്രൂഷകളിൽ സംബന്ധിച്ചു. ക്രിസ്തുമസിനോട് അനുബന്ധിച്ചുള്ള അഘോഷവും സമ്മാനവും അന്നേ ദിവസം കൈമാറി.

**ഏകദിന യുവജന ശുശ്രൂഷ**

14-12-2019 രണ്ടാം ശനിയാഴ്ചയിലെ പ്രോഗ്രാം രാവിലെ 9.30 ന് ആരംഭിച്ച് 3 മണിക്ക് അവസാനിച്ചു. മാനന്തവാടി സോൺ ജീസസ് യൂത്ത് മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി കോർഡിനേറ്റർ സന്തോഷ് കുര്യൻ തേക്കുമല ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**കോർഡിനേറ്റേഴ്സ് മീറ്റിംങ്**

കേരളത്തിലെ വിവിധ സോണുകളിലെ കോർഡിനേറ്റേഴ്സിന്റെ മീറ്റിംഗ് 13, 14, 15 തീയതികളിൽ എറണാകുളത്ത് വെച്ച് നടത്തപ്പെട്ടു. മാനന്തവാടി സോൺ ജീസസ് യൂത്ത് കോർഡിനേറ്റർ ഡോ. ഡിനു ആൻ ഡൊമിനിക് പങ്കെടുത്തു.

**കെയ്റോസ് ഗ്യാതറിംഗ്**

15-ാം തീയതി ഞായറാഴ്ച എറണാകുളത്ത് കളമശ്ശേരിയിൽ വെച്ച് നടത്തപ്പെട്ട ഓൾകേരള ജീസസ് യൂത്ത് കെയ്റോസ് ഗ്യാതറിഗിൽ സോണിൽ നിന്നും ഷിനു ജോൺ വടകര, ലിയാ മാത്യു വെളിയത്ത് എന്നിവർ പങ്കെടുത്തു.

**ബൈബിൾ പാരായണം**

ദ്വാരക സീയോൻ ഹാളിൽ വെച്ച് നടത്തപ്പെടുന്ന വിശുദ്ധ ഗ്രന്ഥ പാരായണത്തിനായി ജീസസ് യൂത്ത് കൂട്ടായ്മക്കായി 17-ാം തീയതി രാത്രി 10 മുതൽ 18 ന് രാവിലെ 5 മണി വരെ സമയം ലഭിച്ചിരുന്നു. ജീസസ് യൂത്തിലെ സഹോദരങ്ങൾ ബൈബിൾ പാരായണത്തിൽ പങ്കുചേർന്നു.

**നടക്കാനിരിക്കുന്ന വിവിധ പ്രോഗ്രാമുകൾ/ശുശ്രുഷകൾ**

**ലീഡേഴ്സ് ഗ്യാതറിംഗ്**

2020 ജനുവരി 10-ാം തീയതി ദ്വാരക സിയോൻ ചാപ്പലിൽ വെച്ച് നടത്തപ്പെടുന്നു.

**ഏകദിന യുവജന ശുശ്രുഷ**

ജനുവരി 11 രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ദ്വാരക സിയോൻ ചാപ്പലിൽ വച്ച് നടത്തപ്പെടുന്നു.

**യുവജന ധ്യാനം**

2020 മെയ് മാസത്തിൽ മാനന്തവാടി സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി ഒരു ധ്യാനം നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഫാ.ജെയ്മോൻ കളമ്പുക്കാട്ട്, ഫോൺ: 9947959977.

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

ഒരു വർഷംകൂടി നമ്മെ വിട്ടുപിരിയുകയാണ്. പോയവർഷം നമുക്ക് ഒട്ടേറെ സന്തോഷങ്ങളും സന്താപങ്ങളും തന്നിട്ടുണ്ട്. സന്തോഷങ്ങൾ നാം വേഗം മറന്നുപോകും. പക്ഷെ സന്താപങ്ങൾ- അഥവാ വേദനകൾ കുറെക്കാലം നമ്മുടെ മനസ്സിൽ തങ്ങിനിൽക്കും. നാം വേദനിപ്പിച്ചവരോട് നമുക്ക് ക്ഷമ ചോദിക്കുകയും, നമ്മെ വേദനിപ്പിച്ചവരോട് നമുക്ക് ക്ഷമിക്കുകയും ചെയ്യാം. ദൈവപുത്രനായ യേശു സ്വയം ശൂന്യവത്ക്കരിച്ച് സാധാരണക്കാരിൽ ഒരുവനായി ജനിച്ചതിലൂടെ മഹത്തായൊരു സന്ദേശം നമുക്ക് നൽകുന്നുണ്ട്- എളിമയുടെ മാർഗവും സന്ദേശവുമാണത്. ഇന്ന് ലോകം മത്സരത്തിന്റെ ലഹരിയിലാണ്. ഏതു രംഗത്തും മുന്നേറുവാൻ എന്തു മാർഗ്ഗവും സ്വീകരിക്കുന്ന നിലപാടുകളാണ് ഇന്ന് കൂടുതലായി നാം കാണുന്നത്. ഏതു മാർഗത്തിലൂടെയും ലക്ഷ്യത്തിലെത്തുവാൻ പരിശ്രമിക്കുമ്പോൾ നാം അറിഞ്ഞും അറിയാതെയും ചവിട്ടിതാഴ്ത്തുന്ന അപരന്റെ വേദന കാണാതെ പോകുന്നു. മറ്റുള്ളവരെ വേദനിപ്പിച്ച് നാം നേടിയതെന്നു കരുതുന്നവയൊന്നും നമുക്ക് ഇഹലോകത്തിൽപ്പോലും ശാശ്വതമായ സന്തോഷം നൽകുകയില്ല. ലൗകീക മോഹങ്ങൾ വെടിഞ്ഞ് ദൈവത്തിനുവേണ്ടി പ്രവർത്തിച്ച വിശുദ്ധരെ മാതൃകയാക്കി, ഓരോ വിൻസെൻഷ്യനും അവനവനായിരിക്കുന്ന അവസ്ഥയിൽ ദൈവഹിതത്തിനനുസരിച്ച് പ്രവർത്തിക്കുന്നവരാകണം. നമ്മുടെ സമയവും, സമ്പത്തുമെല്ലാം സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്നവർക്കായി പങ്കുവയ്ക്കുവാനുള്ള മനോഭാവം നാം വളർത്തിയെടുക്കണം. ഓരോ വിൻസെൻഷ്യനും തങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രകാശം പരത്തുന്ന ദീപങ്ങളാവണം. എല്ലാവർക്കും പുതുവത്സരാശംസകൾ.

**ഓസാനാംഭവൻ വാർഷികം**

സെൻറ് വിൻസെന്റ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ പ്രധാന പ്രവർത്തന മേഖലയായ ഓസാനാംഭവന്റെ 20-ാം വാർഷികം ആഘോഷിച്ചു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു.തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ് വാർഷികം ഉദ്ഘാടനം ചെയ്തു. കല്പ്പററ നിയോജക മണ്ഡലം എം.എൽ.എ.,

സി. കെ.ശശീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. ഓസാനാംഭവൻ പുതുതായി ആരംഭിക്കുന്ന വെബ്സൈറ്റിന്റെ ഉദ്ഘാടനം മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ് നിർവ്വഹിച്ചു. ഫാ. ബെന്നിമുതിരക്കാലായിൽ (മുൻ സി.സി. ആത്മീയ ഉപദേഷാടാവ്), ഫാ.അഗസ്റ്റിൻ പുത്തൻപുര (സി.സി.ആത്മീയ ഉപദേഷ്ടാവ്), ഫാ.ജോസഫ് ചിറ്റൂർ (മുൻ സി.സി.ആത്മീയ ഉപദേഷ്ടാവ്), സി.റോണ (സി.എം.സി. നടവയൽ പ്രോവിൻസ് കൗൺ സിലർ) സി.പ്രിമോസ (വിൻസെൻഷ്യൻസഭ പ്രതിനിധി), സി.ആനീസ് എബ്രഹാം എസ്.എച്ച്. (മുൻ അഡ്മിനി സ്ട്രേറ്റർ, അസംപ്ഷൻ ഹോസ്പിറ്റൽ ബത്തേരി) ജോണി പള്ളി ത്താഴത്ത് (വയനാട് ഓർഫനേജ് അസോസി യേഷൻ പ്രസിഡന്റ്), ബ്ര.തോമസ് മാങ്ങൻ, ബ്ര.ജോണി പാറ്റാനി, ഉണ്ണികൃഷ്ണൻ, ബ്ര.അഗസ്റ്റിൻ കൊടിയംക്കുന്നേൽ, ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി, ബ്ര. ബാബു നമ്പുടാകം എന്നിവർ പ്രസംഗിച്ചു. സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററിയിൽ 50-വർഷങ്ങളായി പ്രവർത്തിക്കുന്ന നടവയൽ കോൺഫ്രൻസിലെ അംഗങ്ങളായ ബ്ര.ദേവസ്യ കാടപ്പറമ്പിൽ, ബ്ര.ജോസഫ് കോച്ചേരി എന്നിവരെ ചടങ്ങിൽ ആദരിച്ചു.

**യുവജനസംഗമം - 2019**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെ യുവജന ങ്ങളുടെ സംഗമം ഓസാനാംഭവനിൽ നടന്നു. റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. ബ്ര.അഗസ്റ്റിൻ കൊടിയംക്കുന്നേൽ, ബ്ര.ഷിനു കടുപ്പിൽ, വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്ര.തോമസ് മാങ്ങൻ അധ്യക്ഷത വഹിച്ചു. ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ, ബ്ര.ബാബു നമ്പുടാകം എന്നിവർ ആശംസകളർപ്പിച്ചു.

ഓസാനാംഭവനിൽ പുതുതായി എത്തിയവർ-ഷിബു നെല്ലിക്ക ത്തറ (പൂതാടി, കേണിച്ചിറ), രാജു ചെമ്പത്തുവളപ്പിൽ (ചെറുകാട്ടൂർ), മാധവൻ (മേപ്പാടി). തിരികെപോയവർ-പൈലി ഉണ്ണിമാക്കൽ (കണിയാരം), ഷിബു നെല്ലിക്കത്തറ (പൂതാടി). ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടവർ-ബേബി തേനരിക്കൽ (പുൽപ്പള്ളി), ചാക്കോ വെള്ളാമററം (കല്ലുമുക്ക്), രാജു.

**കുറുമ്പാല എ.സി. പ്രവർത്തകസംഗമം**

കുറുമ്പാല എ.സി.തല പ്രവർത്തക സംഗമം പുതുശ്ശേരി പള്ളിയിൽ വച്ച് നടത്തി. റവ.ഫാ.ജോണി പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്ര. രാജു വലിയാറ അധ്യക്ഷത വഹിച്ചു. സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി, മുൻ സി.സി.പ്രസിഡന്റ് ബ്ര.ജോണി പാറ്റാനി, ബ്ര.കുര്യൻ

പാറേക്കാട്ടിൽ, തരിയോട് എ.സി. പ്രസിഡന്റ് സി.റോസമ്മ അയ്യ ങ്കുഴയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. സി.സി. പ്രോജക്ട് ഓഫീസർ ബ്ര. മത്തായി പുളിയിലക്കാട്ട് ക്ലാസ് നയിച്ചു. ബത്തേരി ഇടവകയിലെ വിൻസെൻഷ്യൻ സഹോദരി മാർ നൽകിയ സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തു.

**ട്രഷറർ പരിശീലന പരിപാടി**

മാനന്തവാടി സി.സി.മേഖലാതലങ്ങളിൽ ട്രഷറർമാർക്കായി നടത്തുന്ന പരിശീലന പരിപാടിയുടെ ഭാഗമായി ബത്തേരി അസംപ്ഷൻപള്ളി ഹാളിൽ പരിശീലനപരിപാടി സംഘടിപ്പിച്ചു. ഗൂഡല്ലൂർ, ബത്തേരി, പുൽപ്പള്ളി, പാടിച്ചിറ, നടവയൽ, വാഴവററ, കല്പ്പറ്റ എ.സി.കളിൽ നിന്നുള്ള കോൺഫ്രൻസ്, എ.സി. ഭാരവാഹികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു. അസംപ്ഷൻ പള്ളി അസി. വികാരി റവ.ഫാ. അനീഷ് ആലുങ്കൽ ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡൻറ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി.വൈസ് പ്രസിഡന്റ് ബ്ര.അഗസ്റ്റിൻ കൊടിയംക്കുന്നേൽ, ബത്തേരി എ.സി. പ്രസിഡന്റ് ബ്ര.ജോസ് മെഴുകനാൽ, സി.സി. ബോർഡ് മെമ്പർ ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ എന്നിവർ പ്രസംഗിച്ചു. സി.സി. ട്രഷറർ ബ്ര.എൻ.യു.ജോൺ, സി.സി.ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഓസാനാംഭവൻ സന്ദർശനം**

2020 ജനുവരി ഒന്നു മുതൽ 15 -വരെ ഓസാനാംഭവൻ സന്ദർശനം നടത്തേണ്ട കോൺഫ്രൻസുകൾ - കല്പ്പറ്റ എ.സി.യിൽപ്പെട്ട സെന്റ് ജൂഡ്-കല്പ്പറ്റ, സെന്റ് മേരീസ് കല്പ്പറ്റ, സെന്റ് മേരീസ് പുഴമുടി, സെന്റ് മേരീസ് വൈത്തിരി, സെന്റ് ക്ലാരറ്റ് ചാരിറ്റി, സെന്റ് മേരീസ് നെടുമ്പാല, സെന്റ് ജോസഫ്സ് റിപ്പൺ, സെന്റ് ജോൺ പോൾ തൃക്കൈപ്പറ്റ. ജനുവരി 16-30 വരെ തോണിച്ചാൽ എ.സി.യിൽപ്പെട്ട ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ, സെന്റ് അൽഫോൻസ ദ്വാരക, സെന്റ് ആന്റണി ദ്വാരക, സെന്റ് ജൂഡ് തോണിച്ചാൽ, സെന്റ് മേരീസ് തോണിച്ചാൽ, സെന്റ് തെരേസ കൊമ്മയാട്, സെന്റ് മേരീസ് കൊമ്മയാട്. ജനുവരി മാസത്തിൽ സന്ദർശനം നടത്തേണ്ടത് ബത്തേരി, ഗൂഡല്ലൂർ എ.സി. കളിൽപ്പെട്ട കോൺഫ്രൻസുകളാണ്.

പ്രാർത്ഥന ആശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

## നാടിനെ മനസിലാക്കുവാൻ നബാർഡ് ഉദ്യോഗസ്ഥർ വയനാട്ടിൽ

നാടിനെയും നാടിന്റെ ആവശ്യങ്ങളേയും നേരിട്ട് കണ്ടുമനസ്സിലാക്കുന്നതിന് നബാർഡിൽ പുതുതായി ജോലിയിൽ പ്രവേശിച്ച 25 ഉദ്യോഗസ്ഥർ ഒരു മാസത്തെ പഠനത്തിനായി വയനാട്ടിൽ എത്തി. പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് നബാർഡ് 6 മാസക്കാലം ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ വെച്ച് വിദഗ്ധ പരിശീലനം നൽകാറുണ്ട്. ഇതിൽ ഒരു മാസക്കാലം റൂറൽ ഇമ്മെർഷൻ പ്രോഗ്രാം ഗ്രാമീണ തലത്തിൽ നടത്തി വരുന്നു. ഇതിൽ ഉൾപ്പെടുത്തിയാണ് വയനാട്ടിൽ ടീം എത്തിചേർന്നിരിക്കുന്നത്. ദക്ഷിണേന്ത്യയിൽ വയനാട് മാത്രമാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. വയനാട്ടിലെ പഠനത്തിന് മാനന്തവാടി രൂപതയുടെ ഔദ്യോഗിക സമൂഹ്യവികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകുന്നു. കഴിഞ്ഞ 4 വർഷവും വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റിയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, ഡൽഹി, ബീഹാർ, ഹരിയാന, ഉത്തരഖണ്ഡ്, ഛത്തീസ്ഘണ്ഡ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണ്ണാടക, തമിഴ്നാട് എന്നീ 15 സംസ്ഥാനങ്ങളിൽ നിന്നുള്ള 25 ഉദ്യോഗസ്ഥർ ആണ് ടീമിൽ ഉള്ളത്. ടീം ജില്ലാ സഹകരണബാങ്ക്, എടവക ഗ്രാമപഞ്ചായത്ത്, സ്വാമിനാഥൻ റിസേർച് ഫൌണ്ടേഷൻ, ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി, ജില്ലാസഹകരണ ബാങ്ക്, തരിയോട് മിൽക്ക് സൊസൈറ്റി, അമ്പലവയൽ മിൽക്ക് സൊസൈറ്റി, സുൽത്താൻ ബത്തേരി മിൽക്ക് സൊസൈറ്റി, ശ്രേയസ് ബത്തേരി, ഗുരുകുല ബൊട്ടാണിക്കൽ ഗാർഡൻ, ബാണാസുര ഫ്ളോട്ടിംങ് സോളാർ പ്രൊജക്റ്റ്, ഗ്രീൻ ടീ പ്രൊഡ്യൂസർ കമ്പനി, തണൽ പ്രൊഡ്യൂസർ കമ്പനി, മെഡിസിനൽ പ്ലാന്റ്സ് കൺസർവേഷൻ ഗാർഡൻ ബോയ്സ് ടൗൺ, ബയോവിൻ അഗ്രോ റിസർച്ച്, ഉറവ് തൃക്കൈപ്പറ്റ, റോഡിയോ മാറ്റൊലി, പോർലോം വാട്ടർഷെഡ് പദ്ധതി, തവിഞ്ഞാൽ വാടി പദ്ധതി എന്നിവയിൽ സന്ദർശനം നടത്തി. കൂടാതെ മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ജില്ലാ കുടുംബശ്രീ മിഷൻ ഡയറക്ടർ നബാർഡ് ജില്ലാ മാനേജർ എന്നിവരുമായി സംവദിക്കുകയും ചെയ്തു. പഠനത്തിന് വയനാട് സോഷ്യൽ

സർവ്വീസ് സൊസൈറ്റി ഡയറക്ടർ റെവ.ഫാ.പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഒഫീസർ ജോസ്.പി.എ. എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ 30 സ്ഥലങ്ങളിലായി യൂണിറ്റ്തല യോഗങ്ങൾ ചേർന്നു. മനന്തവാടി, പുൽപള്ളി, കൽപറ്റ, എന്നീ റീജിയണുകളിൽ അതാത് ആനിമേറ്റർമാർ യോഗങ്ങൾക്ക് നേതൃത്വം നൽകി സ്വാശ്രയസംഘങ്ങൾക്ക് ഇ-ശക്തി പദ്ധതിയെ കുറിച്ച് അതാത് യൂണിറ്റ് തലയോഗത്തിൽ അനിമേറ്റർമാർ വിശദീകരിക്കുകയുണ്ടായി 600 ഗ്രൂപ്പുകളെയാണ് ഇ-ശക്തി പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യുന്നത്. അതിലേക്ക് ആവശ്യമായ വിവരശേഖരണം നടത്തിവരുന്നു.

ഇ-ശക്തി പദ്ധതിക്ക് നേതൃത്വം നൽകുന്ന 20 ആനിമേറ്റേഴ്സിനായി NABARD-ന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിശീലനം WSSS ഓഡിറ്റോറിയത്തിൽ വച്ച് 10-12-2019 ന് നടന്നു. ശ്രേയസിൽ നിന്നും 3 ആനിമേറ്റേഴ്സും പരിശീലനത്തിൽ പങ്കെടുത്തു. മാനന്തവാടി ജില്ലാ ജയിലിൽ അന്തേവാസികൾക്കായി സംരഭകത്വ പരിശീലനം നൽകി. അനിമേറ്റർ ഷീന ആന്റണി പരിശീലനത്തിന് നേതൃത്വം നൽകിവരുന്നു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**സ്വാവലംബൻ**

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ 2019-2020 ലെ അടയ്ക്കേണ്ടുന്ന തുക സ്വീകരിച്ചു തുടങ്ങി. 2019 ഡിസംബർ 31 വരെ തുക സ്വീകരിക്കുന്നതാണ്.

**ക്ഷേമപദ്ധതികൾ**

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുത്തവരുടെ 2019 ലെ അംശാദായം അടയ്ക്കൽ 80% പൂർത്തിയായി. 3 അംഗങ്ങൾ പെൻഷന് അപേക്ഷ സമർപ്പിച്ചു.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക്, സാമൂഹികസുരക്ഷാ പെൻഷൻ പൂർണ്ണനിരക്കിൽ ലഭ്യമാക്കണമെന്നത് സംബന്ധിച്ചു നിവേദനം സമർപ്പിച്ചിരുന്നതനുസരിച്ചു പുതിയ അപേക്ഷകൾക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപാ നിരക്കിൽ ലഭിക്കും.

നവംബർ 25, 26 തീയതിയിൽ സംസ്ഥാന തലത്തിൽ നടത്തിയ അച്ചന്മാരുടെ KLM ഓറിയന്റേഷൻ മീറ്റിംഗിൽ രൂപതയിൽ നിന്നും ഫാ.പോൾ കൂട്ടാല, ഫാ. ബാബു ചക്കിയത്ത്, ഫാ. ജെയിംസ് ചമ്പക്കര എന്നിവർ പങ്കെടുത്തു.

**നവജീവൻ**

കാലാവസ്ഥ വ്യതിയാനം മൂലം വരുംവർഷങ്ങളിലും പ്രളയവും ഉരുൾപൊട്ടലും വരൾച്ചയും ഉണ്ടാകും എന്ന് വിദഗ്ധർ വിലയിരുത്തിയിരുന്നു. ഈ ദുരന്തങ്ങളെ നേരിടുന്നതിനും, രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഫലപ്രദമാക്കുന്നതിനും കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലയിൽ എടവക, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകളിലെ 10 വർഡുകളിലാണ് WSSS ന്റെ നേതൃത്വത്തിൽ നവജീവൻ പദ്ധതി നടപ്പിലാക്കുന്നത്.

- പടിഞ്ഞാറത്തറ, എടവക എന്നീ ഗ്രാമ പഞ്ചായത്തുകൾ സന്ദർശിക്കുകകയും 7 വാർഡുകളിൽ ദുരന്ത ഭൂപടം നിർമ്മിക്കുകയും കഴിഞ്ഞ പ്രളയത്തിൽ വന്നുപോയ നാശനഷ്ടങ്ങൾ ജനപങ്കാളിത്തത്തോടെ വിലയിരുത്തുകയും ദുരന്ത നിവാരണ സേനക്ക് രൂപം കൊടുക്കുകയും ചെയ്തു.
- വാർഡ്തല ദുരന്തനിവാരണ മാനേജ്മെന്റ് കമ്മിറ്റി രൂപീകരണം എടവക പഞ്ചായത്തിലെ എള്ളുമന്ദം, ഒഴക്കോടി എന്നീ വാർഡുകളിൽ ഗ്രാമസഭകളിൽ പങ്കെടുക്കുകയും നവജീവൻ പദ്ധതിയെപ്പറ്റി സംസാരിക്കുകയും ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളുടെ ആവശ്യകത മനസിലാക്കുകയും ദുരന്ത നിവാരണ സേനയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**DDU-GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽ പരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിനുവേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന് ചേർന്ന് നടത്തിവരുന്ന DDU-GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ബോയ്സ് ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നു വരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രിഷ്യൻ, ബ്യൂട്ടീഷൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ

നടന്നുവരുന്നത് പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണത്തിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

കഴിഞ്ഞ മാസങ്ങളിലായി സംസ്ഥാന സർക്കാരിന്റെ മറ്റൊരു തൊഴിൽ പരിശീലന പരിപാടിയായ ASAP കോഴ്സിന്റെ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. കുട്ടികളിലെ കലാകായിക ഗുണങ്ങൾ വളത്തിയെടുക്കുവാൻ സ്പോർട്സ് അതുപോലെ എല്ലാ മാസങ്ങളിലും സാഹിത്യ സമാജം എന്ന നിലയിൽ കലാമത്സരങ്ങൾ നടത്തി വരുന്നു. ഇൻടസ്ട്രിയൽ ഇലക്ട്രിഷ്യൻ എന്ന കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ അവരുടെ OJT (ഓൺ ദി ജോബ് ട്രെയിനിങ്ങ്) നുവേണ്ടി കോഴിക്കോട്, വയനാട്, ബാംഗ്ലൂർ എന്നിവടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. അതുപോലെ അതുപോലെ തന്നെ വിവിധ കമ്പനികളുടെ ക്യാമ്പസ് സെലക്ഷൻസ് നടത്തുകയും വിദ്യാർത്ഥികൾക്ക് ജോലിയും നൽകിവരുന്നു. കുട്ടികളുടെ പഠനകാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാനായി അധ്യാപക രക്ഷാകർതൃയോഗം വിളിച്ചു ചേർക്കുകയും വിവിധ പഠന പരമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയിതു.

DDU - GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ വരുന്ന ഡിസംബർ മുതൽ എടുക്കാവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രിക്കൽ, ബ്യൂട്ടീഷൻ, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി നൽകുന്നു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്. തൊഴിൽ പരമായ പരിശീലനത്തിനു മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരുവിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്.

**ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

ജീവസ് ജീവകാരുണ്യ മെഡിക്കൽപദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ, പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ് രൂപതയിൽ 2030 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട് .

നാളിതുവരെ 392 ക്ലെയിം കമ്പനിക്ക് നൽകിട്ടുണ്ട്. 321 ക്ലെയിമുകൾ പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നുവരുന്നു. ഇതുവരെ 2166593 രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു. ജീവസിൽ ചേർന്നവരുടെ സംശയ നിവാരണത്തിന് WSSS ഓഫീസുമായി ബന്ധപ്പെടുക. Ph: 9400367560

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലിപ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ ഈ മാസം പ്രശാന്തഗിരി, എടയൂർക്കുന്ന്, മുതിരേരി, പോരൂർ, പുതുശ്ശേരി, നടവയൽ, കൽപ്പറ്റ, ആടിക്കൊല്ലി, പട്ടാണിക്കൂപ്പ്, മരകാവ് ഇടവകകളിൽ ഇടവകാതല മീറ്റിംഗുകൾ നടത്തി. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയണുകളിലായി 90 ഭവനങ്ങളിൽ അനിമേറ്റേഴ്സ് സന്ദർശനം നടത്തി അവരുടെ പുരോഗതി വിലയിരുത്തുകയും വേണ്ട നിർദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. റീജിണൽ മീറ്റിംഗുകൾ നടത്തി വാർഷികതല പ്ലാനിംഗ് നടത്തുന്നതിന് അംഗങ്ങൾക്ക് പരിശീലനം നൽകി. ഈ പദ്ധതിയിലെ പുതിയ അംഗങ്ങൾക്കായി സംരംഭകത്വ സെമിനാർ നടത്തി. അഡ്വക്കേറ്റ് ജോസഫ് ടി ജെ ക്ലാസ്സുകൾ നയിച്ചു. SAFP ഇന്ത്യ ഓഫീസിൽ നിന്ന് വന്ന ശ്രീ. ആൾട്ടോ ആന്റണി സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാമിനെ ഏവർക്കും പരിജയപ്പെടുത്തി. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ചേർക്കുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

ഉപഭോക്താക്കൾക്കു ഈ മാസം ലഭിച്ച ധനസഹായങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഭവന നിർമ്മാണം | - | 1000 (SAFP), 400000 (Goverment) |
| മൃഗ സംരക്ഷണം | - | 21500 (SAFP) |
| കൃഷി | - | 17500 (SAFP), 4000 (WSSS) |
| കോഴിവളർത്തൽ | - | 40000 (SAFP) |
| വീൽ ചെയർ | - | 20000 (WSSS) |
| പെൻഷൻ | - | 69600 (Government) |
| സ്ഥലം വാങ്ങുന്നതിന് | - | 250000 (Local), 11000 (SAFP) |

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

BIOWIN

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പ്രാദേശിക കാലാവസ്ഥാഭേദങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷിരീതികളെ ജൈവകൃഷി എന്ന് പറയാം.

മണ്ണിന്റെയും വിലയുടെയും ഉല്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകളായിരിക്കണം ജൈവകൃഷിയിൽ അനുവർത്തിക്കേണ്ടത്. നിലവിൽ 15643 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്, ഇവരിൽ തന്നെ 6649 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് പൂർത്തീകരിച്ച ജൈവ കൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. 2000 ത്തോളം കർഷകർ പുതുതായി പദ്ധതിയിൽ അംഗങ്ങളാകാൻ കഴിഞ്ഞ ഒരു വർഷമായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് ബയോവിന്റെ ഈ മേഖലയിലെ പ്രവർത്തന മികവിന് കിട്ടുന്ന അംഗീകാരം തന്നെയാണ്.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫ ¯1 ക്ലബ്ബുകളിൽ നടത്തുകയും തിരഞ്ഞെടുക്കപ്പെട്ട 200 ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ട്വരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 120 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**കഫേ എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ മാസം 10 -ാം തീയതി ബയോവിൻ അഗ്രോ റിസർച്ചിൽ വെച്ച് കഫേ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേരുകയുണ്ടായി. യോഗത്തിൽ ഒൻപതിൽ 7 അംഗങ്ങൾ പങ്കെടുത്തു.

**പ്രധാന യോഗതീരുമാനങ്ങൾ**

1. ഭവന പുനരുദ്ധാരണത്തിനായി തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകളിൽ എക്സിക്യൂട്ടീവ് മെമ്പർമാർ വിസിറ്റിംഗ് നടത്തിയതിന്റെ പശ്ചാത്തലത്തിൻ 3 അപേക്ഷകരെ പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിക്കുകയും 50000 രൂപ വീതം പണി പൂർത്തീകരിക്കുന്നതനുസരിച്ചു നൽകുവാനും മറ്റ് മൂന്ന് അപേക്ഷകളിൽ മേൽ അപേക്ഷകരുടെ വിഹിതം അറിഞ്ഞതിനു ശേഷം ചെയർമാന്റെ മേൽനോട്ടത്തിൽ തുക വകയിരുത്തി ഫെബ്രുവരി 20-ന് മുൻപായി പദ്ധതി നടപ്പിൽ വരുത്തുവാനും യോഗം തീരുമാനിച്ചു.

2. സംഘടന വഴിയായി നടപ്പിലാക്കുന്ന വള നിർമ്മാണ യൂണിറ്റിന്റെ detaild Project Report, എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. വിനീഷ് മാത്യു അംഗങ്ങളുടെ അറിവിലേക്കായി അവതരിപ്പിക്കുകയും അംഗങ്ങളുടെ അംഗീകാരത്തോടു കൂടി പദ്ധതിയുടെ ആരംഭ പ്രവർത്തികൾ തുടങ്ങുന്നതിനുള്ള അനുമതി നേടുകയും മെയ് മാസത്തോടെ ജൈവ വളം കർഷകർക്ക് വിതരണം ചെയ്യുന്ന രീതിയിൽ പദ്ധതി പൂർത്തികരിക്കേണ്ടതാണെന്ന് അറിയിക്കുകയും ചെയ്തു.

3. സംഘടനവഴി നടപ്പിൽ വരുത്തുന്ന മൈനോരിറ്റി ഗ്രൂപ്പ് ആക്ടിവിറ്റി സംഘടനയിലെ മൈനോരിറ്റി വിഭാഗത്തിൽപ്പെട്ടവരും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്കു കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഠനശാല നടത്തുവാൻ തീരുമാനിക്കുകയും ജനുവരി 30-ന് മുമ്പായി പദ്ധതി പൂർത്തീകരിക്കുവാൻ കോഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തു.

4. സംഘടയുടെ ബൈലോ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക വാർഷിക പൊതുയോഗം കൂടുവാനും നവംബർ 14, ഡിസംബർ 20 തിയതികളിലായി മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ വെച്ച് പ്രത്യേക പൊതുയോഗം കൂടുവാനും തീരുമാനിച്ചു.

**പരിശീലന പരിപാടികൾ**

2019 നവംബർ മാസം 29-ാം തിയതിയിൽ NAPP നെറ്റ്‌വർക്ക് ഓഫ് ഏഷ്യ പസഫിക്കിന്റെ നേതൃത്വത്തിൽ ബാംഗ്ലൂർ വെച്ച് സംഘടിപ്പിച്ച വർക്ക് ഷോപ്പിൽ റവ. ഫാ.ബിനു പൈനുങ്കൽ, ശ്രീ. ബിബിൻ ജോയ്, ശ്രീ. വിനീഷ് വണ്ടന്നൂർ, ശ്രീ. സെബാസ്റ്റ്യൻ പി.ജെ എന്നിവർ പങ്കെടുത്തു.

**ടാർപോളിൻ ഷീറ്റ് വിതരണം**

കർഷകർ ആവശ്യപ്പെട്ടതനുസരിച്ചു 24 X 25 സൈസ് ടാർപോളിൻ ഷീറ്റ് ഗുണമേന്മ ഉറപ്പുവരുത്തി മുംബൈ ആസ്ഥാനമായുള്ള കമ്പനിയിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്തു.

**സർട്ടിഫിക്കറ്റ് പുതുക്കൽ**

വോഫയുടെ ഫെയർട്രേഡ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കുന്നതിനായുള്ള ക്രമീകരണങ്ങൾ നടത്തുകയും 2021 വരെയുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തു.

**വോഫ പൊതുയോഗം**

വോഫയുടെ പ്രത്യേക പൊതുയോഗം 2019 ഡിസംബർ മാസം 3-ാം തീയതി ചേരുന്നതിനു തീരുമാനിക്കുകയും ആയതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉല്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 125 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**പിതാക്കൻമാരുടെ സന്ദർശനം**

മാനന്തവാടി രൂപതയുടെ സാമൂഹ്യവികസന പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് മലബാർമേഖലയിലെ ഏഴ് ബിഷപ്പുമാർ മാനന്തവാടിയിൽ സന്ദർശനം നടത്തിയതിന്റെ ഭാഗമായി റേഡിയോ മാറ്റൊലിയും സന്ദർശിച്ചു. തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട്, കണ്ണൂർ രൂപത ബിഷപ്പ് മാർ അലക്സ് ജോസഫ് വടക്കുംതല, കോട്ടയം രൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി, താമരശ്ശേരി രൂപത ബിഷപ്പ് മാർ റമിജിയൂസ് ഇഞ്ചനാനിയിൽ, തലശ്ശേരി രൂപത സഹായ മെത്രാൻ മാർ ജോസഫ് പാംബ്ലാനി, മാനന്തവാടി രൂപത അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം എന്നീ പിതാക്കന്മാരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

**ഹരിത മുദ്ര പുരസ്കാരം റേഡിയോ മാറ്റൊലിക്ക്**

സംസ്ഥാന കൃഷി വകുപ്പ് കാർഷികമേഖലയുടെയും കർഷകരുടേയും വികസനത്തിനുവേണ്ടി അവതരിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക പ്രോഗ്രാമുകൾക്ക് നൽകുന്ന ഹരിത മുദ്ര പുരസ്കാരം ശ്രാവ്യ മാധ്യമ വിഭാഗത്തിൽ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന ഞാറ്റുവേല പരിപാടിക്ക് ലഭിച്ചു. കൃഷിയുമായി ബന്ധപ്പെട്ട ആനുകാലിക വിഷയങ്ങൾ, കമ്പോള വില നിലവാരം, സമകാലികസംഭവങ്ങൾ ചിത്രീകരണരൂപത്തിലവതരിപ്പിക്കുന്ന ചായക്കട, കാലാവസ്ഥ എന്നിവയടങ്ങിയ പ്രോഗ്രാമാണ് ഞാറ്റുവേല. ഷാജു. പി.ജെയിംസ്, സ്മിത ജോൺസൺ എന്നിവരാണ് ഞാറ്റുവേല പരിപാടി തയ്യാറാക്കുന്നത്.

**ഡോ.ബി.ആർ അംബേദ്കർ മാധ്യമ അവാർഡ് തുടർച്ചയായി രണ്ടാം വർഷവും മാറ്റൊലിക്ക്**

റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്ത മുറവും മണിയും എന്ന പ്രക്ഷേപണ പരമ്പര പട്ടികജാതി വികസന വകുപ്പ് ഏർപ്പെടുത്തിയ 2019 വർഷത്തെ ഡോ.ബി.ആർ അംബേദ്കർ മാധ്യമ അവാർഡിന് അർഹമായി. ആദിവാസി ഗോത്ര വിഭാഗത്തിലെ പ്രതിഭകളെ കണ്ടെത്തി പരിചയപ്പെടുത്തിയ മുറവും മണിയും പരിപാടി അന്തർദേശീയ ആദിവാസി ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 1 മുതൽ 5

വരെ ആണ് റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തത്. 15,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. തുടർച്ചയായ രണ്ടാം വർഷമാണ് മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന തുടിചെത്തം പ്രോഗ്രാമിന് ഡോ.ബി.ആർ അംബേദ്കർ മാധ്യമ അവാർഡ് ലഭിക്കുന്നത്.

**വിമുക്തി**

റേഡിയോ മാറ്റൊലിയും മാനന്തവാടി എക്സൈസ് റേഞ്ച് ഓഫീസും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംയുക്തമായി വിമുക്തിയുടെ ആഭിമുഖ്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. നവംബർ 26 ന് പനമരം, നീർവ്വാരം, പയ്യമ്പള്ളി, ആറാട്ടുതറ, തലപ്പുഴ ചുങ്കം എന്നീ സ്കൂളുകളിലും തലപ്പുഴ, മാനന്ത വാടി എന്നീ ടൗണുകളിലും തെരുവുനാടകവും പ്രശ്നോത്തരിയും സംഘടിപ്പിച്ചു. കാട്ടിക്കുളം ഗവ.ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർഥി കളാണ് തെരുവുനാടകം അവതരിപ്പിച്ചത്.

വിമുക്തിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ബോധവത്കരണ പരിപാടിയുടെ രണ്ടാം ദിവസം നവംബർ 27 ന് ദ്വാരക ടൗണിൽ നിന്ന് ആരംഭിച്ചു. എടവക, തൊണ്ടർനാട്, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പരിപാടിയിൽ തോണിച്ചാൽ കാരുണ്യ നിവാസിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച തെരുവുനാടകവും ഉണ്ടായിരുന്നു. മാനന്തവാടി ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, തരുവണ, വെള്ളമുണ്ട സ്കൂളുകളിലും ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

**ദുരന്ത അതിജീവന പരിശീലന ശില്പശാല**

സാമൂഹിക റേഡിയോയുടെ ദുരന്ത നിവാരണ രംഗത്തെ പ്രസക്തി ഉൾക്കൊണ്ടുകൊണ്ട് യുനെസ്കോയും, ഐഡിയോ സിങ്ക് മീഡിയയും ചേർന്ന് സാമൂഹിക റേഡിയോകളെ എങ്ങിനെ ഉപയോഗിക്കാം എന്നതിൽ പരിശീലന പരിപാടി കൊല്ലത്ത് റേഡിയോ ബെൻസിഗറിൽ വെച്ചു നടത്തി. സാമൂഹിക റേഡിയോകളുടെ ദുരന്ത അതിജീവന ശേഷി വർദ്ധിപ്പിക്കുക, ദുരന്ത സമയത്തെ പ്രക്ഷേപണ മാനദണ്ഡങ്ങൾ തയ്യാറാക്കുക, ദുരന്ത സമയത്തെ പ്രക്ഷേപണത്തി നായി വിവിധ ശബ്ദ വിവരണങ്ങൾ മുൻകൂട്ടി തയ്യാറാക്കുക എന്നീ മേഖലകളിൽ ആണ് പരിശീലനം നൽകിയത്. നവംബർ 12 മുതൽ 16 വരെ നടന്ന പരിശീലനത്തിൽ കേരളത്തിലെ എല്ലാ സാമൂഹിക റേഡിയോകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. റേഡിയോ

മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം പ്രൊഡ്യൂസർ ജോസഫ് പള്ളത്ത്, ടെക്നിക്കൽ സ്റ്റാഫ് അജിൽ സാബു എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

**കാരുണ്യസ്പർശം**

റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന തത്സമയ ഫോൺ ഇൻ പരിപാടിയായ സല്ലാപത്തിലൂടെ കിടപ്പുരോഗിയായ ഏഴേനാൽ സ്വദേശി സന്തോഷ് തന്റെ നിസ്സഹായ അവസ്ഥ അവതരിപ്പിക്കുകയും ഒരു വാക്കർ ലഭിക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഇതേ തുടർന്ന് സുമനസ്സുകളായ മാറ്റൊലിയുടെ ശ്രോതാക്കൾ ഉടൻതന്നെ വാക്കർ വാങ്ങുവാനായി സാമ്പത്തികസഹായം വാഗ്ദാനം ചെയ്തു. തുടർന്ന് സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളിയുടെ നേതൃത്വത്തിൽ മാറ്റൊലി ജീവകാരുണ്യനിധിയിലുൾപ്പെടുത്തി വാക്കർ വാങ്ങി ശ്രീ സന്തോഷിനു നല്കി.

**താലോലം**

ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് വയനാട് അവതരിപ്പിക്കുന്ന ശൈശവ ആരോഗ്യ ബോധവത്കരണ പരിപാടി യാണ് താലോലം. നവംബർ 14 മുതൽ 20 വരെ പ്രക്ഷേപണം ചെയ്ത പരിപാടിയിൽ കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ 7 ഡോക്ടർമാരുടെ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്തു.

**പൂമ്പാറ്റകൾ പറക്കട്ടെ**

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും ശൈശവ വിവാഹം നിരുത്സാഹപ്പെടു ത്തുന്നതിനുമായി പൂമ്പാറ്റകൾ പറക്കട്ടെ എന്ന പേരിൽ ബോധവത് കരണപരിപാടി പ്രക്ഷേപണം ചെയ്തു.

**മഞ്ചാടിക്കൂട്ടം**

മഞ്ചാടിക്കൂട്ടം എന്ന പേരിൽ ശിശുദിന വാരാഘോഷം സംഘടിപ്പിച്ചു. കൊച്ചുകുട്ടികൾ അവതരിപ്പിച്ച വിവിധ പരിപാടികളും അറിയിപ്പുകളും തത്സമയ ഫോൺ ഇൻ പരിപാടികളും വാരാചരണത്തിന്റെ ഭാഗമായി പ്രക്ഷേപണം ചെയ്തു.

## Community Network Exchange Workshop

കർണാടകയിലെ തുംകൂർ, ആന്ധ്രയിലെ അനന്ത്പൂർ എന്നിവിടങ്ങളിൽ വെച്ച് Digital Empowerment Foundation (DEF) ഡിസംബർ 12 മുതൽ 15 വരെ സംഘടിപ്പിച്ച മൂന്നാമത് Community Network Exchange Workshop ൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ പങ്കെടുത്തു.

## Stakeholder Consultation Meeting

സാമൂഹിക റേഡിയോകളുടെ ദുരന്ത അതിജീവന ശേഷി വർദ്ധിപ്പിക്കുന്നതിനും ദുരന്ത സമയത്തെ പ്രക്ഷേപണത്തിനായി വിവിധ ശബ്ദ വിവരണങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി ഡിസംബർ 20 ന് തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**പങ്കാളിത്തം**

Centre for Public Policy Research, U S Consulate General Chennai and Kerala State Disaster Management Authority എന്നിവയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 22 മുതൽ 24 വരെ കോഴിക്കോട് വെച്ച് നടന്ന Disaster management workshop America with Kerala യിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി പങ്കെടുക്കുകയും Disaster communication -Role of media in CBDRM എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

CEMCA യുടെ ആഭിമുഖ്യത്തിൽ നവംബർ 1 ന് ചെന്നൈ തമിഴ്നാട് ഓപ്പൺ യൂണിവേഴ്സ്റ്റിയിൽ വെച്ച് നടന്ന Community radio tool for community development in India എന്ന ശില്പശാലയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

ദ്വാരക ഗുരുകുലം കോളേജിന്റെ രജതജൂബിലി സമാപന സമ്മേളനത്തിൽ വെച്ച് രജതജൂബിലി സ്മാരക സ്മരണിക സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി പ്രകാശനം ചെയ്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

പി.സി.ഓ.ഡി എന്ന വിഷയത്തിൽ ഒക്ടോബർ 22 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ദ്വാരക ആയുർവ്വേദ ആശുപത്രിയിലെ സ്ത്രീരോഗവിദഗ്ധയായ ഡോ.ശ്രുതി ഇ.ജെ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

കുടുംബശ്രീ നടപ്പിലാക്കുന്ന സ്നേഹിത കോളിംഗ് ബെൽ പദ്ധതിയേക്കുറിച്ച് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. നവംബർ 13 ന് ഉച്ചകഴിഞ്ഞ് 3.30 മുതൽ 4.30 വരെ നടത്തിയ പരിപാടിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി. സാജിത, സോഷ്യൽ ഡെവലപ്മെന്റ് പ്രോഗ്രാം മാനേജർ ബിജോയ് എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങളും പഠനവൈകല്യങ്ങളും എന്ന വിഷയത്തിൽ ഡിസംബർ 3 ന് തത്സമയ ഫോൺ ഇൻ പരിപാടി

സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി മീര ഇഖ്രാ ഹോസ്പിറ്റലിലെ ആയുർവേദിക് ചൈൽഡ് ഡെവലപ്മെന്റ് ക്ലിനിക്കിലെ ഡോ.തുഷാര സുരേഷ്കുമാർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**'കൊമ്മ' വീണ്ടും പുരസ്കാരനിറവിൽ**

കുട്ടനാട് ഫിലിം ഫെസ്റ്റിൽ ഹ്രസ്വ ചിത്ര വിഭാഗത്തിൽ 'കൊമ്മ' മികച്ച ഹ്രസ്വ ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. ചിത്രത്തിന്റെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**ഗ്രാമമാറ്റൊലി**

ഒക്ടോബർ 19 ന് വരയാൽ പ്രദേശത്തും 26 ന് കാട്ടിക്കുളം എടയൂർക്കുന്നിലും ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പ്രോഗ്രാം ഡയറക്ടർ ഫാ.ജസ്റ്റിൻ മാത്യുവിന്റേയും വിവിധ പ്രോഗ്രാം പ്രൊഡ്യൂസേഴ്സിന്റേയും നേതൃത്വത്തിൽ വിവിധ പരിപാടികൾ റെക്കോർഡ് ചെയ്തു.

**പ്രചോദനത്തിന്റെ മാലാഖമാർ**

ലോക പഞ്ചഗുസ്തി ചാമ്പ്യൻ ജോബി മാത്യു റേഡിയോ മാറ്റൊലി സന്ദർശിക്കുകയും പ്രചോദനത്തിന്റെ മാലാഖമാർ എന്ന പേരിൽ പ്രത്യേക അഭിമുഖം റെക്കോർഡ് ചെയ്യുകയും ചെയ്തു.

**പഠനസന്ദർശനം**

നോർവെ ആസ്ഥാനമായി റിസർച്ച് നടത്തുന്ന മൃദുല കോശി കേരളത്തിലെ പ്രളയത്തെക്കുറിച്ചും വയനാട് ജില്ലയെ പ്രളയം ഏതെല്ലാം വിധത്തിൽ ബാധിച്ചു എന്നതിനേക്കുറിച്ചും അതിനെ അതിജീവിക്കുന്നതിൽ മാറ്റൊലി വഹിച്ച പങ്കിനെക്കുറിച്ചും പഠിക്കുന്നതിന് സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളിയുമായി ചർച്ച നടത്തി.

വണ്ടൂർ സഹ്യ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി നവംബർ 16 ന് മാറ്റൊലി സന്ദർശിച്ചു.

മലപ്പുറം ചെമ്മാട് പ്രൊഫസേഴ്സ് കോളേജ് ജേർണലിസം വിദ്യാർത്ഥികൾ നവംബർ 19 ന് മാറ്റൊലി സന്ദർശിച്ചു.

പൂക്കോട് കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി യിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

കോതമംഗലം ശ്രീനാരായണഗുരു കോളേജ് ഓഫ് ആർട്സ് & സയൻസിലെ വിദ്യ ഗോപകുമാർ, സൂര്യ സുരേഷ് എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പിന് ചേർന്നു.

**ഫാ. മനോജ് കാക്കോനാൽ**

അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**ഇവാലുവേഷൻ മീറ്റിംഗ് ഡിസംബർ 2019**

14-12-2019 പത്ത് മണിക്ക് NDS ന്റെ പുതിയ ഓഫീസിൽ ഡിസംബർ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് നടത്തി. കൃത്യം 10.30 ന് ഈശ്വരപ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. കോഡിനേറ്റർ ശ്രീ. അനിൽ തോട്ടുങ്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് യൂണിറ്റ് പ്രതിനിധികൾ റിപ്പോർട്ട് അവതരിപ്പിച്ചു.

കയ്യൂന്നി യൂണിറ്റ് SHG അംഗങ്ങൾക്ക് സൗജന്യമായി പച്ചക്കറി വിത്തുകൾ നൽകുകയും ജൈവരീതിയിൽ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ നാടിന്റെ പൊതുവായ എല്ലാ പ്രവർത്തന മേഖലകളിലും തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കുകയും എല്ലാ മാസവും ഇവാലുവേഷൻ നടത്തുകയും മേഖലയുടെ പ്രവർത്തനങ്ങളുമായി നല്ല ബന്ധം പുലർത്തുകയും ചെയ്യുന്നു.

മണ്ണുവയൽ Kissan SHG ഓഹരി തുക 300 രൂപ ആയി കൂട്ടുവാൻ തീരുമാനിച്ചു. State Bank ലെ Account ക്ലോസ് ചെയ്ത് മണ്ണുവയൽ Co-Operative ബാങ്കിൽ അക്കൗണ്ട് തുടങ്ങുവാൻ തീരുമാനിച്ചു.

വിമലഗിരി ഗ്രൂപ്പ് ഈ മാസം ഷെയർ 54300 രൂപയും ലോൺ തിരിച്ചടവ് 65000 രൂപയും സർവ്വീസ് ചാർജ് 7300 രൂപയും സമാഹരിച്ചു. ചിട്ടികൾ കൃത്യമായി നടന്നു വരുന്നു.

കൽപ്രറ്റ യൂണിറ്റ് വിഷരഹിത പച്ചക്കറികൾ ഉണ്ടാക്കി വിതരണം നടത്തി വരുന്നു. റാണിമരിയ, മരിയ ഗ്രൂപ്പുകൾ രോഗീസന്ദർശനം നടത്തി. ആവേമരിയ, തേജസ് ഗ്രൂപ്പുകൾ ഒരു ക്യാൻസർ രോഗിക്ക് സഹായം ചെയ്തു. വർദ്ധിച്ച് വരുന്ന കുടുംബ ചിലവിനെ ആർഭാടങ്ങൾ ഒഴിവാക്കി നിയന്ത്രണത്തിലാക്കാൻ പറ്റുമെന്ന് മീറ്റിംഗിൽ പങ്കെടുത്ത അംഗങ്ങൾ അഭിപ്രായപ്പെട്ടു. 2 ചിട്ടികൾ യഥാക്രമം നടത്തി വരുന്നു. ധർമ്മഗിരി യൂണിറ്റിലെ എല്ലാ ഗ്രൂപ്പുകളും ഗ്രൂപ്പ് വാർഷികം

നടത്തി. ചിട്ടി, ഓണഫ്, ക്രിസ്തുമസ്സ് ഫണ്ട്, ദീപാവലി ഫണ്ട് എന്നിവ ഗ്രൂപ്പുകൾ നടത്തി വരുന്നു. വഴിയരികിലെ കാടുകൾ വെട്ടുക, പ്ലാസ്റ്റിക് നിർമ്മാർജനം എന്നീ പൊതുപ്രവർത്തനങ്ങളും, രോഗീസഹായം ചെയ്തു വരുകയും ചെയ്യുന്നു.

ബോസ്പാറ യൂണിറ്റ് ജൈവകൃഷിക്കാവശ്യമായ ജീവാമൃതം ഉണ്ടാക്കി അംഗങ്ങൾക്ക് വിതരണം നടത്തി.

**ഓർഗാനിക് കൂൺ കൃഷി പരിശീലനം**

ഇവാലുവേഷനോട് അനുബന്ധിച്ച് കൂൺ കൃഷിയുടെ ഒരു പരിശീലന ക്ലാസ്സ് നടത്തി. ഏറ്റവും ചിലവുകുറഞ്ഞ രീതിയിൽ ഓർഗാനിക്കായി കൂൺ നിർമ്മിച്ച് നൽകാൻ എങ്ങനെ സാധിക്കും എന്ന് Mr. ഉദയകുമാർ ക്ലാസ്സെടുക്കുകയും കൂൺകൃഷിയുടെ മോഡൽ ചെയ്ത് കാണിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഗൂഡല്ലൂർ കേന്ദ്രീകരിച്ച് ഒത്തിരി വിപണനസാധ്യതയുള്ള ഒരു കൃഷിയാണ് കൂൺ കൃഷി. 20 ദിവസംകൊണ്ട് വരുമാനം ഉണ്ടാക്കാവുന്ന ഏറ്റവും ചെലവുകുറഞ്ഞ കൃഷിയാണ് കൂൺ കൃഷി എന്ന് Mr. ഉദയകുമാർ തന്റെ അനുഭവസാക്ഷ്യത്തിലൂടെ പറഞ്ഞു. 30-ഓളം അംഗങ്ങൾ കൂൺകൃഷിയുടെ ക്ലാസ്സിൽ പങ്കെടുത്തു. പങ്കെടുത്തവർക്ക് നന്ദി പറഞ്ഞ് യോഗം അവസാനിപ്പിച്ചു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS Gudalur

# ജയിൽ മിനിസ്ട്രി

*"ബന്ധിതർക്ക് മോചനവും ... അവിടുന്ന് എന്നെ അയച്ചിരിക്കുന്നു"*

*(ലൂക്ക 4,18)*

യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ തടവറയിൽ ഏകാന്തജീവിതം നയിക്കുന്ന സഹോദരങ്ങളുടെയിടയിൽ സാഹോദര്യ ത്തിന്റെ സന്ദേശവുമായി കടന്നു ചെല്ലുന്നു. മാനന്തവാടി - വൈത്തിരി ജയിലുകളിൽ ആഴ്ചതോറും ഉള്ള കൗൺസിലിംഗിലൂടെ എസ്.എച്ച്, എഫ്.സി.സി. സിസ്റ്റേഴ്സ് അന്തേവാസികളെ കേൾക്കുകയും അവരെ ഉചിതമായ തീരുമാനം എടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. അതുപോലെ തടവറയിൽ കഴിയുന്നവർ പുറത്തിറങ്ങുമ്പോൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും നേരിടേണ്ടിവരുന്ന ഒറ്റപ്പെടുത്തലുകൾ ധൈര്യപൂർവ്വം അഭിമുഖീ കരിക്കുവാൻ മാനസികമായി അവരെ ഒരുക്കുന്നു. മനോഭാവങ്ങളിൽ മാറ്റം വരുത്തി തടവറയിൽനിന്ന് ഇറങ്ങുമ്പോൾ പുതിയ വ്യക്തികളാകാൻ അവരെ പ്രേരിപ്പിക്കുന്നു.

വൈത്തിരി സബ്ബ്ജയിലിൽ ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 15 ന് ലക്കിടി മൗണ്ട് സീനായി ആശ്രമത്തിലെ ബ്രദേഴ്സ് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു. പരിപാടികൾക്ക് നേതൃത്വം നൽകിയ ബഹു. സിബി പുളിക്കൽ സി.എം.ഐ അച്ചന് പ്രത്യേകം നന്ദി പറയുന്നു. തദവസരം അന്തേവാസികൾക്കും തങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കാനുള്ള വേദിയായി.

യേശുസാഹോദര്യകൂട്ടായ്മയോട് സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും ഏവർക്കും പുതുവത്സര ത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രെട്ടേണിറ്റി

**November - December 2019**

Department of Computer Science: conducted an orientation programme on "Software Development" for the final year UG & PG students. The Resource person was Mr Manikandan P, Future Labs Calicut. NET Coaching class was conducted from 05/11/2019 to 22/11/2019.

Dance Club: The club was inaugurated by the principal Dr Maria Martin Joseph, on 18/11/19. A one day dance workshop was conducted by the D16 dance studio, Kannur on the occassion.

The career guidance and placement cell organized a pre recruitment orientation programme and recruitment drive on 19/11/19. Goan Institute International Consociation of Education Pvt.Ltd (GICE), was the candidate seeker. 45 students participated of which 32 got shortlisted to the II round.

Department of Zoology: felicitate Mr Akhil Prakash E, alumnus & an explorer. He was one among the Indian Artic Expedition Team 2019. He shared his experiences and conducted a seminar on Marine Zoology.

The NCC Cadets who participated in the flood relief activities were appreciated by Mr Shaju N I, Thahasildar, Mananthavady, and distributed certificates of appreciation. An awareness session on Electors Verification Programme (EVP) was conducted by the Revenue Department at the college, on 19/11/19.

Mr Ashraf Associate Professor in Mathematics, Govt Eng. College, Mananthavady inaugurated the Mathematics Association on 20/11/19. A seminar on 'Discrete Time Marko Chain' was conducted.

Mr George Thomas, CBCSS Co-ordinator led a workshop for the

faculty and the first year students on 21/11/19. The workshop was on Revised Regulations of CBCSS in affiliated colleges of Kannur University- implemented with effect from 2019 .

'Shashtra jaalakam'- State Institute for Education & Technology (SIET) sponsored programme to build scientific temper among the high school students of Wayanad District, was hosted in the college. The three day programme (22nd to 24th Nov. 2019) was coordinated by Dr Sijo A K, (Asst. Professor in Physics). Sixty students from various schools of Wayanad District participated.

A condolence meeting was held by AICUF students on 22/11//19 in remembrance of Shehla Sherin student of Govt. Sarvajana School, Sultan Bathery.

Adharsh Raj (2nd year MCJ student, Central university of Tamil Nadu), an alumnus of the Department of English, conducted an orientation programme for the Third year BA Functional English students on the topic: "Higher studies in Central universities".

On 24/11/19, Aswin Prasad (2016-19) won commendation award for his Flood Relief Activities in 2018 as a NCC cadet. He received cash prize and certificate for the same.

Eleven of our students participated and won medals in the District Level Power Lifting Championship held at Kalpetta (24/11/19).

'World differently Abled Day' (3/12/19) was fruitfully spent with the children of 'Buds School', Kartikulam. The school is run by the Punchayath for differently abled children. Our college students conducted various cultural programmes, recreational activities, minor games and yoga demonstration was performed for them.

Our college men and women team won the Kannur University Intercollegiate table tennis championship held at 'MM Knowledge Arts and Science College', Karakkundu on 6th and 7th December, 2019.

Our college men team won the second runner up position in the Kannur University Intercollegiate Archery Championship held at 'KMM College', Kannur (9/12/19).

Sixty students from the Department of Zoology visited the science exhibition organized by the Dept. of Zoology, at Govt. Arts & Science College, Meenchanda, Calicut.

Third year BA (Functional English) students attended a two day National seminar on "Painted words and printed Images: Politics of visual culture in literature and Art". It was conducted by the Department of English, Govt. College, Mananthavady on 10$^{th}$ and 11$^{th}$ December, 2019.

The college conducted an essay competition on "Paristhithi Souhrudum - Susthira Vikasanam- Navakeralam ente Kazhchappadil" as instructed by the Higher Education Department (10/12/19).

Kannur University Union performed 'Kala jada' a cultural procession, in our campus on 13/12/19.

The Women Cell of the college organized a Workshop on Self-defense techniques in association with the Kerala Police, Kalpetta on 13/12/19.

**Dr Maria Martin Joseph**
Principal

# CEADOM വിദ്യാഭ്യാസ മേഖല

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള അധ്യാപകർക്കും, അനധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സിഡോം ഫാമിലിയുടെ സന്തോഷവും, പ്രാർത്ഥനാപൂർണ്ണവുമായ പുതുവത്സരാശംസകൾ നേരുന്നു. ഒരു പുതുവർഷവും കൂടി സമ്മാനമായി തന്ന നല്ല ദൈവത്തിന് മുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്ക് വ്യാപരിക്കാം. 2020 എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഒരു വർഷമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

**അധ്യയന മേഖല**

കഴിഞ്ഞ അധ്യയന വർഷത്തിലെ നമ്മുടെ പഠന-പാഠ്യേതര പ്രവർത്തന മേഖലകളെ വിലയിരുത്തി 2019-20 വർഷത്തെ വർഷാവസാന പരീക്ഷക്ക് ഒരുങ്ങാം. പ്രത്യേകിച്ച് എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷകൾക്ക് മികച്ച പരിശീലനങ്ങൾ നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്നുവെന്നത് അഭിനന്ദനീയമായ കാര്യമാണ്. കോർപ്പറേറ്റിലെ എല്ലാ ഹൈസ്ക്കൂളുകളിലും 10-ാം ക്ലാസിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് എസ്. എസ്. എൽ. സി. പരീക്ഷക്ക് മുന്നൊരുക്കമായി പഠനക്യാമ്പുകൾ നടക്കുന്നു. പ്ലസ് ടു പരീക്ഷക്ക് ഒരുക്കമായി നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളും സ്വാഗതാർഹമാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രധാനാധ്യാപകർക്കും, അധ്യാപകർക്കും, അനധ്യാപകർക്കും അഭിനന്ദനങ്ങൾ. നമ്മുടെ വിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് നാം ഉറപ്പാക്കണം. എല്ലാവർക്കും വിജയാശംസകൾ.

**മോറൽ സയൻസ്**

നമ്മുടെ വിദ്യാലയങ്ങളിലെ അച്ചടക്കത്തേയും, പഠന നിലവാരത്തെയും സ്വാധീനിക്കുന്ന ഒരു ഘടകമായി സന്മാർഗ്ഗപാഠ പഠനം മാറിയിട്ടുണ്ട്. നല്ല ഒരു തലമുറയെ വാർത്തെടുക്കുവാൻ നമ്മളാൽ കഴിയുന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തുവാൻ നമുക്ക് സാധിക്കട്ടെ. ഈ വർഷത്തെ സന്മാർഗ പാഠം പരീക്ഷ കെ.സി.ബി. സി. യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എല്ലായിടത്തും ജനുവരി 3 ന് നടക്കുകയാണ്. നമ്മുടെ കോർപ്പറേറ്റിലും തന്നിരിക്കുന്ന സമയക്രമം അനുസരിച്ച് അന്നേ ദിവസം പരീക്ഷ നടത്തുവാൻ വേണ്ട ക്രമീകരണം പ്രധാനാധ്യാപകർ നടത്തണം. 4, 7, 10 ക്ലാസുകളിൽ ആദ്യത്തെ മൂന്ന് സ്ഥാനം

നേടുന്ന വിദ്യാർത്ഥികൾക്ക് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ 2020 ഫെബ്രുവരി 1 ന് വിവിധ കേന്ദ്രങ്ങളിൽവെച്ച് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതും, സംസ്ഥാനതലത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും.

**വിദ്യാലയ സന്ദർശനം**

കോർപ്പറേറ്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ അധ്യാപകരുടെയും, അനധ്യാപകരുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പഠന-പാഠ്യേതര പ്രവർത്തനങ്ങൾ കാണുന്നതിനും ഭൗതീക സാഹചര്യങ്ങൾ മനസിലാക്കുന്നതിനും വേണ്ടി കോർപ്പറേറ്റ് മാനേജർ കോർപ്പറേറ്റിലെ എല്ലാ വിദ്യാലയങ്ങളും സന്ദർശിക്കുവാൻ ആരംഭിച്ചു. മാർച്ച് മാസത്തിന് മുൻപ് സന്ദർശനം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**HM പ്രമോഷൻ: അപേക്ഷകൾ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിലുള്ള വിദ്യാലയങ്ങളിലെ 2020 -21 അധ്യയന വർഷത്തേക്കുള്ള പ്രധാനാധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2020 ജനുവരി 10-ാം തീയതി മുതൽ ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും ഹെഡ്മാസ്റ്ററുടെയും അംഗീകാരത്തോട് കൂടി ടെസ്റ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2020 ഫെബ്രുവരി 29 ന് മുൻപായി ദ്വാരകയിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ഓഫീസിൽ എത്തിക്കുകയും CEADOM പോർട്ടലിൽ ഇതിന്റെ Soft Copy പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേർഡ് ചെയ്യുകയും വേണം. Hard Copy യും Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളു. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ട്രാൻസ്ഫർ - അപേക്ഷകൾ**

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അധ്യാപകർക്കും, അനധ്യാപകർക്കും 2020-21 അധ്യയന വർഷത്തേക്കുള്ള ട്രാൻസ്ഫർ അപേക്ഷ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2020 ജനുവരി 10-ാം തീയതി മുതൽ ലഭിക്കുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും ഹെഡ്മാസ്റ്ററുടെയും അംഗീകാരത്തോട് കൂടി 2020 ഫെബ്രുവരി 29 ന് മുൻപായി ദ്വാരകയിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

യുടെ ഓഫീസിൽ എത്തിക്കുകയും CEADOM പോർട്ടലിൽ ഇതിന്റെ Soft Copy പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേർഡ് ചെയ്യുകയും വേണം. Hard Copy യും Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളു. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സുൽത്താൻ ബത്തേരി അസംപ്ഷൻ യു. പി. സ്കൂൾ**

ഉപജില്ലാ മേളയിൽ ഉന്നത വിജയം: സുൽത്താൻ ബത്തേരി ഉപജില്ലാ ശാസ്ത്രോത്സവത്തിൽ ബത്തേരി അസംപ്ഷൻ യു.പി. സ്കൂൾ യു. പി. വിഭാഗത്തിലെ 5 വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും ഒരു വിഭാഗത്തിൽ രണ്ടാം സ്ഥാനവും നേടി. സാമൂഹ്യശാസ്ത്രം - ശാസ്ത്രം - ഐ. ടി. മേളകളിൽ ഒന്നാം സ്ഥാനവും ഗണിത ശാസ്ത്ര മേളയിൽ രണ്ടാം സ്ഥാനവും നേടി.

ഉപജില്ലാ കലോത്സവത്തിൽ യു. പി. വിഭാഗം സംസ്കൃതോത്സവത്തിൽ ഒന്നാം സ്ഥാനവും എൽ. പി. വിഭാഗം അറബി കലോത്സവത്തിൽ രണ്ടാം സ്ഥാനവും നേടി.

ജില്ലാ കലോത്സവം സംസ്കൃതോത്സവത്തിൽ ഒന്നാം സ്ഥാനം നേടി.

ഉപജില്ലാ കലോത്സവം: സുൽത്താൻ ബത്തേരി ഉപജില്ല കലോത്സവം അസംപ്ഷൻ സ്കൂളിൽ വെച്ച് ഒക്ടോബർ 25, 26, 29, 30, 31 തീയതികളിൽ നടന്നു.

**ശിശുദിനം:** സമുചിതമായി ആഘോഷിച്ചു. ശ്രീ. ഹാരിസ് നെന്മേനി മുഖ്യാതിഥിയായിരുന്നു. മാനേജർ റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ. പി. ടി. എ. പ്രസിഡന്റ് റ്റിജി ചെറുതോട്ടിൽ എന്നിവർ സന്ദേശം നൽകി. കുട്ടികളുടെ പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ചു. വിവിധ മത്സരങ്ങൾ, മധുര വിതരണം എന്നിവ സംഘടിപ്പിച്ചു.

**7 -ാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ക്യാമ്പ്:** 7-ാം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കും രണ്ട് ദിവസത്തെ ജീവിത ദർശന ക്യാമ്പ് നടത്തുന്നതിന്റെ ഭാഗമായി 7 എ യിലെ കുട്ടികൾക്ക് ദ്വിദിന ക്യാംപ് നടത്തി. ബാക്കി കുട്ടികൾക്ക് തുടർന്ന് ക്യാമ്പ് നടത്തും.

**പക്ഷിനിരീക്ഷണം:** സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റേയും വനം വകുപ്പിന്റെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പക്ഷി നിരീക്ഷണം നടത്തി. തൊവരിമല ഫോറസ്റ്റ് ഡിവിഷനിലാണ് നിരീക്ഷണം നടത്തിയത്.

**കൗൺസലിംഗ്:** കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തി.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**January 2020**

| | | |
|---|---|---|
| 01 | - | CML, Catechism |
| 02 | - | CML |
| 04 | - | Zion Convention |
| 10 -11 | - | Department of Youth Ministry |
| 10 -13 | - | MPC |
| 16 - 19 | - | Zion Retreat |
| 25 | - | CML, KCYM |
| 26 - 29 | - | MPC |
| 31 | - | CML |

**February 2020**

| | | |
|---|---|---|
| 07 - 08 | - | Department of Youth Ministry |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



## January

| | |
|---|---|
| *01 Wednesday .........* | *Chennalode: Ordination - Dn Vipin Kalapurackal, Dn Akhil Kunnath, Dn Jithin Edachilath and Dn Sebastian Puthukkattil CST* |
| *02 Thursday ...........* | *Malome - Ordination: Dn Manu Njondimackal* |
| *03 Friday................* | *Kayyunny: School Anniversary* |
| *04 Saturday.............* | *Thariode: Ordination: Dn Jiffin Muttappally*<br>***Afternoon*** *- Kottathara - Ordination: Dn Jofin Mulakodiyankal* |
| *05- Sun - 16 Thu......* | *Syro-Malabar Bishops' Synod* |
| *17 Friday ................* | *Engaged* |
| *18 Saturday .............* | *Payyampally - Ordination: Dn Athul Ulloppillil SJ* |
| *19 Sunday ...............* | *Kenichira - Conclusion of Parish Jubilee* |
| *20 Monday ..............* | *Visitors' day* |
| *21 Tuesday .............* | *Out of Station* |
| *22 Wednesday ........* | *Thavinjal: Laying of Foundation Stone for New Church* |
| *23 Thursday ...........* | *Poroor - Ordination: Dn Arun Madathiparambil, Dn Arun Nattalil OFM* |
| *24 Friday ...............* | *Out of station* |

*25 Saturday.............. Engaged*

*26 Sunday .............. Adakkathode: Pastoral Visit*

*27 Monday ............. Ambalavayal - Ordination: Dn Jerry Varakukalaputhenpura SDB*

*29 Wednesday ......... Visitors' Day*

*30 Thu - 31 Fri......... Out of Station*

***February 2020***

*1 Saturday .............. Out of Station*

*2 Sunday ................ Poolappadam: Conclusion of Parish Jubilee*

*3 Monday ............... Manimooly: Joint Curia Meeting*

*4 Tuesday ................ Out of Station*

*6 Thursday .............. Consultors' Meeting*

*7 Friday ................. Out of Station*

*9 Sunday ................ Puthusserikkadavu: Conclusion of Parish Jubilee*

*10 Monday ............. Visitors' Day*

*11 Tuesday ............. Thonichal: Final Profession - SKD Sisters*

*12 Wed - 20 Thur ..... CBCI Meeting*

*21 Fri - 29 Sat ......... Out of Station*

• • • • • •